1

വാല്യം 121

താനൂർ ബ്ലോക്ക്
(മലപ്പുറം ജില്ല)

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

അധികാരം ജനങ്ങളിലേക്ക്

# ജനകീയാ...
## സമഗ്ര വികസന റിപ്പോർട്ട്



# ചെറിയമുണ്ടം
# ഗ്രാമ പഞ്ചായത്ത്

2

# ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്





'ഈരാജ്യത്തിലെ ദരിദ്രരിൽ വെച്ച് ദരിദ്രരായവർക്കു പോലും ഇത് തങ്ങളുടെ രാജ്യമാണെന്ന് തോന്നുകയും, അത് കെട്ടിപ്പടുക്കുന്നതിൽ അവർക്ക് ഫലപ്രദമായ ഒരു പങ്ക് ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരിന്ത്യക്കുവേണ്ടി, ജനങ്ങളിൽ ഉയർന്ന തരക്കാരോ താഴ്ന്ന തരക്കാരോ ഇല്ലാത്ത ഒരിന്ത്യക്കു വേണ്ടി, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ ജീവിക്കുന്ന ഒരിന്ത്യക്കു വേണ്ടി ഞാൻ പ്രവർത്തിക്കും......... അത്തരം ഒരിന്ത്യയിൽ തൊട്ടുകൂടായ്മയുടെ ശാപത്തിന് സ്ഥാനമുണ്ടായിരിക്കയില്ല............. പുരുഷൻമാരെ പോലെ തന്നെ സ്ത്രീകൾക്കും തുല്യ അവകാശങ്ങളുണ്ടായിരിക്കും............ ഇതാണ് എന്റെ സ്വപ്നത്തിലെ ഇന്ത്യ.

-മഹാത്മാ ഗാന്ധി-

# ആമുഖം

മഹത്തായ നമ്മുടെ രാജ്യം 49-ാം സ്വാതന്ത്ര്യ ദിനവും ആഘോഷിച്ചു കഴിഞ്ഞു. സൂര്യനസ്ത മിക്കാത്തതെന്ന് വിശേഷിപ്പിക്കപ്പെട്ട ബ്രിട്ടീഷ് സാമ്രാജ്യത്തോട് ദീർഘകാലം സമരം ചെയ്ത് നമ്മുടെ നേതാക്കന്മാർ നേടിയെടുത്ത സ്വാതന്ത്ര്യം ജനകീയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിനായി ഉപയോഗപ്പെടുത്തിയില്ല. തെരഞ്ഞെടുപ്പ് എന്ന ഔപചാരികമായ പ്രക്രിയ അഭംഗുരം തുടർന്നതിലൂടെ ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം എന്ന് നമ്മുടെ രാജ്യം അറിയപ്പെട്ടുപക്ഷെ ഭരണ രംഗത്തും വികസന രംഗത്തും ജനസാമാന്യത്തിന്റെ നേതൃത്വമോ പങ്കാളിത്തമോ ഉറപ്പു വരുത്തിയില്ല എന്നത് രാജ്യത്തിന്റെ സമഗ്ര വികസനത്തിന് തടസ്സമായ മുഖ്യ ഘടകങ്ങളാണ്.

1951-ൽ ഒന്നാം പഞ്ചവത്സര പദ്ധതി ആരംഭിച്ചതോടെ നാം ആസൂത്രിത വികസന പ്രക്രിയക്ക് തുടക്കം കുറിച്ചു. പക്ഷെ സമൂഹത്തിന്റെ അടിത്തട്ടിൽ ചലനങ്ങളുണ്ടാക്കാൻ ഈ കേന്ദ്രീകൃതാസൂത്രണ പ്രക്രിയക്ക് കഴിയാതെ പോയി.വികസനത്തെപ്പറ്റിയുള്ള നമ്മുടെ സങ്കല്പം മാറിയേ തീരൂ. വികസന പരിപാടികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സാധരണക്കാരായ ജനങ്ങൾക്ക് പങ്കാളിത്തമുണ്ടാവണം. ആസൂത്രണത്തിന്റെ പടവുകൾ അടിയിൽ നിന്ന് മുകളിലേക്കാവണം. ഭക്ഷണം, വസ്ത്രം, കുടിവെള്ളം , പാർപ്പിടം, തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾക്ക് മുൻഗണന ലഭിക്കണം.

9-ാം പദ്ധതി ജനകീയപദ്ധതിയാക്കി മാറ്റാൻ കേരളസർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. അധികാരം മാത്രമല്ല സമ്പത്തും മേൽത്തട്ടിൽ നിന്ന് അടിത്തട്ടിലേക്ക് കൈമാറാൻ തീരുമാനിച്ചിരിക്കുന്നു.

ഗ്രാമങ്ങളുടെ മുഖഛായ മാറ്റാനും ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും ഈ തീരുമാനം സഹായകരമാണ്. ഗ്രാമസഭകളിലുണ്ടായ ജന പങ്കാളിത്തം, ആസൂത്രണ പ്രക്രിയയിൽ വരാനിരിക്കുന്ന പുത്തൻ പ്രവണതയുടെ സൂചനയാണ്.

ഏത് പ്രവർത്തനവും ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിക്കാൻ കഴിവുള്ള ജനശക്തി ചെറിയമുണ്ടം പഞ്ചായത്തിലുണ്ട്. ജനകീയാസൂത്രണവും, നിർവ്വഹണവും യാഥാർത്ഥ്യമാക്കാനുള്ള യജ്ഞത്തിൽ നാം ഓരോരുത്തരും പങ്കു ചേരുമെന്ന് ദൃഢ പ്രതിജ്ഞയെടുത്തു കൊണ്ട് നമുക്ക് മുന്നേറാം.

## എഡിറ്റർ

ശ്രീ. സി. ഭാസ്കരൻ മാസ്റ്റർ

## എഡിറ്റോറിയൽ സ്റ്റാഫ്

ശ്രീ. കെ. സുകുമാരൻ
ശ്രീ. എം. രാവുണ്ണിക്കുട്ടി നായർ
ശ്രീ. കെ. മുഹമ്മദ്
ശ്രീ. പി.പി. മൂസക്കുട്ടി
ശ്രീ. സി. മുഹമ്മദ് കുട്ടി
ശ്രീ. സി.പി. ഗോവിന്ദൻ കുട്ടി
ശ്രീ. വി.പി. നാരായണൻ
ശ്രീ. പി.എച്ച്. ഹൈദർ
ശ്രീ. സി.പി. ഗോവിന്ദൻ
ശ്രീ. സി.ടി. ഹുസൈൻ
ശ്രീ. എം. അബ്ദുസമദ്
ശ്രീ. വി.പി. മുഹമ്മദ് ഇസ്മായിൽ
ശ്രീമതി. പി. നഫീസാ ബീവി

# ഉള്ളടക്കം


| | |
|---|---|
| I | ആമുഖം |
| II | പഞ്ചായത്ത് മുൻ ഭരണ സാരഥികൾ |
| III | പഞ്ചായത്ത്പൊതുവിവരണം |
| IV | സാമൂഹിക-സാംസ്കാരിക ചരിത്രം |
| V | ഭൂപ്രകൃതി- ജനപ്രകൃതി-ജലപ്രകൃതി |
| VI | സാമൂഹിക- സാമ്പത്തിക മേഖലകൾ |
| (i) | കൃഷിയും ജലസേചനവും |
| (ii) | മൃഗസംരക്ഷണവും മത്സ്യബന്ധനവും |
| (iii) | വ്യവസായം |
| (iv) | വിദ്യാഭ്യാസം |
| (v) | കുടിവെള്ളവും പൊതുജനാരോഗ്യവും |
| (vi) | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് |
| (vii) | പാർപ്പിടവും സാമൂഹ്യ ക്ഷേമവും |
| (viii) | സംസ്കാരം |
| (ix) | വനിതാക്ഷേമം |
| (x) | സഹകരണം |
| (xi) | പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം |
| (xii) | വിഭവസമാഹരണം |
| VII | ഉപസംഹാരം |

# പഞ്ചായത്ത് മുൻ ഭരണ സാരഥികൾ

**5-12-1955-ൽ പഞ്ചായത്ത് നിലവിൽ വന്നു**

| | | |
|---|---|---|
| സർവ്വശ്രീ | : പി.ടി. കുഞ്ഞിമുഹമ്മദ് | (പ്രസിഡന്റ്) |
| | : കെ. അസൈനാർകുട്ടി | (വൈസ് പ്രസിഡന്റ്) |
| | : എ.പി. മുഹമ്മദ് | (മെമ്പർ) |
| | : പി.പി. കുഞ്ഞി മുഹമ്മദ് | (മെമ്പർ) |
| | : പി.വി. ആലസ്സൻ കുട്ടി | (മെമ്പർ) |
| | ; പി. മുഹമ്മദ് | (മെമ്പർ) |
| | : കെ. അബ്ദു റഹിമാൻ കുട്ടി | (മെമ്പർ) |
| | ; കെ. കുഞ്ഞഹമ്മദ് | (മെമ്പർ) |
| | ; കെ.പി. കുഞ്ഞീതു | (മെമ്പർ) |

**1-1-1964**

| | | |
|---|---|---|
| സർവ്വശ്രീ | : പി.ടി. കുഞ്ഞിമുഹമ്മദ് | (പ്രസിഡന്റ്) |
| | : ഇ. ബാവ ഹാജി | (വൈസ് പ്രസിഡന്റ്) |
| | : പി.ടി. സെയ്താലു | (മെമ്പർ) |
| | ; എ.പി. ഉസ്സൻകുട്ടി | (മെമ്പർ) |
| | : എം. മമ്മി | (മെമ്പർ) |
| | : പി.വി. മുഹമ്മദ് | (മെമ്പർ) |
| | : പി.പി. മുഹമ്മദ് ഹാജി | (മെമ്പർ) |
| ശ്രീമതി | : എ.കെ. കുഞ്ഞിപ്പാത്തുമ്മ | (മെമ്പർ) |

**28-9-1979**

| | | |
|---|---|---|
| സർവ്വശ്രീ | : പി.ടി. കുഞ്ഞിമുഹമ്മദ് | പ്രസിഡന്റ്) |
| | : പി.പി. മമ്മി ഹാജി | (വൈസ് പ്രസിഡന്റ്) |
| | : പി. കുഞ്ഞിമുഹമ്മദ് | (മെമ്പർ) |
| | : എം.പി.മുഹമ്മദ് എന്ന കുഞ്ഞിപ്പ | (മെമ്പർ) |
| | : പി.മുഹമ്മദ് | (മെമ്പർ) |
| | : കെ.എം. മുഹമ്മദ് എന്ന ബാപ്പു ഹാജി | (മെമ്പർ) |
| | : സി.എച്ച്. ബീരാൻ | (മെമ്പർ) |
| | : എൻ.വി. സാമിക്കുട്ടി മാസ്റ്റർ | (മെമ്പർ) |
| ശ്രീമതി | : എ.കെ. കുഞ്ഞിപ്പാത്തുമ്മ | (മെമ്പർ) |

**6-2-1988**

| | | |
|---|---|---|
| സർവ്വശ്രീ | : പി.ടി. കുഞ്ഞഹമ്മദ് കുട്ടി | (പ്രസിഡന്റ്) |
| | : സി.എച്ച്. ബീരാൻ | (വൈസ് പ്രസിഡന്റ്) |
| | : പി. കുഞ്ഞി മുഹമ്മദ് | (മെമ്പർ) |
| | : പി. സെയ്താലി | (മെമ്പർ) |
| | : എൻ. ആമിന | (മെമ്പർ) |
| | : പി.എച്ച് കോയക്കുട്ടി | (മെമ്പർ) |
| | : സി. ബീരാലിക്കുട്ടി എന്ന ബാപ്പു | (വൈസ്പ്രസിഡന്റ്) (Late) |
| | : പി. ഭാസ്കരൻ | (മെമ്പർ) |
| | : കെ.സെയ്തു | (മെമ്പർ) |
| ശ്രീമതി | : കെ. പാത്തുമ്മക്കുട്ടി | (മെമ്പർ) |

# പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : ചെറിയമുണ്ടം |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : ചെറിയമുണ്ടം, പൊൻമുണ്ടം |
| താലൂക്ക് | : തിരൂർ |
| ജില്ല | : മലപ്പുറം |
| അസംബ്ലി മണ്ഡലം | : കുറ്റിപ്പുറം |
| ലോകസഭാമണ്ഡലം | : പൊന്നാനി |
| വിസ്തീർണ്ണം | : 11.95. സ്ക്വയർ കി.മീ |
| അതിരുകൾ | : വടക്ക് പൊൻമുണ്ടം, താനാളൂർ പഞ്ചായത്തുകൾ |
| | : തെക്ക് തലക്കാട് പഞ്ചായത്ത് |
| | : പടിഞ്ഞാറ് തിരൂർ മുനിസിപ്പാലിറ്റി |
| | : കിഴക്ക് വളവന്നൂർ പഞ്ചായത്ത് |
| ജനസംഖ്യ | : 25,760 |
| വാർഡുകളുടെ എണ്ണം | : 11 |
| പഞ്ചായത്ത് പ്രസിഡന്റ് | : ശ്രീമതി എം. കുഞ്ഞിപ്പാത്തുട്ടി |
| പഞ്ചായത്ത് വൈസ് പ്രസിഡന്റ് | : ശ്രീ. എം.ടി. കുഞ്ഞിമൊയ്തീൻ കുട്ടിഹാജി |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : ശ്രീ. എം. കമ്മുക്കുട്ടി |
| പഞ്ചായത്ത് അംഗങ്ങൾ | : ശ്രീ. പി. അവറാൻ ഹാജി |
| | : ശ്രീമതി. സി.കെ. റസിയ |
| | : ശ്രീ. പി. സെയ്താലി |
| | : ശ്രീമതി. സി.ടി. കുഞ്ഞായിഷ |
| | : ശ്രീ. എൻ.വി. ഉണ്ണികൃഷ്ണൻ |
| | : ശ്രീമതി എൻ. ലക്ഷ്മിക്കുട്ടിയമ്മ |
| | : ശ്രീ. കെ. സെയ്തു ഹാജി |
| പഞ്ചായത്ത് സെക്രട്ടറി | : ശ്രീ. വി.പി. മുഹമ്മദ് ഇസ്മയിൽ |

(പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ് ശ്രീ. ഇ. അലവിക്കുട്ടി ഹാജിയുടെ നിര്യാണത്തെ തുടർന്ന് 6-ാംവാർഡ് സീറ്റ് ഒഴിഞ്ഞു കിടക്കുന്നു.)

# സാമൂഹിക സാംസ്കാരിക ചരിത്രം

ഏതൊരു ദേശത്തിനും സമൂഹത്തിനും ഉള്ളതു പോലെ തന്നെ സമ്പന്നവും ഉൽകൃഷ്ട വുമായ ചരിത്രത്തിന്റെ ഉടമകളാണ് ചെറിയമുണ്ടം പഞ്ചായത്തുകാർ. വെട്ടത്തു രാജവംശത്തിൽ നിന്നും തുടങ്ങി മലപ്പുറം ജില്ലയുടെ രൂപീകരണം വരെയുള്ള കാലഘട്ടത്തിനിടയ്ക്ക് നിരവധി ചരിത്രസംഭവങ്ങൾക്ക് ഈ പഞ്ചായത്ത് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

പെരുമാക്കൻമാരുടെ ഭരണ കാലഘട്ടത്തിനു ശേഷം വെട്ടത്ത് രാജാവിന്റെ അധീനതയിലുള്ള നാൽപ്പത് ദേശങ്ങളിൽ പെട്ടതായിരുന്നു ഇരിങ്ങാവൂർ-ചെറിയമുണ്ടം അംശങ്ങൾ. വെട്ടത്ത് രാജവംശത്തിന്റെ ശിഥിലീകരണത്തെ തുടർന്ന് പ്രസ്തുത അംശങ്ങൾ സാമൂതിരിയുടെ ഭരണത്തിൻ കീഴിലായി. പിന്നീട് മദ്രാസ് സംസ്ഥാനത്തിലെ മലബാർ ജില്ലയുടെ ഭാഗമായി മാറി. ഈ പ്രദേശങ്ങൾ 1956-ൽ ഐക്യകേരളം രൂപം കൊണ്ടതിനു ശേഷം ഇരിങ്ങാവൂർ-ചെറിയമുണ്ടം അംശങ്ങൾ കോഴിക്കോട് ജില്ലയുടെ ഭാഗമായി. തുടർന്ന് ആദ്യം മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിന്റെയും പിന്നീട് തിരൂർ താലൂക്കിന്റെയും ഭാഗമായിത്തീർന്നു.

പ്രസിദ്ധമായ നാൽപ്പത്തിമൂന്ന് ഇല്ലങ്ങളുടെ സാമുച്ചയമായിരുന്നു ഇന്നത്തെ ചെറിയമുണ്ടം-ഇരിങ്ങാവൂർ അംശങ്ങൾ. ഒരുപുലാശ്ശേരി മന, തൃക്കണ്ടിയൂർ ദേവസ്വം ട്രസ്റ്റി, കോഴിക്കോട് മാനവിക്രമ സാമൂതിരി മഹാരാജാവ്, കോട്ടിൽ നമ്പിടി, പെരുന്തര് കോവിൽ ദേവസ്വം ട്രസ്റ്റി, പടിഞ്ഞാറ്റകത്ത് നാരായണൻ മൂസ്സത്, എട്ടുവീട്ടിൽ കോമുക്കുട്ടി, വള്ളത്തോൾ ഗോപാലമേനോൻ, പുതുകൈയ്യിൽ പതുമാളിയേക്കൽ അഹമ്മദ്, തുടങ്ങിയവർ ഇരിങ്ങാവൂർ-ചെറിയമുണ്ടം അംശത്തിലെ ജന്മികൾ ആയിരുന്നു. ഇവരുടെ കീഴിലായിരുന്നു കർഷകരും കർഷക തൊഴിലാളികളും പാട്ടം കൊടുത്ത് ജീവിച്ചിരുന്നത്. 1957-ൽ ഭൂപരിഷ്കരണബിൽ നിയമസഭയിൽ അവതരിപ്പിച്ചതോടു

കൂടി കുടിയിറക്ക് നിർത്തി വെയ്ക്കുകയും,1970-ൽ ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ കൃഷി ഭൂമി കർഷകനെന്ന സ്വപ്നം ഒരു ചരിത്രയാഥാർത്ഥ്യമാവുകയും ഇവിടുത്തെ കർഷകർക്ക് കൃഷിഭൂമി സ്വന്തമാവുകയും ചെയ്തു. 1850-ൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് പറമ്പാട്ട് (പാട്ടത്തിൽ) തറവാട്ടുകാർ വിട്ടുകൊടുത്ത ബംഗ്ലാവിൻ കുന്നിലെ സ്ഥലത്ത് തുക്കിടി സായിപ്പിനു വേണ്ടി നിർമ്മിച്ച അൾത്താരയോടുകൂടിയ പുരാതന കെട്ടിടത്തിലാണ് ഇന്ന് വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നത്. പൊന്നാനിക്കും മലപ്പുറത്തിനും ഇടയിൽ 146 വർഷങ്ങൾക്കു മുമ്പ് ബ്രിട്ടീഷുകാർക്ക് വിശ്രമിക്കാനുള്ള ഏക ടൂറിസ്റ്റ് ബംഗ്ലാവായിരുന്നു ഇത്. കേസ് വിചാരണ നടത്തുന്നതിനുള്ള തുക്കിടി കച്ചേരി ആയും മറ്റും ഇത് ഉപയോഗപ്പെടുത്തിയിരുന്നു. ഇതിനോടനുബന്ധിച്ച് ഒരു അടുക്കളയും ഒരു കുതിരപ്പന്തിയുമുണ്ടായിരുന്നു. കൂടാതെ 1921-ലെ മലബാർ കലാപകാലത്ത് തടങ്കൽപ്പാളയമായും ഇത് ഉപയോഗിച്ചിരുന്നു. 100 വർഷങ്ങൾക്കു മുമ്പ് ഇരിങ്ങാവൂർ അംശത്തിന് പ്രത്യേകമായി അംശക്കച്ചേരി കുറുപ്പും പടിക്കൽ നില നിന്നിരുന്നു. 1961- മുതൽ ഇരിങ്ങാവൂർ-ചെറിയമുണ്ടം അംശങ്ങൾ ഉൾപ്പെടുന്ന ഇന്നത്തെ വില്ലേജ് ഓഫീസ് മേൽ സൂചിപ്പിച്ച കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു.

നൂറ്റാണ്ടുകൾ പഴക്കമുള്ള ഹിന്ദു-മുസ്ലീം ആരാധനാലയങ്ങളാൽ സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. 3500 വർഷം പഴക്കമുള്ള ഇരിങ്ങാവൂരിലെ ശിവ ക്ഷേത്രം ഇതിൽ പ്രഥമ സ്ഥാനം അലങ്കരിക്കുന്നു. ചോപ്പന്റെ മണ്ടകം, ഹനുമാൻ ക്ഷേത്രം എന്നിവ നൂറ്റാണ്ടുകളുടെ പഴക്കമുള്ളവയാണ്. പഴക്കം കൊണ്ടും പ്രൗഢി കൊണ്ടും പ്രശസ്തമായ ധാരാളം മുസ്ലിം ആരാധനാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ചാത്തൻ കുളങ്ങര ജുമാ അത്ത് പള്ളി, തലക്കടത്തൂർ ജുമാ അത്ത് പള്ളി, ആശാരിപ്പാറ ജുമാ അത്ത് പള്ളി, അമ്പലം കുന്ന് ജുമാ അത്ത് പള്ളി, പറപ്പൂത്തടം ജുമാ അത്ത് പള്ളി, വാണിയന്നൂർ ജുമാ അത്ത് പള്ളി എന്നിവ ഈ കൂട്ടത്തിൽ ചിലതു മാത്രമാണ്.

ചെറിയമുണ്ടത്തിന്റെ സ്ഥലനാമ ചരിത്രം രസകരമാണ്. കേരളത്തിൽ പെരുമാക്കൻമാരുടെ ഭരണത്തിനു മുമ്പ് തളിയാതിരിമാർ എന്ന ബ്രാഹ്മണരുടെ ഭരണം നടന്നിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭരണകാലത്ത് 'മഠങ്ങൾ' എന്നാണ് ബ്രാഹ്മണരുടെ വാസ സ്ഥലങ്ങൾ അറിയപ്പെട്ടിരുന്നത്. നാൽപ്പത്തിമൂന്ന് ഇല്ലങ്ങൾ കൂടിചേർന്ന പ്രദേശമായതിനാൽ ഇവിടം 'ചെറിയ മഠം' എന്നറിയപ്പെടാൻ തുടങ്ങിയെന്നും പിന്നീടതു ലോപിച്ച് ചെറിയമുണ്ടമായി രൂപാന്തരപ്പെട്ടതാണെന്നും വിശ്വസിക്കപ്പെടുന്നു. ഇന്നത്തെ വാണിയന്നൂർ പ്രദേശത്ത് ധാരാളം വണിക്കുകൾ (കച്ചവടക്കാർ) വസിച്ചിരുന്നുവെന്നും അതിനാലാണ് ഈ പ്രദേശത്തിന് 'വാണിയന്നൂർ' എന്ന പേരു കിട്ടിയതെന്നും പറയപ്പെടുന്നു. 'ഇരവിനെല്ലൂർ' എന്നുകൂടി പേരുള്ള ഒരു പുലാശ്ശേരി മനക്കാരായിരുന്നു ഇരിങ്ങാവൂർ ദേശത്തെ പുരാതന ജന്മിമാർ. ഈ 'ഇരവിനെല്ലൂർ' എന്ന പേരു ലോപിച്ചാണ് ഇന്നത്തെ ഇരിങ്ങാവൂർ ആയതെന്നു കരുതുന്നു. 'ഇരട്ടമാവുകൾ' ചേർന്നിരുന്നതിനാൽ 'കൂട്ടുമൂച്ചി' എന്ന പേരിലായിരുന്നു ഇന്നത്തെ തലക്കടത്തൂർ അറിയപ്പെട്ടിരുന്നത്. മച്ചിങ്ങൽ തറവാടുമായി ബന്ധപ്പെട്ടാണ് മച്ചിങ്ങപ്പാറയുടെ ഉത്ഭവം. കള്ളിക്കൽ ഭാഗത്ത് ഉണ്ടായിരുന്ന വൻ ആൽവൃക്ഷവുമായി ബന്ധപ്പെട്ടാണ് കള്ളിക്കലാൽ എന്ന സ്ഥലനാമത്തിന്റെ ഉത്ഭവമെന്നും പറയപ്പെടുന്നു.

ദേശീയ പ്രസ്താനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ള പല മഹദ്വ്യക്തികളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. കോൺഗ്രസ്സിന്റെ ആദ്യകാല പ്രവർത്തകരായിരുന്ന പുളിക്കപ്പറമ്പിൽ കുഞ്ഞഹമ്മദ് കുട്ടി, നെല്ലിയേരി ഉപ്പാസാഹിബ്,കള്ളിക്കൽ ആലി മുഹമ്മദാജി, കള്ളിക്കൽ

അസൈനാർ, പാട്ടത്തിൽ ബീരാൻകുട്ടി ഹാജി തുടങ്ങിയവർ അവരിൽ ചിലരാണ്. 1921-ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട് തിരൂരങ്ങാടിയിലുണ്ടായ ലഹളിയിൽ ബ്രിട്ടീഷ് പട്ടാളവുമായി ഏറ്റുമുട്ടി വെടിയേറ്റു മരിച്ച ധീര ദേശാഭിമാനികളാണ് പാറാപ്പറമ്പ് വെളുത്തേടത്ത് പരിയും ഹുസ്സൻകുട്ടി മൊല്ലായും ഈ ലഹളയുമായി ബന്ധപ്പെട്ട് ബെല്ലാരി ജയിലിൽ തുറുങ്കിലടക്കപ്പെട്ടവരാണ്. ചോലക്കത്തുമ്പിൽ ബീരാൻ കുട്ടിയും പിലാത്തോട്ടത്തിൽ ഏന്തിയും.

1915-ഓടുകൂടി ചെറിയമുണ്ടത്തിന്റെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നു. ചെറിയമുണ്ടംഎ.എം.എൽ.പി. സ്കൂൾ ആലുംകുണ്ട്, ജി.എം. എൽ.പി സ്കൂൾ ഇരിങ്ങാവൂർ, എസ്. വി. എ .യു.പി. സ്കൂൾ ഇരിങ്ങാവൂർ, ജി.എം.എൽ.പി. സ്കൂൾ പറപ്പൂത്തടം, എ.എം.എൽ.പി. സ്കൂൾ തലക്കടത്തൂർ നോർത്ത് (ഓവുങ്ങൽ), ജി.എം. എൽ.പി.സ്കൂൾ തലക്കടത്തൂർ, എ.എം.യു.പിയ സ്കൂൾ വാണിയന്നൂർ, എ.എം.എൽ.പി.സ്കൂൾ ഇരിങ്ങാവൂർ നോർത്ത് തുടങ്ങിയവയാണ് വിദ്യാഭ്യാസ ചരിത്രത്തിലെ പ്രഥമ സംരംഭങ്ങളിൽ ചിലത്. ഈ കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ പല വ്യക്തികളും ഈ പ്രദേശത്ത് ഉണ്ടായിരുന്നു. മാടമ്പത്ത് തടത്തിൽ ഹംസക്കുട്ടി, കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി കളക്ടറായും, നെല്ലിക്കൽ കുഞ്ഞിക്കോയ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, വയനാട്, ജില്ലാ കലക്ടറായും തെണ്ടത്ത് കുഞ്ഞിമൊയ്തീൻ എന്ന ബാപ്പുഹാജി, ജില്ലാ സപ്ലൈ ഓഫീസറായും സുകുമാരൻ പണിക്കർ,കോഴിക്കോട് ജില്ലയിൽ തഹസ്സിൽദാരായും സേവനമനുഷ്ഠിച്ച മഹദ് വ്യക്തികളിൽ ചിലർമാത്രമാണ്. ഇതിൽ നിന്നും കഴിഞ്ഞ കാലങ്ങളിൽ ഉന്നത ഔദ്യോഗിക രംഗങ്ങളിലുള്ള ഈ പ്രദേശത്തുകാരുടെ പങ്ക് മനസ്സിലാക്കാവുന്നതാണ്. 1935 കാലഘട്ടങ്ങളിൽ ബി. എ. ബിരുദം നേടിയ ഏക വ്യക്തിയായിരുന്ന പി. കെ. മൂസാ സാഹിബ്. ഇദ്ദേഹം ഓയിൽ മില്ലിനായി നിർമ്മിച്ച കെട്ടിടത്തിലാണ്. ഇന്നത്തെ തിരൂർ സീതിസാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക് പ്രവർത്തിക്കുന്നത്.

പാരമ്പര്യ സിദ്ധ വൈദ്യരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച പല വ്യക്തികളും ഈ പഞ്ചായത്തിലുണ്ടായിരുന്നു. മച്ചിങ്ങൽ മുഹമ്മദ് എന്ന ബാപ്പു മുസ്ലിയാർ, ഊട്ടുപറമ്പിൽ നാരായണൻ കൂരിയാറ്റിൽ വെളുത്ത രാമനും, കറുത്ത രാമനും, കളത്തിങ്ങൽ ഹബീബ് കോയ തങ്ങൾ, കമ്മുണ്ണി മുസ്ലിയാർ ഉണ്ണിച്ചോപ്പൻസ് എന്നിവർ ഇവരിൽ ചിലർ മാത്രം.കലാരംഗത്തും വ്യക്തി മുദ്ര പതിപ്പിച്ച നിരവധി പേർക്ക് ജന്മം നൽകിയ ചെറിയമുണ്ടത്തിന്റെ കലാചരിത്രത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് ഇമ്പമാർന്ന മാപ്പിളപ്പാട്ടുകൾ നിമിഷനേരം കൊണ്ട് രചിച്ചിരുന്ന ഗായകർ ആയിരുന്നു തൂമ്പിൽ അഹമ്മദ് കുട്ടിയും കുറ്റിപ്പുലാൻ അഹമ്മദ്കുട്ടിയും. ഇവരുടേതായ സ്വന്തം സംഗീത ഡിസ്കുകൾ അടുത്ത കാലംവരെ ആസ്വാദക ഹൃദയങ്ങൾക്ക് ഹരം പകർന്നിരുന്നു. കൂടാതെ ഭഗവതി ക്ഷേത്രത്തോടനുബന്ധിച്ച് തെയ്യം, തിറ, പൂതം തുടങ്ങിയ കലാരൂപങ്ങൾ ദേശം ചുറ്റിയിരുന്നു. പ്രശസ്തരായ പല ചെണ്ടമേളക്കാരും ചെറിയമുണ്ടത്തുകാരായിരുന്നു. കുടുക്കിൽ ചന്തു, കൂരിയാറ്റിൽ കുട്ടൻ വൈദ്യർ, കാന്തളൂർ കുമാരൻ തുടങ്ങിയവർ ഇവരിൽ ചിലർ മാത്രം മമ്മിണി ഉപ്പാപ്പാന്റെ നേർച്ചയോടനുബന്ധിച്ച് (പറപ്പൂത്തടം) ഉണ്ടായിരുന്ന 'പടകളിതല്ല്'ലിൽ ദൂരദേശങ്ങളിൽ നിന്നുള്ളവർ പോലും പങ്കെടുത്തിരുന്നു. ഇരിങ്ങാവൂരിലെ മണ്ടകത്തും പറമ്പിലും , ചെറിയമുണ്ടത്തെ കള്ളിക്കലും ചോലപ്പുറത്തും നടന്നിരുന്ന 'പകിട' കളി പ്രസിദ്ധമാണ്. 20 വർഷങ്ങൾക്ക് മുമ്പ് പനമ്പാലത്തിനടുത്ത് ഇളംകുളത്ത് ബാവഹാജിയുടെ സ്ഥലത്ത് കാളപൂട്ട് മത്സരം ആഘോഷപൂർവ്വം നടത്തപ്പെട്ടിരുന്നു

1901-ൽ തലക്കടത്തൂർ പുഴക്ക് മീതെ സ്ഥാപിച്ച

കൽപ്പാലത്തോട് കൂടിയാണ് ചെറിയമുണ്ടത്തിന്റെ ഗതാഗത ചരിത്രം ആരംഭിക്കുന്നത് പിന്നീട് ഈ പാലം 1935-ൽ പുതുക്കി നിർമ്മിച്ചതോടെ റോഡു മാർഗ്ഗം പൊന്നാനിയുമായി ബന്ധിപ്പിക്കുന്നതിന് സഹായകമായി. അതു വരെ ജലമാർഗ്ഗം വഞ്ചി കളിലായിരുന്നു വ്യവസായ കേന്ദ്രമായ തലക്കട ത്തൂരിൽ നിന്നും പൊന്നാനിയിലേക്ക് അടക്ക, തേങ്ങ, തുടങ്ങിയവ കയറ്റി അയച്ചിരുന്നതും തിരിച്ച് പല വ്യഞ്ജനങ്ങളും അരിയും മറ്റും ഇറ ക്കുമതി ചെയ്തിരുന്നതും. നിരത്തുകൾ വരുന്ന തിന് മുമ്പ് ഇവിടത്തെ ചില കുടുംബങ്ങൾ യാത്ര ക്കായി മഞ്ചൽ ഉപയോഗിച്ചിരുന്നു കൂടാതെ കാള കളെ പൂട്ടിയ 'സവാരി' വണ്ടികളും യാത്രക്കായി ഉപയോഗപ്പെടുത്തിയിരുന്നു. പഞ്ചായത്തിലൂടെ കടന്നു പോകുന്ന ആദ്യത്തേതും ഏറ്റവും പ്രധാ നപ്പെട്ടതുമായ റോഡാണ് മലപ്പുറം-തിരൂർ ജില്ലാ റോഡ്.

രണ്ടാം ലോക മഹായുദ്ധത്തിൽ സൈനിക സേവനമനുഷ്ഠിച്ച പലരും നമ്മുടെ പഞ്ചായത്തി ലുണ്ട്. കുറ്റിയത്തു വേലു, പറൂർ അപ്പുനായർ, വളവത്ത് താമി, കുഞ്ചുണ്ണി നായർ, വളവത്ത് പറ ങ്ങോടൻ, നയനപറമ്പിൽ കിഞ്ഞീതു അയിനിപ്പ റമ്പിൽ ഉസ്സൻകുട്ടി, വളവത്ത് അറമുഖൻ, മുത്താ ണിക്കാട്ട് യാഹു ഹാജി ഉണിച്ചാത്തൻ പറമ്പിൽ പോക്കു എന്നിവരാണ് ഇവരിൽ പ്രധാനികൾ.

തമിഴ്നാട് സ്വദേശികളായ എപി. ചിന്ന മീരാൻ റാവുത്തറുടെ എ. പി. സി. കമ്പനിയും സി.എ വെള്ളേപ്പ റാവുത്തറുടെ സി. എ.വി. കമ്പനിയു മാണ് തലക്കടത്തൂരിലെ വ്യവസായ ചരിത്രത്തിലെ പ്രഥമ സംരംഭങ്ങൾ കുറുക്കോളി സൈയ്താലി, നെടിയേടത്ത് എറമു, മുത്താണിക്കാട് അഹമ്മദ്, പൂച്ചേങ്ങൽ ഏന്തു എന്നിവരായിരുന്നു തലക്കട ത്തൂരിൽ കാലിച്ചാക്ക് കച്ചവടത്തിന് തുടക്കം കുറി ച്ചവർ.തലക്കടത്തൂരിൽ നിന്നും നാളികേരം പൊന്നാനി വഴി ബറൂച്ച്, സൂറത്ത്, അഹമ്മദാ ബാദ് എന്നിവടങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ഇങ്ങനെ സമ്പന്നവും സമൃദ്ധവുമായ ഒരു വ്യാവ സായിക ചരിത്രമാണ് നമ്മുടെ പഞ്ചായത്തിനു ള്ളത്.

തിരൂരിൽ നിന്നും കല്പകഞ്ചേരി വരെ തപാലുമായി കൽനടയായി പോയിരുന്ന 'അഞ്ചൽക്കാരൻ' തെണ്ടത്ത് ബീരാൻകുട്ടിയെ തപാൽക്കാരൻ എന്നറിയപ്പെട്ടിരുന്നു. 1965-70 കാലഘട്ടത്തിൽ തലക്കടത്തൂരിൽ ടെലഫോൺ ലഭി ച്ചതോടുകൂടി ചെറിയമുണ്ടം പഞ്ചായത്തിൽ ആധു നിക വാർത്താവിനിമയ സംവിധാനത്തിന് തുട ക്കമായി.

ഏകദേശം 30 വർഷങ്ങൾക്കുമുമ്പ് പറപ്പൂത്തട ത്തിൽ സ്ഥാപിതായ മാതൃ ശിശു സംരക്ഷണ കേന്ദ്രമാണ് ആരോഗ്യ പരിപാലന രംഗത്തുണ്ടായ ആദ്യത്തെ സർക്കാർ സ്ഥാപനം.

ഹരിജനക്ഷേമപ്രവർത്തനവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഹരിജൻ ഡെപ്യൂട്ടി സേവക് കെ. എം. രാമൻ 1953-54 കാലഘട്ടത്തിൽ ഇരിങ്ങാവൂരും ഒളിവുകാല കമ്മ്യൂണിസ്റ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് തല ക്കടത്തൂരും സന്ദർശിച്ചിട്ടുണ്ട്.

1955 ഡിസംബർ 5-ാം തിയ്യതി ചെറിയമുണ്ടം പഞ്ചായത്ത് നിലവിൽ വന്നു. 1978 ഒക്ടോബർ 1-ാം തിയ്യതി ശ്രീ. കുട്ടിഹസ്സൻ ഹാജി സംഭാവന യായി നല്കിയ സ്ഥലത്ത് ഇന്നുള്ള പഞ്ചായത്ത് കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടു.

ചുരുക്കത്തിൽ വളരെ സമ്പന്നമായ ഒരു ചരി ത്രപശ്ചാത്തലമാണ് നമ്മുടെ പഞ്ചായത്തിനുണ്ടാ യിരുന്നതെന്ന് മേൽ സൂചിപ്പിച്ച സംഭവങ്ങൾ വ്യക്തമാക്കുന്നു. ശ്രേഷ്ഠമായ ഇന്നലെകൾ ഇന്നത്തെ ചരിത്ര താളുകളിൽ സ്ഥാനം പിടിച്ചതു പോലെ, ഇന്നത്തെ നമ്മുടെ പഞ്ചായത്തിന്റെ സമസ്ത മേഖലകളിലുമുള്ള വികാസം നാളത്തെ

കൽപ്പാലത്തോട് കൂടിയാണ് ചെറിയമുണ്ടത്തിന്റെ ഗതാഗത ചരിത്രം ആരംഭിക്കുന്നത് പിന്നീട് ഈ പാലം 1935-ൽ പുതുക്കി നിർമ്മിച്ചതോടെ റോഡു മാർഗ്ഗം പൊന്നാനിയുമായി ബന്ധിപ്പിക്കുന്നതിന് സഹായകമായി. അതു വരെ ജലമാർഗ്ഗം വഞ്ചി കളിലായിരുന്നു വ്യവസായ കേന്ദ്രമായ തലക്കട ത്തൂരിൽ നിന്നും പൊന്നാനിയിലേക്ക് അടക്ക, തേങ്ങ, തുടങ്ങിയവ കയറ്റി അയച്ചിരുന്നതും തിരിച്ച് പല വ്യഞ്ജനങ്ങളും അരിയും മറ്റും ഇറ ക്കുമതി ചെയ്തിരുന്നതും. നിരത്തുകൾ വരുന്ന തിന് മുമ്പ് ഇവിടത്തെ ചില കുടുംബങ്ങൾ യാത്ര ക്കായി മഞ്ചൽ ഉപയോഗിച്ചിരുന്നു കൂടാതെ കാള കളെ പൂട്ടിയ 'സവാരി' വണ്ടികളും യാത്രക്കായി ഉപയോഗപ്പെടുത്തിയിരുന്നു. പഞ്ചായത്തിലൂടെ കടന്നു പോകുന്ന ആദ്യത്തേതും ഏറ്റവും പ്രധാ നപ്പെട്ടതുമായ റോഡാണ് മലപ്പുറം-തിരൂർ ജില്ലാ റോഡ്.

രണ്ടാം ലോക മഹായുദ്ധത്തിൽ സൈനിക സേവനമനുഷ്ഠിച്ച പലരും നമ്മുടെ പഞ്ചായത്തി ലുണ്ട്. കുറ്റിയത്തു വേലു, പറൂർ അപ്പുനായർ, വളവത്ത് താമി, കുഞ്ഞുണ്ണി നായർ, വളവത്ത് പറ ങ്ങോടൻ, നയനപറമ്പിൽ കിഞ്ഞീതു അയിനിപ്പ റമ്പിൽ ഉസ്സൻകുട്ടി, വളവത്ത് അറമുഖൻ, മുത്താ ണിക്കാട്ട് യാഹു ഹാജി ഉണിച്ചാത്തൻ പറമ്പിൽ പോക്കു എന്നിവരാണ് ഇവരിൽ പ്രധാനികൾ.

തമിഴ്നാട് സ്വദേശികളായ എ.പി. ചിന്ന മീരാൻ റാവുത്തറുടെ എ. പി. സി. കമ്പനിയും സി.എ വെള്ളേപ്പ റാവുത്തറുടെ സി. എ.വി. കമ്പനിയു മാണ് തലക്കടത്തൂരിലെ വ്യവസായ ചരിത്രത്തിലെ പ്രഥമ സംരംഭങ്ങൾ കുറുക്കോളി സൈയ്താലി, നെടിയേടത്ത് എറമു, മുത്താണിക്കാട് അഹമ്മദ്, പൂച്ചേങ്ങൽ ഏന്തു എന്നിവരായിരുന്നു തലക്കട ത്തൂരിൽ കാലിച്ചാക്ക് കച്ചവടത്തിന് തുടക്കം കുറി ച്ചവർ.തലക്കടത്തൂരിൽ നിന്നും നാളികേരം പൊന്നാനി വഴി ബറൂച്ച്, സൂറത്ത്, അഹമ്മദാ ബാദ് എന്നിവടങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു.

ഇങ്ങനെ സമ്പന്നവും സമൃദ്ധവുമായ ഒരു വ്യാവ സായിക ചരിത്രമാണ് നമ്മുടെ പഞ്ചായത്തിനു ള്ളത്.

തിരൂരിൽ നിന്നും കല്പകഞ്ചേരി വരെ തപാലുമായി കൽനടയായി പോയിരുന്ന 'അഞ്ചൽക്കാരൻ' തെണ്ടത്ത് ബീരാൻകുട്ടിയെ തപാൽക്കാരൻ എന്നറിയപ്പെട്ടിരുന്നു. 1965-70 കാലഘട്ടത്തിൽ തലക്കടത്തൂരിൽ ടെലഫോൺ ലഭി ച്ചതോടുകൂടി ചെറിയമുണ്ടം പഞ്ചായത്തിൽ ആധു നിക വാർത്താവിനിമയ സംവിധാനത്തിന് തുട ക്കമായി.

ഏകദേശം 30 വർഷങ്ങൾക്കുമുമ്പ് പറപ്പൂത്തട ത്തിൽ സ്ഥാപിതായ മാതൃ ശിശു സംരക്ഷണ കേന്ദ്രമാണ് ആരോഗ്യ പരിപാലന രംഗത്തുണ്ടായ ആദ്യത്തെ സർക്കാർ സ്ഥാപനം.

ഹരിജനക്ഷേമപ്രവർത്തനവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഹരിജൻ ഡെപ്യൂട്ടി സേവക്ക് കെ. എം. രാമൻ 1953-54 കാലഘട്ടത്തിൽ ഇരിങ്ങാവൂരും ഒളിവുകാല കമ്മ്യൂണിസ്റ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് തല ക്കടത്തൂരും സന്ദർശിച്ചിട്ടുണ്ട്.

1955 ഡിസംബർ 5-ാം തിയ്യതി ചെറിയമുണ്ടം പഞ്ചായത്ത് നിലവിൽ വന്നു. 1978 ഒക്ടോബർ 1-ാം തിയ്യതി ശ്രീ. കുട്ടിഹസ്സൻ ഹാജി സംഭാവന യായി നല്കിയ സ്ഥലത്ത് ഇന്നുള്ള പഞ്ചായത്ത് കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടു.

ചുരുക്കത്തിൽ വളരെ സമ്പന്നമായ ഒരു ചരി ത്രപശ്ചാത്തലമാണ് നമ്മുടെ പഞ്ചായത്തിനുണ്ടാ യിരുന്നതെന്ന് മേൽ സൂചിപ്പിച്ച സംഭവങ്ങൾ വ്യക്തമാക്കുന്നു. ശ്രേഷ്ഠമായ ഇന്നലെകൾ ഇന്നത്തെ ചരിത്ര താളുകളിൽ സ്ഥാനം പിടിച്ചതു പോലെ, ഇന്നത്തെ നമ്മുടെ പഞ്ചായത്തിന്റെ സമസ്ത മേഖലകളിലുമുള്ള വികാസം നാളത്തെ ചരിത്രത്തിൽ സ്വർണ്ണ ലിപികളാൽ രേഖപ്പെടുത്തു മെന്നുള്ളത് നിസ്സംശയമാണ്.

# ഭൂപ്രകൃതി

തിരൂർ റെയിൽവെ സ്റ്റേഷനിൽ നിന്നും ഏകദേശം 3 കി.മി. കിഴക്കായി തിരൂർ പൊന്നാനി പുഴയുടെ കിഴക്കും താനാളൂർ പൊൻമുണ്ടം പഞ്ചായത്തുകൾക്ക് തെക്കും വളവന്നൂർ പഞ്ചായത്തിന്റെ പടിഞ്ഞാറും, തലക്കാട് പഞ്ചായത്തിന്റെ വടക്കും ആയി സ്ഥിതി ചെയ്യുന്നതും 1125.24 ഹെക്ടർ (2780. 54 ഏക്കർ) വിസ്തീർണ്ണവുമുള്ളതാണ് ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്.

തലക്കടത്തൂർ, ചെറിയമുണ്ടം, ഇളുമ്പുലാവ് വാണിയന്നൂർ, കാന്തള്ളൂർ, ഇരിങ്ങാവൂർ എന്നീ ദേശങ്ങൾ ഉൾപ്പെട്ട ചെറിയമുണ്ടം, ഇരിങ്ങാവൂർ അംശങ്ങളാണ് ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിലുള്ളത്. കാർഷിക സമ്പുഷ്ടമായ ഒരു പ്രദേശമാണ് ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്. കിഴക്ക് ഉയർന്നും പടിഞ്ഞാറ് ഭാഗത്തേക്ക് ചരിഞ്ഞും താഴ്ന്നും കിടക്കുന്നു. അക്ഷാംശം ഭൂമദ്ധ്യരേഖക്ക് വടക്ക് 11° രേഖാംശം. 75%

മലപ്പുറം ജില്ലയുടെ തെക്കു പടിഞ്ഞാറായും തിരൂർ മുനിസിപ്പാലിറ്റിയുടെ തൊട്ട് കിഴക്കായും ആണ് നമ്മുടെ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

| | നീളം |
|---|---|
| പടിഞ്ഞാറുഭാഗം | 2-91 കി.മി |
| വടക്കുഭാഗം | 2.40 കി.മി |
| കിഴക്ക് | 3.79 കി.മി |
| തെക്ക് | 2.85 കി.മി |

ഒട്ടാകെ 11.95 കി.മീ. ചുറ്റളവ് ഉണ്ട്. ഭൂമിശാസ്ത്ര പരമായി ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിനെ 6 ഭാഗമായി തിരിച്ചിരിക്കുന്നു.

ഇവയോരോന്നിന്റെയും വിസ്തൃതി താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | കുന്നിൻപ്രദേശം | 75.00 ഹെക്ടർ | 6.67% |
| 2. | ചെരിവ് | 35.00 ഹെക്ടർ | 3.:05% |
| 3. | ഇടത്തരം ചെരിവ് | 200.00 ഹെക്ടർ | 17.73% |
| 4. | താഴ്വര | 516.00 ഹെക്ടർ | 45.85% |
| 5. | സമതലം | 277.00 ഹെക്ടർ | 24.65% |
| 6. | വെള്ളം കയറുന്ന പ്രദേശം | 22.24 ഹെക്ടർ | 2% |
| | ആകെ | 1125.24 ഹെക്ടർ | |

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിന് സമുദ്ര നിരപ്പിൽ നിന്ന് 80 മീറ്ററിൽ പരം ഉയരമുണ്ട്. ഇതിൽ 50 മീറ്ററിൽ കൂടുതൽ ഉയർന്നു കിടക്കുന്ന പ്രദേശങ്ങളാണ്. 75 ഹെക്ടർ വിസ്തീർണ്ണം വരുന്ന നരിയറക്കുന്ന്, കോട്ടക്കുന്ന്, പരന്തങ്ങോട്ട് കുന്ന് തുടങ്ങിയവ.

## നിമ്നോന്നതിയുടെ വിസ്തൃതി താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | വിവരം | വിസ്തീർണ്ണം ഹെക്ടർ | ശതമാനം |
|---|---|---|---|
| 1 | 50 മീറ്ററിന് താഴെ | 1050 | 93.35% |
| 2 | 50 മീറ്ററിന് മുകളിൽ | 75 | 6.65% |

ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 64.35% തോട്ടവും നിലവുമാണ് ബാക്കി വരുന്ന 35.65% ചെങ്കൽ പ്രദേശമാണ്.

ഈ പ്രദേശങ്ങളിൽ തോടും കുളവും, റോഡും കുന്നിൻ പ്രദേശവും ഉൾപ്പെട്ടു കിടക്കുന്നു.

| | ഉപരിതല മണ്ണിനങ്ങൾ | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | ചെമ്മൺപ്രദേശം | 400. 35 ഹെ. | 35.65% |
| 2 | ചെങ്കൽ മണ്ണ് | 365.00 ഹെ. | 32.48% |
| 3 | പശിമരാശി മണ്ണ് | 359. 65 ഹെ | 31.96% |

## ജനപ്രകൃതി

### ജനസംഖ്യ

1991ലെ കാനേഷുമാരി കണക്കനുസരിച്ച് ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 12,266 പുരുഷന്മാരും, 13,494 സ്ത്രീകളുമടക്കം 25,760 ആണ്. ഈ കണക്കനുസരിച്ച് പുരുഷൻമാരെക്കാൾ 1228 സ്ത്രീകൾ കൂടുതലാണ്.

## വാർഡ് തല ജനസംഖ്യ വിവരപ്പട്ടിക

| വാർഡ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ | പട്ടികജാതി | ഹിന്ദു കുടുംബങ്ങൾ | മുസ്ലിം കുടുംബങ്ങൾ | ക്രിസ്ത്യൻ കുടുംബങ്ങൾ |
|---|---|---|---|---|---|---|---|
| I | 1041 | 1153 | 2194 | 3 | 21 | 359 | Nil |
| II | 1366 | 1479 | 2845 | 14 | 24 | 458 | Nil |
| III | 1451 | 1562 | 3013 | 3 | 20 | 501 | 1 |
| IV | 1231 | 1344 | 2576 | 1 | 54 | 394 | Nil |
| V | 1064 | 1176 | 2240 | 5 | 7 | 379 | Nil |
| VI | 1068 | 1179 | 2247 | 7 | 33 | 352 | Ni |
| VII | 1519 | 1631 | 3150 | 3 | 40 | 506 | Nil |
| VIII | 1090 | 1203 | 2293 | 7 | 34 | 359 | Nil |
| IX | 780 | 692 | 1672 | 20 | 31 | 241 | 2 |
| X | 831 | 944 | 1775 | 2 | 34 | 274 | Nil |
| XI | 825 | 931 | 1756 | 10 | 44 | 252 | Nil |

### ജനസാന്ദ്രത

ഗ്രാമ പഞ്ചായത്തിലെ ഇതുവരെയുള്ള കണക്കെടുപ്പ് അനുസരിച്ച് 4466 വീടുകൾ ജനവാസമുള്ളയാണ്. വീടൊന്നിന് ശരാശരി 5.76 വീതം ജനവാസമുണ്ട്. ജനസാന്ദ്രത ച.കി.മി.ന് 2289 ആണ്.

പ്രധാന വരുമാനമാർഗ്ഗമായിരുന്ന കൃഷി ആദായകരമല്ലാതായിരിക്കുന്നു. തൊഴിൽ തേടി വിദേശങ്ങളിൽ പോകുന്നവരുടെ എണ്ണം വർഷം തോറും കൂടിക്കൊണ്ടിരിക്കുകയാണ്. വയലുകൾ നികത്തി കെട്ടിടം നിർമ്മിക്കുന്ന പ്രവണത വർദ്ധിച്ചു കൊണ്ടിരിക്കുന്നതിനാൽ കൃഷിഭൂമിയുടെ വിസ്തൃതിയിൽ ഗണ്യമായ കുറവ് വരുകയും തൊഴിൽ മേഖല കൃഷിയിൽ നിന്ന് കെട്ടിട നിർമ്മാണത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

### ജലപ്രകൃതി

വർഷത്തിൽ ശരാശരി 2800 മി. മീറ്റർ മഴ ലഭിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലായ് ആഗസ്റ്റ് മാസങ്ങളിലാണ്.പ്രധാന തോടുകൾ

### പ്രധാന തോടുകൾ

**1 തലക്കടത്തൂർ തോട്**

പെരുമുണ്ടം പഞ്ചായത്തിൽ നിന്ന് ഉദ്ഭവിച്ച് തെക്കോട്ടൊഴുകി പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് കൂടി തിരൂർ പുഴയിൽ പതിക്കുന്നു.

**2.ചെറിയമുണ്ടം തോട്**

ആലും കുണ്ട് പ്രദേശത്ത് നിന്ന് ഉത്ഭവിച്ച് അഞ്ച്, ഏഴ്, എട്ട് എന്നീ വാർഡുകളിലൂടെ തെക്കു പടിഞ്ഞാറായി ഒഴുകി തിരൂർ പുഴയിൽ പതിക്കുന്നു.(ദൂരം 3 കി.മി.)

**3.പള്ളിതോട്**

കൽപകഞ്ചേരി പഞ്ചായത്തിലെ പറവന്നൂരിൽ നിന്ന് ഉത്ഭവിച്ച് നെല്ലാപ്പറമ്പ്, കരിയാൽ പാടശേഖരങ്ങളിലൂടെ ഏകദേശം 4 കി.മി പടിഞ്ഞാറു ഭാഗത്തേക്ക് ഒഴുകി കൊട്ടിലത്തറയിൽ വന്ന് തിരൂർ പുഴയിൽ പതിക്കുന്നു.

**4. ഇരിങ്ങാവൂർ തോട്**

കോട്ടക്കുന്നിന്റെ സമതലപ്രദേശങ്ങളിൽ നിന്ന് ഉത്ഭവിച്ച് ഇരിങ്ങാവൂർ അങ്ങാടിയുടെ വശത്തു കൂടി ഒഴുകിയിരുന്ന തോട് ഇന്ന് ഇരിങ്ങാവൂർ അങ്ങാടിയുടെ തെക്കു ഭാഗത്തുകൂടി പടിഞ്ഞാറോട്ട് ഒഴുകി മീശപ്പടി പാടശേഖരങ്ങളിൽ എത്തി പരന്നൊഴുകി വാണിയന്നൂർ പരീതോടിൽ ചെന്ന് ചേർന്ന് തിരൂർ പുഴയിൽ പതിക്കുന്നു. (ദൂരം 2 കി.മി)

5. വളവന്നൂർ പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തു നിന്നും വരുന്ന തോട് കല്ലായ് എന്ന പ്രദേശത്തുകൂടി തെക്കോട്ടൊഴുകി പള്ളിത്തോട്ടിൽ പതിക്കുന്നു. (ദൂരം 1 1/2 കി.മി.)

**6.കാന്തള്ളൂർ തോട്**

മയിലാം കുളത്തിന്റെ പരിസരപ്രദേശത്തു നിന്നും ഉത്ഭവിച്ച് നീലിയാട്ടു കുളം വഴി കാന്തള്ളൂർ പാറയിൽ വന്ന് പടഞ്ഞാറോട്ടൊഴുകി തിരൂർ പുഴയിൽ പതിച്ചിരുന്ന കാന്തള്ളൂർ തോട് ഇന്ന് അന്യാധീനപ്പെടുത്തലിന്റെ ഭീഷണിയിലാണ്.

പഞ്ചായത്തിൽ ഇപ്പോൾ പതിനാറ് പൊതു കുളങ്ങൾ ഉണ്ട്. ജനങ്ങൾ കുളിക്കുന്നതിനും, ജലസേചനത്തിനും കന്നുകാലികളെ കഴുകുന്നതിനും മറ്റും ഈ കുളങ്ങൾ പ്രയോജനപ്പെടുത്തുന്നു. എന്നാൽ ഈ കുളങ്ങളിൽ മണ്ണിടിഞ്ഞ് തൂർന്ന് ആഴക്കുറവ് വന്നിട്ടുള്ളതിനാൽ വേനൽക്കാലം ആരംഭിക്കുന്നതിനു മുമ്പ് തന്നെ വറ്റി വരണ്ടു പോകുന്നു ചില പൊതു കുളങ്ങൾ അന്യാധീന ഭീഷണിയും നേരിടുന്നുണ്ട്.

## പ്രധാന കുളങ്ങൾ

| ക്രമ നമ്പർ | പേര് | സർവ്വെ നമ്പർ | വിസ്തീർണ്ണം ഏ. സെ | വാർഡ് |
|---|---|---|---|---|
| 1 | തുറക്കുളം | റി:സ. 8/8 | 0. 06 | I |
| 2 | പട്ടർ കുളം | റി:സ. 53/12 | 0. 06 | II |
| 3 | മണികുന്നത്ത് കുളം | റി:സ. 51/3 | 0. 18 | II |
| 4 | ഓത്തു പള്ളി കുളം | റി:സ. 108/5 | 0. 08 | III |
| 5 | കുന്നത്തു കുളം | റി:സ. 80/2 | 0. 02 | IV |
| 6 | ഇല്ലത്തുകുളം | റി:സ. 32/10 | 0.32 | II |
| 7 | കവറംകുളം | റി:സ. 120/5 | 0. 05 | V |
| 8 | മാകുളം | റി:സ. 134/10 | 0. 15 | V |
| 9 | ചുരണി കുളം | റി:സ. 225/10 | 0. 10 | V |
| 10 | പെരിയ കുളം | റി:സ. 212/7 | 0.18 | VI |
| 11 | ചിറകുളം | റി:സ.82/7 | 0. 11 | I |
| 12 | വലിയകുളം | റി:സ. 124/11 | 0.30 | VIII |
| 13 | മയിലാക്കുളം | റി:സ. 103/7 | 0.03 | VIII |
| 14 | കൊട്ടിയാട്ട കുളം | റി: സ. 76/5 | 0.09 | VI |
| 15 | ചേമ്പൻ കുളം | റി: സ. 180/12 | 0.12 | X |
| 16 | ചീനിക്കൽ കുളം | റി: സ. 181/6 | 0.08 | X |

## കാലാവസ്ഥ

| | |
|---|---|
| ജൂൺ1 മുതൽ ആഗസ്റ്റ് 15 വരെ | കാലവർഷം |
| ആഗസ്റ്റ് 15 മുതൽ ഒക്ടോബർ 15 വരെ | തുലാമാസ കാലവർഷം |
| ഒക്ടോബർ 15 മുതൽ ഡിസംബർ വരെ | തണുപ്പുകാലം |
| ജനുവരി മുതൽ ഫിബ്രവരി വരെ | മിതശീതോഷ്ണം |
| മാർച്ച് മുതൽ മെയ് വരെ | ഉഷ്ണകാലം |

## സസ്യാവരണം

ചെരിവ്, ഇടത്തരം ചെരിവ്, താഴ്വര എന്നി വിടങ്ങളിലെ അധികം പ്രദേശങ്ങൾ ഉൾക്കോണ്ട ഏകദേശം 550 ഹെക്ടർ സ്ഥലത്ത് നാളികേരവും ഇടവിളയായി കുരുമുളക്, കശുമാവ് എന്നിവയും കൃഷി ചെയ്യുന്നു. താഴ്വരയിലെ ഏകദേശം 160 ഹെക്ടർ സ്ഥലത്ത് കവുങ്ങ് ,വെറ്റില വാഴ എന്നിവ കൃഷി ചെയ്യുന്നു.. സമതല പ്രദേശത്ത് 200 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ട് ബാക്കി സ്ഥലം തരിശ്, റോഡ്, കുളം തോട് എന്നിവയായി കിടക്കുന്നു.

## ജനവാസം

ചെരിവ്, ഇടത്തരം ചെരിവ്, താഴ് വര എന്നി വിടങ്ങളിൽ ജനങ്ങൾ തിങ്ങി താമസിക്കുന്നു.. കോളനി പ്രദേശത്തെ ജനങ്ങൾ കൂടുതലും ദാരി ദ്ര്യരേഖക്ക് താഴെയാണ്.

## ജലക്ഷാമമുള്ള സ്ഥലങ്ങൾ

പടിഞ്ഞാക്കര ലക്ഷം വീട് കോളനി, ചെറിയമു ണ്ടം. ചുടലപ്പുറം പരന്നങ്ങാട്ട് കുന്ന്, നരിയറക്കു ന്ന്, അന്നങ്ങാട്ട് ഭാഗം, കോട്ടക്കുന്ന് കോളനി, പങ്ങത്ത് ഇടവഴി, പൊറഞ്ചേരികാവ്, ഹരിജൻ കോളനി, ലക്ഷം വീട് കോളനി മുതലായ സ്ഥല ങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ജലക്ഷാമം അതിരൂക്ഷം.

## ജലലഭ്യത

| | | |
|---|---|---|
| സുലഭം | 292.31 ഹെക്ടർ | 25.97% |
| മിതമായത് | 751.96 ഹെക്ടർ | 66.84% |
| അതിരൂക്ഷം | 80.97ഹെക്ടർ | 7.19% |





# കൃഷിയും ജലസേചനവും

ചെറിയമുണ്ടം തികച്ചും ഒരു കാർഷിക ഗ്രാമമാണ്. കുന്നിൽ പ്രദേശങ്ങളും, താഴ്‌വരയിലുള്ള നെൽവയലുകളും അടങ്ങിയതാണ്. ഇവിടുത്തെ ഭൂപ്രദേശം. മുഖ്യ കൃഷി നെല്ല്, തെങ്ങ്, കവുങ്ങ്, ഇടവിളയായി വെറ്റില, വാഴ, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറികൾ മുതലായവ കൃഷി ചെയ്തിരുന്നു. പഴയകാലത്ത് ജനങ്ങളുടെ മുഖ്യ ജീവിതമാർഗ്ഗം കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകളായിരുന്നു.

സമുദ്ര നിരപ്പിൽ നിന്നും 80 മീറ്റർ ഉയരമുള്ള നരിയറകുന്നാണ് ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. കൂടാതെ കോട്ടകുന്ന്, ബല്ലാവും കുന്ന്, പരണക്കാട് കുന്ന് എന്നീ കുന്നുകളും ചെറിയമുണ്ടം പാടം . വടക്കെ ചെറിയമുണ്ടം പാടം, വാണിയന്നൂർ പാടം, ഇരിങ്ങാവൂർ പാടം, കുന്നത്ത് കായൽ പാടം, കുഴിയൻ പാടം, ഇപ്പുട്ടിങ്ങൽ പാടം, തിരുത്തമ്മൽ പാടം, കുളറാട് പാടം എന്നീ പാടങ്ങളും കൂടി 1125.24 ഹെക്ടർ ആണ് ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം.

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടർ ആണെങ്കിൽ ഈ പഞ്ചായത്തിന്റേത് 0.09 ഹെക്ടറാണ്.

ആദ്യകാലത്ത് പരിചരണവും , ശ്രദ്ധയും പ്രധാനമായും നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു കൃഷി ചെയ്തിരുന്നത് .കൂടാതെ തോടുകളും കുളങ്ങളും ചിറകെട്ടി സംരക്ഷിച്ച് കൃഷിക്ക് വേണ്ടിഉപയോഗപ്പെടുത്തിയിരുന്നു. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജന്മിമാരായിരുന്നു കോട്ടിൽ നമ്പിടി തൃക്കണ്ടിയൂർ ദേവസ്വം, പെരും തൃക്കോവിൽ ദേവസ്വം, ഒരുപുലാശ്ശേരിമന എന്നിവരായിരുന്നു ഇവരിൽ പ്രധാനികൾ.

ആകെ ഭൂമിയുടെ 22 % നെൽ വയലുകൾ ആയിരുന്നു. കട്ടമോടൻ, ആര്യൻ, ചെറുമോടൻ, തെക്കൻ ചീര, നവര എന്നീ വിത്തുകൾ വിരുപ്പു കൃഷിക്കും, തെക്കൻ ചീര, ചിറ്റേനി,നവര എന്നീ വിത്തുകൾ മുണ്ടകൻ കൃഷിക്കും ഉപയോഗിച്ചിരുന്നു. ജൈവവളം

ഉപയോഗിച്ചാണ് ആദ്യകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. എന്നാൽ അടുത്തകാലത്തെ ഗവേഷണഫലമായി കൃഷിവകുപ്പ് മുഖേന ജ്യോതി, ജയ, ഐ ആർ. 8 ,ത്രിവേണി, മസൂരി എന്നീ അത്യുല്പാദനശേഷിയുള്ള നെൽ വിത്തുകളും ഉപയോഗിക്കാൻ തുടങ്ങി. ഇതിന്റെ ഫലമായി അമിതമായ രാസവള പ്രയോഗവും കീടനാശിനി ഉപയോഗവും വർദ്ധിച്ചു.

പാടങ്ങളിൽ ഇടവിളയായി പയർ, എള്ള്, വേനൽക്കാല പച്ചക്കറികൾ, മരച്ചീനി എന്നിവ കൃഷി ചെയ്തിരുന്നു. ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ, എന്നിവ ഉപയോഗിച്ചിരുന്നു.. കീടനിയന്ത്രണത്തിനായി മുറം വീശൽ, വെണ്ണീർ ചിന്തൽ, ഇല്ലിക്കോൽക്കൊണ്ടും തെങ്ങിൻ അലച്ചിൽ കൊണ്ടും വീശൽ എന്നീ നാടൻ രീതികളാണ് ആദ്യകാലത്ത് പ്രയോഗത്തിലിരുന്നത്.

വയലുകൾ നികത്തി വീടുകൾ വെക്കുന്ന പ്രവണത ഈയിടെ വർദ്ധിച്ചതായി കാണുന്നു. വർദ്ധിച്ച ജനപ്പെരുപ്പം , ഗതാഗതം കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത നെല്ലുല്പാദന ചെലവിൽ വന്ന വർദ്ധനവ് തുടങ്ങിയവ ഇതിനു കാരണങ്ങളായി ചൂണ്ടികാട്ടാം. ഇതിന്റെ ആത്യന്തിക ഫലം ഉല്പാദന ക്രമത്തിൽ വന്ന തകിട മറിച്ചിലാണ്.

1928 ൽ പഞ്ചായത്തിലെ നെൽപ്പാടങ്ങളുടെ വിസ്തൃതി 733 ഏക്കറും ഇന്നത്തെ വിസ്തൃതി 580 ഏക്കറുമാണ്. കർഷകരുടെ വിനോദമായ കാളപൂട്ട് പനമ്പാലത്ത് നടത്തിയിരുന്നു. ഇപ്പോൾ ഇതെല്ലാം നാമാവശേഷമായി. ഇപ്പോൾ കാളപൂട്ട് വിനോദത്തിനായി ഒരു സ്ഥിരം കണ്ടം ഉണ്ടാവണമെന്നാണ് നാട്ടുകാരുടെ ആവശ്യം നരിയറകുന്നിലും കോട്ടകുന്നിലും മുമ്പ് നായാട്ടും നടന്നിരുന്നു.

## ഭുവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1125,24 ഹെക്ടറാണ്. ഇത് ഉയർന്ന പ്രദേശം താഴ്വര എന്നിങ്ങനെയാണ്. കാണപ്പെടുന്നത്. ഇതിൽ 22 % സ്ഥലത്ത് ഏക്കൽ മണ്ണും ബാക്കിഭാഗം ചരൽകലർന്ന ചുവന്ന മണ്ണും ചുരുങ്ങിയ സ്ഥലം മണൽ പ്രദേശവും പാറ സ്ഥലങ്ങളുമാണ്.

സാധാരണ നെൽകൃഷിയുടെ ഉല്പാദനം ഹെക്ടറിന് 1800 2000 കിലോഗ്രാമും സങ്കരയിനം നെല്ലിനങ്ങളുടേത് ഹെക്ടറിന് 3200 3500 കിലോഗ്രാമുമാണ്. കൃഷിഭവനിലൂടെ ജ്യോതി, ത്രിവേണി, ആതിര, എന്നീ വിത്തുകൾ ആവശ്യക്കാർക്ക് വിതരണം ചെയ്തിരുന്നു

മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉല്പാദന ക്ഷമത സംസ്ഥാന ശരാശരിയായ 30 35 എണ്ണത്തിൽ കുടുതലും 40 നോട് അടുത്തും നിൽക്കുന്നു.

## വളം

സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലുമുണ്ടായിരുന്ന ഓരോ വളം വില്പന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തന രഹിതമാണ്. വളത്തിനും കീടനാശിനിക്കും വേണ്ടി കൃഷിക്കാർ ഇപ്പോൾ തിരൂർ ടൗണിനെ ആശ്രയിക്കേണ്ടി വരുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല രാസവള പ്രയോഗം നടത്തുന്നത്. അതുകൊണ്ട് കൃഷിചെലവ് വർദ്ധിക്കുന്നു. നമ്മുടെ ജൈവവള ദൗർലഭ്യം കാരണം വളത്തിനുവേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.

## കീടനാശിനി

കീടനാശിനി ഉപയോഗിക്കുമ്പോൾ വേണ്ട മുൻകരുതലുകൾ സ്വീകരിച്ചു കാണുന്നില്ല. കൃഷിക്കാരുടെ അറിവില്ലായ്മയാണ് അശാസ്ത്രീയമായ കീടനാശിനി പ്ര

| ഭൂപ്രകൃതി (പട്ടിക-1) | | | |
|---|---|---|---|
| No | ഭൂപ്രകൃതി | വിസ്തൃതി (ഹെക്ടർ) | ശതമാനം |
| 1 | ഉയർന്ന സ്ഥലം ചെരിവ് | 75 | 6.67 % |
| 2 | മിതമായ ചെരിവുള്ള കുന്ന് | 35 | 3.1 % |
| 3 | താഴ്‌വര | 516 | 45.85 % |
| 4 | പാടം(വയൽ) | 200 | 17.75 % |
| 5 | സമതലം | 277 | 24.65 % |
| 6 | വെള്ളം കയറുന്ന സ്ഥലം | 22 | 2 % |
| | ആകെ | 1125 | |

| ഭൂവിനിയോഗം (പട്ടിക-2) | | | |
|---|---|---|---|
| No | ഭൂപ്രകൃതി(വിള) | വിസ്തൃതി (ഹെക്ടർ) | |
| 1 | തെങ്ങ് | 752 | |
| 2 | കവുങ്ങ് | 160 | |
| 3 | നെല്ല് | 200 | |
| 4 | കശുമാവ് | 5 | |
| 5 | തരിശു ഭൂമി | 8 | |
| | ആകെ | 1125 | |

| നെൽകൃഷി(പട്ടിക- 3) | | | |
|---|---|---|---|
| No | വിള | വിസ്തൃതി (ഹെക്ടർ) | |
| 1 | നെല്ല് (വിരിപ്പ് ) | 160 | |
| 2 | നെല്ല് (മുണ്ടകൻ ) | 200 | |
| 3 | നെല്ല് (പുഞ്ച ) | 2 | |

| ഇടവിള( പട്ടിക- 4) | | |
|---|---|---|
| No | വിള | വിസ്തൃതി (ഹെക്ടർ) |
| 1 | പയർ | 15 |
| 2 | എള്ള് | 5 |
| 3 | പച്ചക്കറി | 20 |
| 4 | വാഴ | 10 |
| 5 | മരച്ചീനി | 5 |
| 6 | കുരുമുളക് | 10 |
| 7 | വെറ്റിലക്കൊടി | |

യോഗത്തിന് കാരണമാകുന്നത്

## കാർഷികോപകരണങ്ങൾ

കൃഷിഭവനിൽനിന്നും ഒരു ട്രാക്ടർ ഇരിഞ്ഞാവൂർ ഹരിജൻ കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൊടുത്തിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 3 ട്രാക്ടർ ഉണ്ട് 10 റോക്കർ സ്പ്രെയറുകളും 60 കുറ്റിപമ്പുകളും ഒരു തെങ്ങ് കയറ്റയന്ത്രവും ഇരുന്നൂറോളം മണ്ണെണ്ണ പമ്പുസെറ്റുകളുമാണുള്ളത്. 20 ജോഡി ഉഴവു കാളകൾ ഈ പഞ്ചായത്തിലുണ്ട്. കൂടാതെ സമീപ പഞ്ചായത്തുകളിലെ യന്ത്രോപകരണങ്ങളും കൃഷിക്ക് ഉപയോഗിക്കുന്നുമുണ്ട്.

## പാടശേഖര കമ്മിറ്റി

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ച് രൂപപ്പെടുത്തിയ മൂന്നു പാടശേഖര കമ്മിറ്റികളാണ് നിലവിലുള്ളത്. പലതും വേണ്ടത്ര ഫലപ്രദമായരീതിയിലല്ല പ്രവർത്തിക്കുന്നത്. പാടശേഖര കമ്മിറ്റികളുടെ വിശദവിവരങ്ങൾക്ക് പട്ടിക നോക്കുക.

## കൂലിനിരക്ക്

പഞ്ചായത്തിൽ ഏകീകരിച്ച കൂലിനിരക്കില്ല. ഏകദേശം 125 രൂപ പുരുഷനും 75 രൂപ സ്ത്രീ തൊഴിലാളിക്കും കൊടുത്തുവരുന്നു. പഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ ഭൂരിഭാഗവും കാർഷിക പ്രവർത്തി ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നവരാണ്.

## കാർഷിക വായ്പ

പഞ്ചായത്തിൽ ഒരു സർവ്വീസ് കോ-

| മഴയുടെ അളവ് മി. മി. (സി. ഡബ്ലിയു. ഡി. ആർ. ഡി. എം.) | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ഓഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
| 1991 | - | - | - | 4 | 50 | 952.2 | 940.5 | 434.4 | 57.8 | 296.6 | 86.6 | - |
| 1992 | | - | - | 77.3 | 124.3 | 1039.6 | 789.7 | 500.2 | 172.1 | 212.1 | 300.7 | - |
| 1993 | | 18.3 | 20.2 | 77.8 | 117.2 | 450.22 | 770.5 | 336.7 | 126.1 | 418.1 | 195.6 | 28 |
| 1994 | - | - | 2.4 | 259.7 | 36.6 | 870.9 | 1435.0 | 437.5 | 220.1 | 558. | 42.1 | - |
| 1995 | 3.1 | - | - | 73.6 | 557.2 | 729.4 | 612.5 | 459.6 | 280.7 | 198.4 | 170.6 | - |

| പാടശേഖര കമ്മറ്റി (വിളക്രമം) | | | |
|---|---|---|---|
| No | പാടശേഖരത്തിന്റെ പേര് | ഒന്നാം വിള | രണ്ടാം വിള |
| 1 | ചെറിയമുണ്ടം പാടശേഖര സമിതി | നെല്ല് | നെല്ല് |
| 2 | വടക്കെചെറിയമുണ്ടം പാടശേഖര സമിതി | നെല്ല് | നെല്ല് |
| 3 | വാണിയന്നൂർ പാടശേഖര സമിതി | നെല്ല് | നെല്ല് |

ഓപ്പറേറ്റീവ് ബാങ്കും ഒരു കമേഴ്സ്യൽ ബാങ്കും കൃഷി വായ്പ വിതരണം ചെയ്തു വരുന്നു. കൂടാതെ സിണ്ടിക്കേറ്റ് ബാങ്ക് തിരൂർ, കനറാബാങ്ക് വൈലത്തൂർ, കാർഷിക വികസന ബാങ്ക് തിരൂർ എന്നിവയും കാർഷിക ലോൺ കൊടുക്കുന്നുണ്ട്.

## ജലസേചനം

പ്രധാനമായും മഴയെമാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ തെക്ക് കിഴക്കൻ മൺസൂൺ, വടക്ക് പടിഞ്ഞാറൻ മൺസൂൺ എന്നിവ മുഖേന വർഷത്തിൽ ശരാശരി 311.7 സെ.മീ. മഴ ലഭിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിൽ ലഭിച്ച വിവരങ്ങൾക്ക് പട്ടിക നോക്കുക.

## തോടുകൾ

പഞ്ചായത്തിലെ നീരൊഴുക്ക് 6 ചെറിയതോടുകളിൽകൂടി പടിഞ്ഞാറോട്ട് ഒഴുകി തിരൂർ പൊന്നാനി പുഴയിൽ ചേരുന്നു പള്ളി തോട്, തലക്കടത്തൂർ തോട്, ചെറിയമുണ്ടംതോട്, ഇരിങ്ങാവൂർ തോട്, കാന്തള്ളൂർ തോട്, കല്ലായി തോട് എന്നിവയാണ് അവ. പഞ്ചായത്തിലെ ആകെയുള്ള തോടുകളുടെ നീളം 20 കിലോമീറ്ററാണ്. പനമ്പാലത്തിങ്ങൽ പുഴക്കുള്ള ഒരു ചീർപ്പ് മാത്രമാണ് പഞ്ചായത്തിന് ഉപയോഗപ്രദമായിട്ടുള്ളത് ഉപ്പുവെള്ളം കയറാതിരിക്കാനാണ് ഇത് ഉപയോഗിക്കുന്നത്.

## കുളങ്ങൾ

പഞ്ചായത്തിൽ ആകെയുള്ള വലുതും ചെറുതുമായ 17 കുളങ്ങൾ ഉണ്ട്.. ഇവയൊന്നും യഥാവിധി സംരക്ഷിക്കുകയോ, കൃഷിക്കുപയോഗിക്കുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ ഇവനെൽകൃഷിക്കും വേനൽക്കാല പച്ചക്കറി കൃഷിക്കും ഉപയോഗിച്ചിരുന്നു. ഇവയിൽ "എൻ.ഇ.എസ്. ബ്ലോക്ക്" രണ്ടു കുളം നന്നാക്കിയിട്ടുണ്ട്. ഇതിൽ മൈലാം കുളത്ത് വേണ്ടത്രജലം ലഭിക്കുന്നില്ല. കുളങ്ങളിൽ ഭൂരിഭാഗവും വേനൽകാലങ്ങളിൽ വറ്റുന്നവയാണ്. കുളങ്ങളെ സംബന്ധിച്ച വിവരം പട്ടിക നോക്കുക.

## മണ്ണ് ജലസംരക്ഷണം

വരമ്പുകളിലും അതിരുകളിലും മരം വെച്ചുപിടിപ്പിച്ചും, പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഭൂമിയുടെ തുണ്ടു വൽക്കരണവും കാർഷികവൃത്തിയോടുവന്ന വിമുഖതയും, ജീവിതക്രമത്തിലുണ്ടായ പരിവർത്തനങ്ങളും മണ്ണ് ജല സംരക്ഷണങ്ങളെ സാരമായി ബാധിച്ചു.

## കൃഷിഭവൻ

പഞ്ചായത്തിൽ 1987 സപ്തംബർ 1 നാണ് കൃഷിഭവൻ നിലവിൽവന്നത് ഇപ്പോൾ അതിന്റെ ഓഫീസ് തലക്കടത്തൂരിലാണ്. തികച്ചും കാർഷികമേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടിയാരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം പുരോഗമിക്കേണ്ടതാണ്. ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റന്റുമാരും കൃഷിഭവനിൽ ജോലിചെയ്യുന്നു.

## പ്രശ്നങ്ങൾ

വേണ്ടത്ര ആഴം ഇല്ലാത്തതുകൊണ്ടും, പമ്പ്സെറ്റ് സ്ഥാപിക്കാത്തതുകൊണ്ടും, മുൻപു സൂചിപ്പിച്ച കുളങ്ങളിൽ വേനൽക്കാലത്ത് വേണ്ടത്ര വെള്ളം ഇല്ലാത്തതിനാൽ ഉപയോഗിക്കാൻ കഴിയുന്നില്ല ഉപ്പ് വെള്ളം കയറുന്നതു കാരണം തലക്കടത്തൂരിൽ ഉപ്പൂട്ടിങ്ങൽ പാടശേഖരത്തിൽ കൃഷിയിറക്കാൻ കഴിയുന്നില്ല. ഉല്പാദന ചിലവിൽ വന്നവർദ്ധനവ്, കർഷകതൊഴിലാളികളുടെ എണ്ണക്കുറവ്, ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലാവർഷ വ്യതിയാനങ്ങൾ, കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് തുടങ്ങിയതൊക്കെ നെല്ലുല്പാദനം കുറയുന്നതിന് കാരണമായി. നെൽകൃഷി കർഷകന് നഷ്ടം വരുത്തുന്നുണ്ട്.

## പ്രധാന കൃഷി

ജലസേചന സൗകര്യക്കുറവുമൂലം തെങ്ങിൽനിന്ന് ഉല്പാദനം വേണ്ടത്ര ഇല്ല. നാളികേര വിലക്കുറവ് ഉല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കവുങ്ങിന് ഉണ്ടാകുന്ന മഞ്ഞളിപ്പ് രോഗം കവുങ്ങ് കൃഷിക്കാർക്ക് വലിയ നഷ്ടംമുണ്ടാക്കുന്നുണ്ട്. വെറ്റിലകൃഷിക്കുണ്ടാകുന്ന രോഗങ്ങളും കൃഷിക്കാരെ ദുരിതത്തിലാഴ്ത്തുന്നു.

ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തതും ജൈവവളത്തിൻെറ ലഭ്യതക്കുറവും മണ്ണിന്റെ ഘടനയെസാരമായി ബാധിച്ചിട്ടുണ്ട് യഥാസമയം കാർഷിക പ്രവൃത്തികൾ ചെയ്യാത്തത് മണ്ണൊലിപ്പിന് കാരണമാകുന്നു. 10 ഹെക്ടർ ഉയർന്ന പ്രദേശം കശുമാവ് കൃഷിക്ക് അനുയോജ്യമാണെങ്കിലും അതിന്റെ സാദ്ധ്യത ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഒരുകാലത്ത് നെൽപ്പാടങ്ങളിൽ ഇടവിളയായി കൃഷിചെയ്തിരുന്ന വേനൽക്കാല പച്ചക്കറികളും, കപ്പ, വാഴ,, തുങ്ങിയ കൃഷികളും കുറഞ്ഞുവരികയാണ്. ശരിയായ രീതിയിൽ ജലസേചനം ലഭിക്കാത്തതും, ജൈവവളങ്ങളുടെ ലഭ്യതകുറവും,, ഉല്പന്നങ്ങൾക്ക് മതിയായ വിലകിട്ടാത്തതും, ഇവയുടെ ഉല്പാദനക്കുറവിന്റെ കാരണങ്ങളാണ്. വാഴക്ക് വരുന്ന രോഗങ്ങളും , പ്രകൃതിക്ഷോഭവും കൃഷിയെ സാരമായി ബാധിക്കുന്നു. കീടങ്ങളുടെ ശല്യം, രോഗങ്ങൾ, നെൽപാടങ്ങളിൽ ഉപ്പുവെള്ളം കയറൽ തുടങ്ങിയവ നെൽകൃഷിയേയും കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, തെങ്ങോലപ്പുഴുശല്യം എന്നിവ തെങ്ങിനേയും, ദ്രുതവാട്ടം കുരുമുളകിനേയും, മഞ്ഞളിപ്പ് രോഗം കവുങ്ങിനേയും സാരമായി ബാധിക്കുന്നു.

ആധുനിക കൃഷി ഉപകരണങ്ങൾ വേണ്ടത്ര പ്രചരിച്ചിട്ടില്ല കൃഷിഭൂമി തുണ്ടം തുണ്ടമായി മാറിയത് ആധുനിക യന്ത്ര വൽക്കരണത്തിന് തടസ്സമാണെങ്കിലും കൂട്ടുകൃഷി സമ്പ്രദായത്തിലൂടെ ഇതിന് പരിഹാരം കാണാവുന്നതാണ്.

| കുളങ്ങളെ സംബന്ധിച്ച വിവരം | | | |
|---|---|---|---|
| No | കുളങ്ങളുടെ പേര് | വാർഡ് നംമ്പർ | സ്ഥിതി ചെയ്യുന്ന സ്ഥലം |
| 1 | തുറക്കുളം | I | ചെറിയമുണ്ടം |
| 2 | ചിറക്കുളം | IV | ചെറിയമുണ്ടം |
| 3 | പട്ടർ കുളം | II | ചെറിയമുണ്ടം |
| 4 | ഇല്ലത്ത് കുളം | II | ചെറിയമുണ്ടം |
| 5 | ഓത്ത് പള്ളിക്കുളം | II | ചെറിയമുണ്ടം |
| 6 | കുന്നത്ത് കുളം | IV | ചെറിയമുണ്ടം |
| 7 | മാങ്കുളം | V | ചെറിയമുണ്ടം |
| 8 | കവരംകുളം | V | ചെറിയമുണ്ടം |
| 9 | ചൂർണി കുളം | V | ചെറിയമുണ്ടം |
| 10 | ഇളംപുലാവ് കുളം | VI | ഇരിങ്ങാവൂർ |
| 11 | കാന്തള്ളൂർ കുളം | V | കാന്തള്ളൂർ |
| 12 | പെരിയകുളം | VII | ഇരിങ്ങാവൂർ |
| 13 | വലിയകുളം | VIII | ഇരിങ്ങാവൂർ |
| 14 | മൈലാം കുളം | VIII | ഇരിങ്ങാവൂർ |
| 15 | കോട്ടിയാട്ടു കുളം | VI | വാണിയന്നൂർ |
| 16 | ചേമ്പു കുളം | X | ഇരിങ്ങാവൂർ |
| 17 | പുത്തൻ കുളം | I | ചെറിയമുണ്ടം |

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കൃഷി ഭൂമികളിൽ മണ്ണുപരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്താൻ കർഷകരെ മനസ്സിലാക്കണം.
2. മുൻകാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും നീര്ക്കെട്ട് ഒഴിവാക്കുന്നതിലും വലിയ പങ്ക് വഹിച്ചിരുന്ന തോടുകളും, കുളങ്ങളും കർഷകരുടേയും, ഗവർമെന്റിന്റെയും സഹായത്തോടെ സംരക്ഷിക്കണം

### 3. ഗ്രൂപ്പ്ഫാമിംങ്ങ്

മുഖ്യവിളയായ തെങ്ങിന്റെയും നെല്ല് ,കവുങ്ങ്, കൂട്ടക്കൊടി(വെറ്റില) എന്നിവയുടേയും അഭിവൃദ്ധിക്ക് നിലവിലുള്ള കർഷക സമിതികളെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കണം.

കർഷകർക്ക് സാമ്പത്തിക സഹായവും വിദഗ്ധോപദേശവും ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

### 4. വിത്തിനങ്ങൾ

അത്യുല്പാദന ശേഷിയുള്ളതും ഗുണമേന്മയുള്ളതുമായ വിത്തിനങ്ങളും, നടീൽ വസ്തുക്കളും കർഷകർക്ക് യഥാസമയം ലഭ്യമാക്കണം. ഇതിന് വേണ്ടിപ്രാദേശികമായി വിത്തു ഉല്പാദിപ്പിക്കുന്നതിന് പാടശേഖര സമിതിയെ ഏല്പിക്കാവുന്നതാണ്

### 5. ഔഷധത്തോട്ടം

കച്ചോലം, ഇഞ്ചി, മഞ്ഞൾ, എന്നീ ഔഷധ സസ്യങ്ങൾ സംരംക്ഷിക്കുകയും കൂടുതൽ വ്യാപിപ്പിക്കുകയും വേണം.

### 6. പച്ചക്കറികൃഷി

ഗുണമേൻമയുള്ള വിത്തിനങ്ങൾ നൽകി അടുക്കളത്തോട്ട കൃഷി വ്യാപിപ്പിക്കുവാൻ ശ്രമിക്കണം

### 7. കീടനാശിനി

ശരിയായ അളവിലും, തൂക്കത്തിലും രീതീയലും ഉപയോഗിക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകേണ്ടതാണ്.

### 8. വളങ്ങൾ

സർവ്വീസ്, കോ- ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള വളംഡിപ്പോതുറന്ന് പ്രവർത്തിപ്പിക്കുവാനും, ഇരിങ്ങാവൂർ അങ്ങാടിയിൽ ഒരു ബ്രാഞ്ച് തുറക്കുവാനും ഇതിൽകൂടി കർഷകർക്ക് ആവശ്യമായ വളം, കീടനാശിനി,പച്ചിലവളച്ചെടി വിത്തുകൾ, കുമ്മായം, എന്നിവ മിതമായ നിരക്കിൽ വിതരണം ചെയ്യുവാനും വേണ്ട നടപടി സ്വീകരിക്കണം.

### 9. വിള ഇൻഷുറൻസ്

കൃഷിക്കാരുടെ അത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിന് വിള ഇൻഷൂറൻസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

### 10. വൈദ്യുതി

കൃഷിആവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകി കർകരെ സഹായിക്കണം.

### 11. മണ്ണെണ്ണ

ജലസേചന ആവശ്യത്തിന് പെർമിറ്റ് മുഖേന കൊടുക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം ചെയ്യുകയും വേണം.

## 12. പൊതു വിപണി

നെല്ലിനും, തേങ്ങക്കും, അടക്കക്കും, വെറ്റിലക്കും , പച്ചക്കറിക്കും പഞ്ചായത്ത് തലത്തിൽ തന്നെ വിപണന കേന്ദ്രം ഉണ്ടാവണം.

## 13. സംസ്ക്കരണ കേന്ദ്രം

തേങ്ങ സംസ്കരണത്തിന് സൊസൈറ്റികൾ രൂപീകരിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കണം

## 14. പൂകൃഷി

മുല്ല, കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം, റോസ് ഇവയുടെ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു ഈ മേഖലയെ പരിപോഷിപ്പിക്കുകയും വർദ്ധിച്ച തൊഴിൽ സാദ്ധ്യത ഉണ്ടാക്കുകയും ചെയ്യുക.

## 15. കൂൺ കൃഷി

കൂൺകൃഷി നടപ്പിലാക്കി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

## 16. പട്ടുനൂൽ വളർത്തൽ

ഏറെ ലാഭകരമായ പട്ടുനൂൽ പുഴു വളർത്തൽ കൃഷി പ്രചരിപ്പിക്കുക.

## 17. ശുദ്ധ ജലമത്സ്യകൃഷി

കർഷകർക്ക് ശുദ്ധജല മത്സ്യ കൃഷി ആരംഭിക്കാനുള്ള സാമ്പത്തിക സഹായ സഹകരണവും നിർദ്ദേശങ്ങളും ആധികാരിക സ്ഥാനങ്ങളിൽ നിന്നും ഉണ്ടാക്കുക.

- വലിയകുളം, മൈലാക്കുളം എന്നിവയുടെ ആഴംകൂട്ടുകയും, പമ്പ്സെറ്റ് സ്ഥാപിക്കുകയും, അവയിൽനിന്ന് ഒഴുകുന്ന തോടുകൾ നന്നാക്കുകയും അങ്ങിനെ പൂർണ്ണമായും കൃഷിക്ക് ഉപയോഗിക്കുകയും ചെയ്യുക.
- ഓത്തുപള്ളിക്കുളം, തുറക്കുളം, കുന്നത്ത് കുളം, മണിക്കുന്നത്ത കുളം, എന്നിവ മൈനർ ഇറിഗേഷൻ സ്കീമിൽ ഉൾപ്പെടുത്തി ഒരിക്കൽ റിപ്പയർച്ച ചെയ്തതായിരുന്നു. ഇവ വീണ്ടും റിപ്പയർ ചെയ്തു പമ്പുസെറ്റു സ്ഥാപിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.
- പട്ടർകുളം, ഇല്ലത്ത്കുളം, കവരംകുളം, മാങ്കുളം, ചുരണികുളം, ചെറിയകുളം, ചിറക്കുളം,, കോടിയാട്ട്കുളം, ചേമ്പൻകുളം, ചിറക്കൽ കുളം,കാന്തള്ളൂർ കുളം എന്നീ കുളങ്ങൾ ആഴം കൂട്ടി നന്നാക്കി കൃഷിക്ക് ഉപയുക്തമാക്കുക.
- പള്ളിത്തോട്, തലക്കടത്തൂർ തോട്, ചെറിയമുണ്ടം തോട്, ഇരിങ്ങാവൂർ തോട്, കാന്തള്ളൂർ തോട്, കല്ലായി തോട് എന്നിവയുടെ രണ്ടുഭാഗങ്ങളും കെട്ടിനന്നാക്കി, ഇടക്കു ഷട്ടറുകൾ ഇട്ട് ജലസേചനത്തിന് സൗകര്യപ്രദമാക്കുക.
- ഇപ്പുട്ടുങ്ങൽ നെൽവയലിലേക്ക് തീരൂർ-പൊന്നാനി പുഴയിൽ നിന്ന് ഉപ്പ് വെള്ളം കയറുന്നത് ബണ്ട് കെട്ടിതടയുക.
- പനമ്പാലം ചീർപ്പിന്റെ പലക തീരൂർ മുൻസിപ്പാലിറ്റിയുമായി ആലോചിച്ച് മാറ്റുക.
- പനമ്പാലത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
- തലക്കാട് പഞ്ചായത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഈ പഞ്ചായത്തിലേക്കും വ്യാപിപ്പിക്കുന്നതിന് ശുപാർശ ചെയ്യുക.
- കൂട്ടായി റെഗുലേറ്റർ കംബ്രിഡ്ജിന്റെ പണി ത്വരിതപ്പെടുത്തി പൂർത്തിയാക്കുവാൻ ശു

പാർശ ചെയ്യുക.

- നെൽപാടങ്ങളിലേക്ക് ട്രാക്ടർ പോലുള്ള യന്ത്രോപകരണങ്ങൾ കൊണ്ടുപോകുന്നതിനുള്ള ഗതാഗത സൗകര്യം ഏർപ്പെടുത്തുക.
- കാർഷിക യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ കർഷകർക്കും. ഗ്രൂപ്പ്ഫാമിംഗ് സമിതികൾക്കും അനുവദിക്കുക.
- വെള്ളം ദൗർലഭ്യമുള്ള കുന്നിൻ മുകളിൽ കണികജലസേചനം ട്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
- വാർത്താമാദ്ധ്യമങ്ങളിലെ മാർക്കറ്റ് അവലോകനത്തിൽ വെറ്റിലയുടെ മാർക്കറ്റും ഉൾപ്പെടുത്തുക.

# മൃഗസംരക്ഷണം

തിരൂർ താലൂക്കിൽപ്പെട്ട ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ വിസ്തീർണ്ണം 11-27 Sq. Km ആണ്. 11 വാർഡുകളായി പഞ്ചായത്തിനെ വിഭജിച്ചിരിക്കുന്നു. ജനങ്ങളിൽ ഭൂരിഭാഗവും കാർഷിക പ്രധാനമായ തൊഴിലുകളിൽ ഏർപ്പെട്ടവരാണ്. പഞ്ചായത്തിൽ പ്രധാനമായി വളർത്തുന്ന മൃഗങ്ങൾ പശു, ആട്, മുയൽ എന്നിവയും, പക്ഷികളിൽ കോഴി, താറാവ് എന്നിവയുമാണ്. മുൻകാലങ്ങളിൽ കന്ന് പൂട്ടുന്നതിനും, എണ്ണയാട്ടുന്നതിനും ഭാരം വലിക്കുന്നതിനും തോട്ടങ്ങൾ നനക്കുന്നതിനും വ്യാപകമായി കാളകളേയും, പോത്തിനേയും ഉപയോഗിച്ചിരുന്നെങ്കിലും ഇന്ന് അവയുടെ എണ്ണം പരിമിതമാണ്. കന്നുകാലികളുടെ കണക്ക് വാർഡ് അടിസ്ഥാനത്തിൽ പൂർണ്ണമായി ലഭ്യമല്ലെങ്കിലും താരതമ്യ പഠനത്തിന്റെ അടിസ്ഥാനത്തിൽ അവയുടെ കണക്ക് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | പശുക്കൾ (നാടൻ) | 435എണ്ണം |
| 2. | പശുക്കൾ (സങ്കര ഇനം) | 768 എണ്ണം |
| 3. | കാള (നാടൻ) | 91 എണ്ണം |
| 4. | സങ്കര ഇനം | 178 എണ്ണം |
| 5. | എരുമ | 35 എണ്ണം |
| 6. | പോത്ത് | 43 എണ്ണം. |
| 7. | ആട് | 4000 എണ്ണം |
| 8. | നായ (പട്ടി) | 27 എണ്ണം |

ഇവ കൂടാതെ ഇച്ചിക്കു വേണ്ടിയല്ലെങ്കിലും നൂറോളം മുയലുകളെയും വളർത്തുന്നുണ്ട് . 75% വീടുകളിലും നാടൻ, സങ്കരവർഗ്ഗത്തിൽ പെട്ട കോഴികളെ അടുക്കള കോഴിവളർത്തൽ രീതിയിൽ വളർത്തുന്നുണ്ടെങ്കിലും വ്യാപകമായി കാണുന്ന രോഗങ്ങൾ കാരണം അത് 50% ത്തോളമായി കുറഞ്ഞു വരികയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ അവയുടെ രോഗപ്രതിരോധ ശേഷി കുറക്കാൻ ഇടയാക്കുന്നത് ഇതിനൊരു കാരണമാണ്.

ഒരു നിരീക്ഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ കന്നുകാലികളിൽ നിന്നും ഏകദേശം ശരാശരി 3000 ലിറ്റർ പാൽ ദിനം പ്രതി ഉൽപ്പാദിപ്പിക്കുന്നതായി കണക്കാക്കാം. എന്നാൽ വീട്ടാവശ്യം കഴിച്ച് ഉണ്ടാക്കുന്ന പാൽ സംഭരിക്കാനോ, സംസ്കരിക്കാനോ പഞ്ചായത്തിൽ യാതൊരു സംവിധാനവും ഇല്ല എന്നത് ഒരു വസ്തുതയാണ്. ഈ കാരണവും, കാലിത്തീറ്റയുടെ വില വർദ്ധനവ്, വൈക്കോലിന്റെയും, പച്ചപ്പുല്ലിന്റെയും ലഭ്യതക്കുറവ്, ച്കിത്സാ സൗകര്യങ്ങളുടെ കുറവ്, എന്നിവ കാലി വളർത്തലിനെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. ഇതു കൂടാതെ മുൻകാലത്തെ അപേക്ഷിച്ച് ഗൾഫ് പണത്തിന്റെ സ്വാധീനം അവിടുത്തെ മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യതകൾ എന്നിവ പഞ്ചായത്തിൽ ഭൂരിപക്ഷം പേരെയും ഈ രംഗത്തു നിന്നും പിറകോട്ട് മാറ്റിയിരിക്കുന്നു.

## മൃഗസംരക്ഷണരംഗത്ത് നിലവിലുള്ള സൗകര്യങ്ങൾ

1. ചെറിയമുണ്ടം പഞ്ചായത്തിൽ 7-ാം വാർഡിൽ പറപ്പൂത്തടത്തിൽ ഒരു ഊർജ്ജിത കന്നുകാലി കേന്ദ്രം (ഐ.സി.ഡി.പി. സബ്സെന്റർ) ഉണ്ട്. 1990 മേയ്മാസത്തിൽ തുറന്ന ഈകേന്ദ്രത്തിൽ 1996 ഫിബ്രവരി വരെയും ഭാഗിക പ്രവർത്തനം മാത്രമാണ് ഉണ്ടായിരുന്നത്. അവിടെ ചാർജ്ജുള്ള ജീവനക്കാരന് മറ്റ് രണ്ടു പഞ്ചായത്തുകളിൽ കൂടി ഉത്തരവാദിത്വം ഉണ്ടായിരുന്നതിനാലാണ് ഈ സ്ഥിതി ഉണ്ടായത്. ഇവിടെ ഇപ്പോൾ നിത്യവും തുറന്നു പ്രവർത്തിക്കുന്നുണ്ട്. കൃത്രിമ ബീജധാന പ്രവർത്തനവും, പ്രഥമിക ച്കിത്സകളും ഇവിടെ ലഭ്യമാണ്.

2. ചെറിയ മുണ്ടം പഞ്ചായത്തിൽ 6-ാം വാർഡിൽ പനമ്പാലത്ത് 1995-96 വർഷത്തിൽ ഒരു വെറ്റിനറി ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അവിടെ താഴെ പറയുന്ന ജീവനക്കാർ ഉണ്ടായിരിക്കും.

വെറ്റിനറി സർജ്ജൻ-1, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ-1, അറ്റന്റന്റ്, പാർട്ട ടൈം സ്വീപ്പർ -1

കോഴിവളർത്തുന്ന 2 ഫാമുകൾ (സ്വകാര്യ മേഖലയിൽ) ചെറിയമുണ്ടത്തിൽ ഉണ്ട്. അതിൽ തലക്കടത്തൂർ ഫാം മോശമല്ലാത്ത രീതിയിലാണ് പ്രവർത്തിക്കുന്നത്.

## സാദ്ധ്യതയും പരിഹാരവും

1.രണ്ടു മൃഗാശുപത്രികളോ, സംരക്ഷ കേന്ദ്രങ്ങളോ തമ്മിലുള്ള അകലം ശരാശരി 3 കി.മി. എങ്കിലും വേണമെന്ന് ചട്ടമുള്ളതിനാൽ നിലവിൽ പറപ്പൂതടുത്തുള്ള ഐ.സി.ഡി.പി. സബ്സെന്റർ ചെറിയമുണ്ടം പഞ്ചായത്തിന്റെ വടക്കുഭാഗത്തേക്കോ, തലക്കടത്തൂർ, ഓവുങ്ങൽ എന്നിവിടങ്ങളിലേക്കോ മാറ്റി സ്ഥാപിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്ഥലവാസികൾ (പറപ്പൂതടം) ക്ക് ഭിന്നാഭിപ്രായം ഉണ്ടാകാമെങ്കിലും കന്നുകാലികളുടെ പരമാവധി സുരക്ഷിതത്വം ഒരു പ്രധാന ഘടകമാണ്. ഇപ്പോൾ ഇത് വേണ്ടത്ര ഇല്ല എന്നതാണ് യഥാർത്ഥ്യം.

2. പഞ്ചായത്തിൽ ചുടലപ്പുറം, ഇരിങ്ങാവൂർ എന്നിവിടങ്ങളിൽ ഓരോ കൃത്രിമ ബീജധാന

കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് അവിടുത്തെ കർഷകർക്ക് അനുഗ്രഹമാകും. എല്ലാ വാർഡിലും മൃഗാശുപത്രികൾ വേണമെന്ന ഗ്രാമസഭകളുടെ ആവശ്യം ഇന്നത്തെ സാഹചര്യത്തിൽ പ്രയോഗികമല്ല.

3. പഞ്ചായത്തിൽ രണ്ടോ, മൂന്നോ വാർഡുകൾ കേന്ദ്രീകരിച്ച് ക്ഷീരസഹകരണ സംഘങ്ങൾ രൂപീരിക്കേണ്ടതാണ്. കേവലം 10.50 രൂപക്ക് മേൽ ഷെയർ പിരിച്ച് 25 അംഗങ്ങളെ കേന്ദ്രീകരിച്ച് ഒരു സംഘം റജിസ്ട്ര് ചെയ്യാവുന്നതാണ്.

4. കന്നുകാലി വളർത്തൽ ലാഭകരമായി നടത്താച്ച്തീറ്റപ്പുൽ കൃഷിയും, സംസ്കരണവും നടപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, കൃഷി വകുപ്പ്, സഹകരണ വകുപ്പ് എന്നിവയുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ് നേപ്പിയർ, ഹൈബ്രിഡ് നേപ്പിയർ, ഗിനിഗ്രാസ് എന്നിവയുടെ കൃഷിരീതികളും, സൈലേജ്, ഹേ എന്നിവയുടെ സംഭരണം യൂറിയ ഉപയോഗിച്ച വൈക്കോൽ സംഭരണം എന്നിവയെ പറ്റിയും കർഷകരെ പഠിപ്പിക്കേണ്ടതും, ബോധവാന്മാരാക്കേണ്ടതുമാണ്.

5. പഞ്ചായത്തിൽ ഒരു കന്നുകാലിതീറ്റ സംസ്കരിച്ചെടുക്കുന്ന കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.പഞ്ചായത്തിന്റെ സഹയതേതോടെ സഹകരണ മേഖലയിൽ ആയിരിക്കണം ഇത്. കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭിക്കാൻ ഇത് കർഷകരെ സഹായിക്കും.

6. കന്നു കുട്ടികളെ കശാപ്പു ചെയ്യുന്നത് മൃഗസംരക്ഷണ വകുപ്പ് കർശനമായി നിരോധിച്ചിട്ടുണ്ടെങ്കിലും, ഇത് ഒരു പഞ്ചായത്തിലും പ്രാവർത്തികമാക്കിയിട്ടില്ല. അടിയന്തിരമായി ഇത് പാലിക്കേണ്ടതും അതു വഴി പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് പരിപാലിക്കപ്പെടേണ്ടതുമാണ്.

7. പശു, എരുമ എന്നിവയുടെ വർഗ്ഗ ഗുണവും, എണ്ണവും അതുവഴി ഉത്പാദനക്ഷമതയും പഞ്ചായത്തിൽ ഇന്നുള്ളതിന്റെ നാലിരട്ടിയായി വർദ്ധിപ്പിക്കേണ്ടതുമാണ്. ഇതിന് നയപരമായി തീരുമാനം എടുക്കേണ്ടതും, വിവിധ സംസ്ഥാന കേന്ദ്ര ഏജൻസികളുടെ സഹായം എല്ലാ തുറകളിലും തേടേണ്ടതുമാണ്.

8. കന്നുകാലികളുടെ മാംസം ശാസ്ത്രീയമായി സംസ്കരിക്കുനനതിന് അറവുശാലകളും, സംസ്കരണ കേന്ദ്രവും സ്ഥാപിക്കണം. കന്നുകാലികളെ ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ച ശേഷമ കശാപ്പു ചെയ്യാൻ പാടുള്ളു.

9. മുഴുവൻ കന്നുകാലികൾക്കും സൗജന്യ നിരക്കിൽ ഇൻഷൂറൻസ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ഇത് കർഷകരെ ഒരു പരിധി വരെ നഷ്ടത്തിൽ നിന്നും കരകയറാൻ സഹായിക്കും.

10. വാർഡ് അടിസ്ഥാനത്തിൽ വർഗ്ഗ ഗുണമുള്ള കന്നുകാലികൾക്ക് റജിസ്ട്രേഷൻ ഏർപ്പെടുത്തേണ്ടതാണ്. കഴിയുമെങ്കിൽ മറ്റു കന്നു കാലികളുടെ രജിസ്ട്രേഷനും ഏർപ്പെടുത്തണം.ഇത് പഞ്ചായത്തിലെ വർഷാവർഷം ഉള്ള കന്നുകാലികളുടെ കണക്കുകൾ അറിയാൻ സഹായകമാവും.

11. പഞ്ചായത്തിൽ ഒറ്റയോ, കൂട്ടമായോ, സഹകരണാടിസ്ഥാനത്തിലോ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടതാണ്. ഇതിന് കർഷകർക്ക് പരിശീലനവും, ധനസഹായവും നല്കേണ്ടതാണ്. മൃഗസംരക്ഷണം, ക്ഷീര, കർഷക വകുപ്പുകൾ ഇതിന് മുൻകൈ എടുക്കേണ്ടതാണ്.

12. കന്നുകാലി തൊഴുത്തുകൾ ശാസ്ത്രീയമായി നിർമ്മിക്കാൻ പരിശീലനവും ധനസഹായവും നല്കേണ്ടതാണ്. മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗം, കാലിവസന്ത എന്നിവക്ക് പ്രതിരോധ കുത്തിവെയ്പ്പ് സൗകര്യവും വേണം.

13. പഞ്ചായത്തിൽ ക്ഷീര വികസന വകുപ്പിന്റെ ശ്രദ്ധയും സഹായവും വ്യാപിപ്പിക്കേണ്ടതാണ്.

14. ഇത്തരം പ്രവർത്തനങ്ങൾ സംയോജിപ്പിക്കാനും, വിജയിപ്പിക്കാനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഉപദേശകസമിതിയോ, കർമ്മ സമിതിയോ രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതാണ്.

## കോഴിവളർത്തൽ

1. ഇറച്ചിക്കോഴി വളർത്തൽ

ചുരുങ്ങിയ മുതൽ മുടക്കിൽ തൊഴിൽ രഹിതർക്ക് ഉപകരിക്കുന്ന ഒരു പദ്ധതിയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഗുണനിലവാരം കുറഞ്ഞ കോഴികളെയാണ് ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നത്.

### സാദ്ധ്യതയും പരിഹാരവും

പഞ്ചായത്തിൽ 11 വാർഡുകളിലും തിരഞ്ഞെടുത്തവർക്ക പരിശീലനം നല്കി ഇറച്ചിക്കോഴി വളർത്തൽ വ്യാപിപ്പിക്കേണ്ടതാണ്. ഇതിന് ഗൾഫ് പണവും, ബാങ്ക് ലോണുകളും, സബ്സിഡികളും ലഭ്യമാക്കേണ്ടതാണ്. 50000 രൂപ വരെ അനുവദിക്കാൻ ഇതിന് വ്യവസ്ഥ ഇപ്പോൾ തന്നെയുണ്ട്. പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷൻ തൊഴിൽ വകുപ്പ്, കൃഷിവകുപ്പ്,സഹകരണസ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവയുടെ മേൽ സമ്മർദ്ദം ചെലുത്താൻ പഞ്ചായത്ത് ഭരണകൂടം ശ്രദ്ധിക്കേണ്ടതാണ്.

## മുട്ടക്കോഴി വളർത്തൽ

പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ മുട്ട മുഴുവൻ ഇപ്പോൾ ഇറക്കുമതി ചെയ്യുകയാണ്. ഇത് ജനങ്ങൾക്ക് വ്യാപകമായ ധന നഷ്ടവും ഉണ്ടാകുന്നു.

### സാദ്ധ്യതയും പരിഹാരവും

1. മൃഗസംരക്ഷണ വകുപ്പ്, പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖാന്തിരം എല്ലാ വീടുകളിലും അടുക്കളക്കോഴി വളർത്തൽ വ്യാപിപ്പിക്കേണ്ടതാണ്.

2. സൗജന്യ നിരക്കിൽ കോഴിക്കുഞ്ഞങ്ങളെ വിതരണം ചെയ്യുക.

3. സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ രൂപീകരിച്ച് പരിശീലനം നല്കുക

4. കർഷകർക്ക് ഇക്കാര്യത്തിൽ വേണ്ട പരിശീലനവും ധനസഹായവും ലഭ്യമാക്കുക.

5. കോഴി ഇറച്ചിയും, തുകലും, മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് കർഷകരെയും തൊഴിൽ രഹിതരെയും സജ്ജമാക്കി രംഗത്തിറക്കി വിപണന സാദ്ധ്യത തേടുക.

6.സൗജന്യമായി പ്രതിരോധ മാർഗ്ഗങ്ങളും, സൗജന്യ നിരക്കിൽ കോഴിത്തീറ്റയും ലഭ്യമാക്കുക.

## ആടുവളർത്തൽ

വർഷത്തിൽ ശരാശരി 2 പ്രസവം നടത്തുകയും ഉദ്ദേശം 2 ലിറ്റർ വരെ പാൽ ഉൽപാദിപ്പിക്കുകയും ചെയ്യുന്ന ' പാവപ്പെട്ടവന്റെ പശു' എന്ന അപര നാമധേയത്തിൽ അറിയപ്പെടുന്ന ഒരു വളർത്തു മൃഗമാണ് 'ആട്' . ആട്ടിൻപാൽ ഔഷധമൂല്യമുള്ള തുകൂടിയാണ്. മാംസംവും, തുകലും ലഭിക്കുന്നതിനു കൂടിയാണണ് ഇന്ന് ആടുകളെ വളർത്തുന്നത്. ഇന്നത്തെ നാടൻ ആടുകൾക്കുപരി. ബാർബാറി , സാനൻ, ജമതാപ്യാരി, മലബാറി, ആടുവർഗ്ഗത്തെ വളർത്തി വർഗ്ഗഗുണം ഉണ്ടാക്കേണ്ടിയിരിക്കുന്നു. എന്നാൽ മറ്റെല്ലാ കന്നുകാലികളെയും പോലെ തീറ്റസാധനങ്ങളുടെ വിലവർദ്ധനവ്, ഗൾഫ് പണത്തിന്റെ ആധിക്യം എന്നിവ ഈ രംഗത്തെ പിറകോട്ടടിപ്പിച്ചിരിക്കുന്നു. പഞ്ചായത്തിൽ 50% പേരും ഇന്ന് ഈ രംഗത്തില്ല. വീട്ടമ്മമാർക്ക് ഇത് ഒരു ആദായകരമായ തൊഴിലായി സ്വീകിരക്കാവുന്നതാണ്.

## സാദ്ധ്യതയും പരിഹാരവും

1. നാടൻ ആടുകളെ മേൽത്തരം ആടുകളുമായി ഇണ ചേർത്ത് വർഗ്ഗ ഗുണവും ഉല്പാദന ക്ഷമതയും ഉറപ്പാക്കുക. ഇതിന് മേൽത്തരം ആടുകളെ ഇറക്കുമതി ചെയ്ത് പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

2. പാവപ്പെട്ടവർക്ക് സൗജന്യമായും സൗജന്യ നിരക്കിലും ആടുകളെ വിതരണം ചെയ്യേണ്ടതാണ്. മൃഗസംരക്ഷണവകുപ്പും, സന്നദ്ധ സംഘടനകളും ഇതിന് മുൻകൈ എടുക്കണം. പട്ടികജാതി കുടുംബങ്ങളെയും, ദാരിദ്ര്യ രേഖക്ക് താഴെയുള്ള വർക്കും ഇതിൽ പ്രാമുഖ്യം നൽകണം.

3. ആടുകളുടെ മാംസം, പാൽ, തുകൽ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കാനും, വിതരണം ചെയ്യാനും പദ്ധതികൾ ആവിഷ്കരിക്കണം.

4. വ്യവസായികാടിസ്ഥാനത്തിൽ ആട് വളർത്തുന്നതിന് തയ്യാറാവുന്നവരെ തിരഞ്ഞെടുത്ത് പരിശീലനവും, ധനസഹായവും ലഭ്യമാക്കണം.

## മുയൽ വളർത്തൽ

പഞ്ചായത്തിൽ കൗതുകത്തിനു വേണ്ടി പോലും മുയൽ വളർത്തുന്നവരുടെ സംഖ്യ പരിമിതമാണ്.

## സാദ്ധ്യതകൾ

1. മാസത്തിൽ ശരാശരി ഒരു പ്രസവം നടത്തി എട്ടോ, പത്തോ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന മുയലുകളെ വളർത്താൻ കർഷകർക്ക് പരിശീലനവും, പദ്ധതികളും ആവിഷ്കരിക്കണം.

2. മേൽത്തരം മുയൽ വർഗ്ഗങ്ങളായ ചിഞ്ചില്ല, ന്യൂസ്‌ലാന്റ് വൈറ്റ് എന്നിവയുടെ വളർത്തുരീതി പഠിപ്പിക്കുക.

3. മറ്റു മാംസങ്ങളെ പോലെതന്നെ മുയൽമാംസത്തിന്റെ പോഷകമൂല്യങ്ങളെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കാൻ ബോധവത്കരണം നടത്തുക.

## കാട. ഗിനി, ടർക്കി കോഴിവളർത്തൽ

പഞ്ചായത്തിൽ ഇവയെ വളർത്തുന്നവർ വിരളമാണെങ്കിലും ഇവയേയും മറ്റു കോഴിവർഗ്ഗത്തെ വളർത്തുന്ന പദ്ധതികളുടെ രൂപത്തിൽ പോഷിപ്പിക്കാൻ കർഷകർക്ക് സഹായം നല്കാവുന്നതാണ്.

## താറാവു വളർത്തൽ

പഞ്ചായത്തിലെ കുളങ്ങളും, തോടുകളും നിറഞ്ഞ പരിസരങ്ങൾ താറാവു വളർത്തലിന് പറ്റിയതാണ്. കുറെ തൊഴിൽ രഹിതർക്ക് പ്ലാനോടു കൂടി പദ്ധതികൾ നടപ്പിലാക്കിയാൽ തൊഴിൽ ലഭിക്കുന്ന ഒരു രംഗമാണിത്. കർഷകർക്ക് ഒരു ഉപതൊഴിലായും ഈ രംഗം പടുത്തുയർത്താം.

## സാദ്ധ്യതകൾ, പരിഹാരങ്ങൾ

1. കർഷകർക്ക് താറാവു വളർത്തലിൽ പരിശീലനവും ധനസഹായവും നൽകുക.

2. താറാവു മാംസം, മുട്ട, തുകൽ എന്നിവ സംസ്കരിക്കുന്നതിന് ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുക. വിപണികൾ കണ്ടെത്തുക.

## പേവിഷ നിർമ്മാർജ്ജനം

പഞ്ചായത്തിൽ വളർത്തുനായകളെ വളർത്തുന്നവരുടെ എണ്ണം പരിമിതമാണ്. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകൾ മനുഷ്യർക്കും, മൃഗങ്ങൾക്കും പേവിഷബാധക്കിടയാക്കുന്നു.

## സാദ്ധ്യതയും പരിഹാരവും

1. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകളെ നശിപ്പിക്കാൻ ജനകീയ കമ്മിറ്റികളുടെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുക.

2. വളർത്തു നായകൾക്ക് നിർബ്ബന്ധമായും പ്രതിരോധ കുത്തിവെയ്പുകളും, ലൈസൻസും ഏർപ്പെടുത്തുക. ഇതിന് ബോധവൽക്കരണം നടത്തുക.

3. പഞ്ചായത്തിൽ നിലവിൽ ഉള്ളതും, ഇനി തുടങ്ങുന്നതുമായ മൃഗസംരക്ഷണ സ്ഥാപനങ്ങളിൽ ഔഷധങ്ങൾ, ഫർണിച്ചറുകൾ, ജോലിക്കാർ എന്നിവരെ ലഭ്യമാക്കുക.

## മത്സ്യ ബന്ധനം

പഞ്ചായത്തിൽ ചെറുതും വലുതുമായ 8 ൽ പരം തോടുകളും 16 ൽ പരം കുളങ്ങളും ഉണ്ടെന്നാണ് ഒരു താരതമ്യ പഠനത്തിൽ ലഭ്യമായ അറിവ്. ഇവയിൽ ചെമ്മീൻ, ചെമ്പല്ലി, ബ്രാൽ,കരിമീൻ തുടങ്ങിയ മത്സ്യൾ ലഭ്യമാണ്. പഞ്ചായത്തിൽ പരമ്പരാഗത രീതിയിൽ മത്സ്യം പിടിക്കുന്നവർ നിരവധിയാണ്. കൂടാതെ കടൽ മത്സ്യം വില്പന നടത്തുന്ന 150 ൽ പരം വ്യക്തികളും ഉണ്ട്.

പഞ്ചായത്തിൽ നിലവിൽ ഒറ്റ മത്സ്യവളർത്തു കേന്ദ്രവുമില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. തോടുകളിൽ തടയണ, ബണ്ട് എന്നിവ കെട്ടി ശാസ്ത്രീയാടിസ്ഥാനത്തിൽ കൃഷിവകുപ്പ്, മത്സ്യ ഫെഡ് എന്നിവയുടെ ആഭിമുഖ്യത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

2. മത്സ്യം വളർത്തുന്നതിലും, സംസ്കരണത്തിനും തിരഞ്ഞെടുക്കുന്നവർക്ക് പരിശീലനം നൽകുന്നതിനും വായ്പകൾ നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. പഞ്ചായത്തിലെ കുളങ്ങൾ, മത്സ്യ വളർത്തു കേന്ദ്രങ്ങളായി വികസിപ്പിക്കുക.

3.കർഷകർക്ക് സൗജന്യ നിരക്കിൽ മത്സ്യക്കുഞ്ഞുങ്ങളെ നല്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

4. പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് ഉപകരണങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക

5. മത്സ്യ വിപണനം നടത്തുന്ന തൊഴിലാളികൾക്ക് സൈക്കിൾ, ഗുഡ്സ് ഓട്ടോ, എന്നിവ വാങ്ങാൻ ധനസഹായം നൽകുക.

6. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനവും ശീതികരണ സൗകര്യവും നൽകുക.

7. മത്സ്യങ്ങൾ വളർത്തുന്ന കുളങ്ങളും, തോടുകളും, ജലാശയങ്ങളും മലിനപ്പെടുത്തുന്നതു തടയാൻ ബോധവത്കരണവും നടപടികളും സ്വീകരിക്കുക.

# വ്യവസായം

വ്യവസായ രംഗത്ത് വളരെയധികം പിന്നോക്കാവസ്ഥയിലാണ് നമ്മുടെ പഞ്ചായത്ത്. ചെറിയമുണ്ടം പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂനിറ്റുകളില്ല. 1984 ൽ തലക്കടത്തൂരിൽ ആരംഭിച്ച കെ..ഇ. എം. സി.ഒ. ഈ അടുത്തകാലത്ത് ഇരിങ്ങാവൂരിൽ പ്രവർത്തനമാരംഭിച്ച ബേബി വിറ്റ എന്നീ സ്വകാര്യ ചെറുകിട വ്യവസായ യൂനിറ്റുകളാണ് നമ്മുടെ പഞ്ചായത്തിലെ പരിമിതമായ വ്യവസായ യൂനിറ്റുകൾ

അടക്കയുമായി ബന്ധപ്പെട്ട പരമ്പരാഗതമായ വ്യവസായം വളരെകാലമായി ഈ പഞ്ചായത്തിൽ നിലനിന്നു വരുന്നു ഈ പഞ്ചായത്തിലെ തലക്കടത്തൂർ അങ്ങാടി അടക്കാ സംഭരണത്തിന്റേയും സംസ്ക്കരണത്തിന്റേയും കേന്ദ്രമായിരുന്നു. കൂടാതെ കൊപ്ര,, കശുവണ്ടി, കുരുമുളക്, എന്നീ കാർഷികോൽപന്നങ്ങളും തലക്കടത്തൂർ അങ്ങാടിയിൽ സംഭരണം നടത്തി സംസ്ക്കരിച്ച് തിരൂർ പൊന്നാനിപുഴ വഴി ഇവിടെ നിന്നും കയറ്റി അയച്ചിരുന്നു.

തലക്കടത്തൂർ അങ്ങാടി കേന്ദ്രീകരിച്ച് നടക്കുന്ന മറ്റൊരു പ്രധാന പരമ്പരാഗത വ്യവസായമാണ് കാലിച്ചാക്ക് വ്യവസായം. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും ജില്ലക്കു പുറത്തു നിന്നുമായി കാലിച്ചാക്കുകൾ ഇവിടെ എത്തിച്ച് കേടുപാടുകൾ തീർത്ത് കയറ്റി അയക്കുന്നു. ടിന്നുകൾ കേടുപാടുകൾ തീർത്ത് കയറ്റി അയക്കുന്ന ചില യൂനിറ്റുകളും ഇവിടെ പ്രവർത്തിച്ചു വരുന്നു. ചെറുകിട വ്യവസായ രംഗത്ത് ഏതാനും തടി, ഫർണ്ണിച്ചർ, യുണിറ്റുകളും ഓയിൽ മില്ലുകളും പ്രവർത്തിക്കുന്നുണ്ട്.

പരമ്പരാഗത കുടിൽ വ്യവ്യസായ രംഗത്ത് തഴപ്പായ, കുട്ട, മുറം, എന്നിവകളുടെ നിർമ്മാണം, മൺപാത്ര നിർമ്മാണം, എന്നിവ മുൻ കാലങ്ങളിൽ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. എന്നാൽ ഇന്ന് അത്തരം വ്യ

വസായങ്ങൾ ക്ഷയിച്ചു പോവുകയോ നാമ മാത്രമായി തീരുകയോ ചെയ്തിട്ടുണ്ട്. വനിതാ വ്യവസായ യൂനിറ്റുകൾ എന്നു പറയാൻ ഇരിങ്ങവൂരിലെ കുടുംബിനി കറി പൗഡർ യൂനിറ്റ് മാത്രമാണുള്ളത്. സഹകരണ മേഖലയിൽ തലക്കടത്തൂർ അരിക്കനട്ട് സൊസൈറ്റിയുടെ കീഴിൽ ഒരു ഓയിൽ ആന്റ് ഫ്ളവർ മിൽ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളേയും തൊഴിലാളികളേയും സംബന്ധിക്കുന്ന വിവരങ്ങൾ

| | പട്ടിക - 1 | | | | |
|---|---|---|---|---|---|
| No | ഇനം | എണ്ണം | പുരുഷൻ | സ്ത്രീ | ആകെ |
| 1 | ഓയിൽ മിൽ | 8 | 16 | - | 16 |
| 2 | ഫർണ്ണിച്ചർ വർക്ക്സ് | 3 | 12 | - | 12 |
| 3 | എൻഞ്ചിനിയറിംഗ് | 1 | 6 | - | 6 |
| 4 | ഭക്ഷ്യസംസ്ക്കരണം | 1 | 2 | 14 | 16 |
| 5 | അച്ചടി | 1 | 3 | - | 3 |
| 6 | അച്ചാർ & കറിപൗഡർ | 1 | 0 | 4 | 4 |
| 7 | ഫ്ളവർ മില്ലുകൾ | 9 | 12 | - | 12 |
| 8 | പപ്പടം | 3 | 3 | 3 | 6 |
| 9 | സോപ്പ് | 1 | 4 | - | 4 |
| 10 | റബ്ബർ വർക്ക്സ് | 1 | 12 | - | 12 |
| 11 | ഇൻഡസ്ട്രിയൽ | 3 | 6 | - | 6 |
| 12 | അടയ്ക്ക സംസ്ക്കരണം | 4 | 70 | 80 | 150 |
| 13 | കാലിച്ചാക്ക് | 19 | 150 | - | 150 |
| 14 | ടിന്ന് | 2 | 6 | - | 6 |
| | ആകെ | 57 | 302 | 101 | 403 |

## പ്രശ്നങ്ങൾ

പടിഞ്ഞാറ് തിരൂർ മുൻസിപ്പാലിറ്റിയും താനാളൂർ പഞ്ചായത്തും വടക്ക് കിഴക്ക് പൊൻമുണ്ടം വളവന്നൂർ പഞ്ചായത്തും തെക്ക് തലക്കാട് പഞ്ചായത്തും തിരൂർ മുൻസിപ്പാലിറ്റിയും ചെറിയമുണ്ടം പഞ്ചായത്തിന്റെ അതിരുകളാണ്. ഭൂമിശാസ്ത്രപരമായ പരിമിതി, വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ വ്യാവസായികമായ അവബോധക്കുറവ് തുടങ്ങിയവ പഞ്ചായത്തിന്റെ വ്യവസായിക പിന്നോക്കാവസ്ഥക്കുള്ള കാരണങ്ങളാണ്. വ്യവസായിക വികസനത്തിന് ആവശ്യമായ ഗതാഗതം വൈദ്യുതി തുടങ്ങിയവ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വേണ്ടത്ര വികസിച്ചിട്ടില്ല.

11.27 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 25760 വരുന്ന ജനസംഖ്യയും 4466 വീടുകളുള്ള ഈ പഞ്ചായത്തിൽ ഉപ്തൊട്ട് കർപ്പൂരം വരെ പുറത്തുനിന്നും വരുത്തി ഉപയോഗിക്കുന്ന പ്രവണത വളരെ ഗൗരവത്തോടെ കാണേണ്ട വിഷയമാണ് .

ഉയർന്ന സാക്ഷരതാ നിരക്ക് ആരോഗ്യ പരിപാലന രംഗത്തെ വളർച്ച, ഗതാഗത വാർത്താ വിനിമയ രംഗത്തുണ്ടായ പുരോഗതി, ഉയർന്ന ഉപഭോഗ നിലവാരം, ആഡംബര വസ്തുക്കളോടുള്ള ജനങ്ങളുടെ അമിതമായ ഭ്രമം ഗൾഫ് വരുമാനത്തിന്റെ ആധിക്യം എന്നിവ ഈ പഞ്ചായത്തിന്റെ വ്യവസായിക പുരോഗതിക്കുള്ള സാധ്യതകളാണ്. എന്നിട്ടുപോലും നമ്മുടെ പഞ്ചായത്തിൽ വ്യവസായ യൂനിറ്റുകൾ ഉയർന്നുവരാത്തതിന്റെ കാരണങ്ങൾ സമഗ്രമായ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

1. മുഖ്യകാർഷികോല്പന്നമായ നാളികേരം ഉപയോഗപ്പെടുത്തികൊണ്ടുള്ള വ്യവസായങ്ങളുടെ അഭാവം
2. രൂക്ഷമായ വോൾട്ടേജ് ക്ഷാമം, വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള കാലതാമസം
3. പരമ്പരാഗത കൈതൊഴിൽ മേഖലയിൽ വിപണന സാധ്യതയുള്ള ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള വൈദഗ്ധ്യമില്ലായ്മ.
4. സഹകരണ മേഖലയുടെ പങ്കാളിത്തമില്ലായ്മ
5. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിലാളികളുടെ അഭാവം
6. വ്യവസായ മേഖലയോടുള്ള സമ്പർക്കകുറവ്.
7. വ്യവസായംതുടങ്ങുവാൻആവശ്യമായിട്ടുള്ള സാങ്കേതികജ്ഞാനക്കുറവ്
8. സാമൂഹ്യ ചുറ്റുപാടുകളുടെ സമ്മർദ്ദം മൂലം സ്ത്രീകൾ പൊതുവെ തൊഴിൽ രംഗത്തിറങ്ങാൻ കാണിക്കുന്ന വിമുഖത
9. വ്യവസായിക അവബോധമില്ലായ്മ കാരണം ഗൾഫ് നിക്ഷേപങ്ങൾ, പ്രത്യുൽപാദനപരമായ സംരഭങ്ങളിൽ വിനിയോഗിക്കാതെ ആഡംബരത്തിനായി ചെലവാക്കുന്ന പ്രവണത.

## സാധ്യതകൾ

സാമ്പത്തികമായി പൊതുവെ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ് നമ്മുടേത്. വ്യവസായ രംഗത്ത് മുതൽമുടക്കാൻ സാമ്പത്തിക ശേഷിയുള്ള ആളുകളും അതിനാവശ്യമായിട്ടുള്ള തൊഴിൽ ശക്തിയും നമ്മുടെ പഞ്ചായത്തിൽ വേണ്ടത്രയുണ്ട്. ചെറുകിട വ്യവസായരംഗത്ത് മറ്റു സംസ്ഥാനങ്ങൾ കൈവരിച്ച വളർച്ച നമുക്ക് മാതൃകയാവേണ്ടതാണ്.

ഈ പഞ്ചായത്തിലെ മുഖ്യ ഉല്പന്നമായ നാളികേരം ഉപയോഗപ്പടുത്തിയുള്ള വ്യവസായങ്ങൾ ഇവിടെ ഉയർന്നുവരേണ്ടത് ആവശ്യമാണ്. തെങ്ങ് തേങ്ങ, ചിരട്ട എന്നിവ

ഉപയോഗിച്ചുള്ള വ്യവസായങ്ങളെപ്പറ്റി ആവശ്യമായ ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കാൻ കഴിയും. വസ്ത്ര നിർമ്മാണ രംഗത്തെ സാധ്യതകളും നാം പ്രയോജനപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്യുന്ന അടക്ക, വെറ്റില, എന്നിവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ബോധവൽക്കരണ നടപടികൾ ആരംഭിക്കേണ്ടതുണ്ട്. തലക്കടത്തൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അടയ്ക്കാ, കാലിച്ചാക്ക് , ടിന്ന്, തുടങ്ങിയ വ്യവസായങ്ങൾ ആധുനിക വൽക്കരണ സാധ്യതയുള്ളവയാണ്.

ചുരുങ്ങിയ മൂലധന നിക്ഷേപത്തോടെ ആരംഭിക്കാവുന്നതും ഏറെ വിപണന സാധ്യതകളുള്ളതുമായ ചെറുകിട വ്യവസായ യൂനിറ്റുകൾ ജനറൽ, വനിത, സഹകരണം, എന്നീ ക്രമത്തിൽ പട്ടിക തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക1

### ജനറൽ

1. ഹവായ് ചെരുപ്പ് നിർമ്മാണം.
2. മരം ഫർണ്ണിച്ചർ
3. കാലിത്തീറ്റ നിർമ്മാണം
4. പ്ലാസ്റ്റിക് കവർ നിർമ്മാണം
5. പേപ്പർ കവർ നിർമ്മാണം
6. ഇരുചക്രവാഹനങ്ങളുടെ വർക്ക് ഷോപ്പ്
7. വിനാഗിരി നിർമ്മാണം
8. ഇലക്ട്രിക് സ്റ്റബിലൈസർ
9. എമർജൻസി സിസ്റ്റം
10. ഡിറ്റർജന്റ് ലിക്വിഡ്
11. പ്ലാസ്റ്റിക് പാത്രങ്ങൾ
12. അലുമിനിയം പാത്രങ്ങൾ
13. പ്ലാസ്റ്റിക് ബട്ടൻ
14. എഞ്ചിനിയറിംങ്ങ് യുണിറ്റുകൾ
15. ഷൂ നിർമ്മാണം.
16. ഓട്ടോഇലക്ട്രിക് ഷോപ്പ്
17. ക്ലീനിംഗ് പൗഡർ നിർമ്മാണം.
18. ലെതർ ഉൽപന്നങ്ങൾ
19. സ്റ്റീൽ ഫർണ്ണിച്ചറുകൾ
20. കിടക്ക നിർമ്മാണം
21. ബേക്കറി ഉൽപന്നങ്ങൾ
22. ശീതള പാനീയങ്ങൾ
23. പാൽ ഉൽപന്നങ്ങൾ
24. നാളികേരം കൊണ്ടുള്ള വിവിധ ഉൽപ ന്നങ്ങൾ
25. മാംസ സംസ്ക്കരണ യൂനിറ്റ്
26. പട്ടുനൂൽ വ്യവസായം
27. മത്സ്യ സംസ്ക്കരണം
28. വിവിധ ഇനം ഇലക്ട്രോണിക് ഉൽപന്നങ്ങൾ
29. പെയ്ന്റ് നിർമ്മാണം
30. അടക്കാപ്പാക്ക് നിർമ്മാണം
31. മെഴുകുതിരി നിർമ്മാണം
32. റെഡിമെയ്ഡ് വസ്ത്രങ്ങൾ
33. സിനിമാശാല
34. ആഭരണ നിർമ്മാണം

### ചെറുകിട വനിതാ വ്യവസായങ്ങൾ

1. അടക്ക സംസ്ക്കരണം
2. കോഴിവളർത്തൽ
3. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
4. നോട്ടുബുക്കു നിർമ്മാണം
5. കറിപൗഡർ
6. ജാം അച്ചാർ, യൂനിറ്റുകൾ
7. വിവിധ പഠനോപകരണങ്ങളുടെ നിർമ്മാണം
8. ആയൂർവ്വേദ മരുന്നുകളുടെ നിർമ്മാണം
9. മിഠായി നിർമ്മാണം
10. മൺപാത്ര വ്യവസായങ്ങൾ
11. മുള, ചിരട്ട, മുതലായവ കൊണ്ടുള്ള കര

കൗശല വസ്തുക്കളുടെ നിർമ്മാണം
12. ചിരട്ട പൗഡർ നിർമ്മാണം
13. കശുവണ്ടി സംസ്ക്കരണം
14. പപ്പട നിർമ്മാണം



## ചെറുകിട സഹകരണ വ്യവസായ യൂനിറ്റ്

1. കൊപ്ര സംസ്ക്കരണം
2. അലക്കുസോപ്പു നിർമ്മാണം
3. സോപ്പുപൊടി നിർമ്മാണം
4. ഹോളോ ബ്രിക്സ് നിർമ്മാണം
5. ഇഷ്ടിക നിർമ്മാണം
6. സിമന്റ് കട്ട നിർമ്മാണം.
7. ചകിരിച്ചോറുകൊണ്ടുള്ള ജൈവവള നിർമ്മാണം
8. പ്രിന്റിംഗ് കോപ്ലക്സ്

## മറ്റു സാദ്ധ്യതകൾ

ചെറിയമുണ്ടം, പൊന്മുണ്ടം, വളവന്നൂർ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു നാളികേര കോപ്ലക്സ് സ്ഥാപിക്കുവാനും ഐ. വി. ഗ്ലൂക്കോസ്, ഡിസ്പോസിബിൾ സിറിഞ്ച് നിർമ്മാണ യൂനിറ്റുകൾ സ്ഥാപിക്കാൻ സാദ്ധ്യതകൾ ഉണ്ട്.

## നിർദ്ദേശങ്ങൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. ആവശ്യനുസരണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. തിരൂർ ഇലക്ട്രിസിറ്റി സബ്സ്റ്റേഷന്റെ കപ്പാസിറ്റി 66 കെ. വി. യിൽ നിന്നും 110 കെ.വി. യായി ഉയർത്തുക.
3. നിർദ്ദിഷ്ട എടപ്പാൾ- തിരൂർ 66 കെ.വി. ടവർ ലൈനിന്റെ നിർമ്മാണം എത്രയും പെട്ടന്ന് പണി പൂർത്തിയാക്കുക
4. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള എല്ലാ ലൈനുകളും ത്രീ ഫേസ് ആക്കി മാറ്റുക.
5. വ്യവസായം തുടങ്ങാൻ ആഗ്രഹമുള്ളവരുടെ പട്ടിക തയ്യാറാക്കി അവർക്ക് ജില്ലാ വ്യവസായ കേന്ദ്രം മറ്റു അനുബന്ധ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ ആവശ്യമായ പരിശീലനം നൽകുക
6. വ്യവസായിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുക.
7. പഞ്ചായത്തിലെ പരന്നേക്കാട് പ്രദേശത്തെ സർക്കാർ സ്ഥലം ഉപയോഗപ്പെടുത്തി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക .. ഇവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക .
8. നാളികേരം ഉപയോഗിച്ച് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ ബോധവൽക്കരണം നാളികേര വികസന ബോർഡ്, കേരഫെഡ്, എന്നിവരുടെ സഹകരണത്തോടെ നൽകുക.
9. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്തെ സംരംഭകർക്കാവശ്യമായ പരിജ്ഞാനം ലഭ്യമാകുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹായത്തോടെ പരിപാടികൾ ആവിഷ്ക്കരിക്കുക
10. വ്യവസായ രംഗത്തെ പറ്റി പഠിക്കുവാൻ കഴിയുന്ന പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ വരുത്തുക.
11. ഗൾഫ് മേഖലയിലെ പണം പ്രത്യുൽപാദന മേഖലയിൽ ഉപയോഗിക്കുവാൻ, ആവശ്യമായ ബോധവൽക്കരണം അടിയിന്തിര

പ്രാധാന്യത്തോടെ നടത്തുക .

12. വ്യവസായിക വൽക്കരണത്തിന്റെ പ്രാധാന്യത്തെകുറിച്ച് വനിതകൾക്കിടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ആവശ്യമായ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തോടെ നടപ്പാക്കിയാൽ നമുക്ക് പഞ്ചായത്തിന്റെ വ്യവസായിക രംഗത്ത് ഇന്നുള്ള മുരടിപ്പ് മാറ്റുവാനും, അതുവഴി ഇവിടെ അനുഭവപ്പെട്ടുക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ വലിയതോതിൽ പരിഹരിക്കുവാനും കഴിയും. കൂടാതെ കാർഷിക വിളകൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ പുരോഗതികാർഷിക രംഗത്ത് മാറ്റങ്ങൾ സൃഷ്ടിക്കുവാനും അതുവഴി നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുവാനും ഇടവരുത്തും . ഇങ്ങനെ നമ്മുടെ പഞ്ചായത്ത് നിവാസികളുടെ സാമൂഹിക സാമ്പത്തിക, സാംസ്ക്കാരിക പുരോഗതിക്ക് ആക്കം കൂട്ടുന്ന മേൽപറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അധികൃതരിൽ നിന്നും ജനങ്ങളിൻ നിന്നും ആവശ്യമായ സഹകരണങ്ങൾ ഉണ്ടാകുന്ന പക്ഷം ഒരു പുതിയ വികസന സംസ്ക്കാരം നമ്മുടെ പഞ്ചായത്തിൽ വളർന്ന് വരുമെന്ന കാര്യത്തിൽ പക്ഷഭേദമില്ല.




# വിദ്യാഭ്യാസം

ചെറിയമുണ്ടം പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം 1915 മുതൽ ആരംഭിക്കുന്നു. ഇന്ന് ചെറിയമുണ്ടം എ.എം. എൽ.പി സ്കൂൾ എന്നറിയപ്പെടുന്ന ആലുംകുണ്ട് സ്കൂൾ മദ്രാസ് വിദ്യാഭ്യാസ ബോർഡിന്റെ കീഴിൽ ആണ്.സ്ഥാപിക്കപ്പെട്ടത്. അക്കാലത്ത് സെക്കണ്ടറി വിദ്യാഭ്യാസത്തിനായി 15 കി.മീ. നടന്ന് കോട്ടക്കൽ രാജാസ് ഹൈസ്കൂളിലോ ഏതാണ്ട് 10 കിമീ. നടന്ന് തിരൂർ ബോയ്സ് ഹൈസ്കൂളിലോ ഈ പ്രദേശത്തെ കുട്ടികൾ പോകണമായിരുന്നു. വളരെ ഏറെ വൈഷമ്യങ്ങൾ സഹിച്ചു പോലും ആ കാലയളവിൽ ബിരുദം നേടിയ ആളുകൾ ഉണ്ടായിരുന്നു എന്നാണ് പഴമക്കാർ പറയുന്നത്. ഈ പഞ്ചായത്തിൽ 1974 ൽ തലക്കടത്തൂർ ജി.എം എൽ.പി. സ്കൂളിനോടനുബന്ധിച്ച് സ്ഥാപിച്ച ചെറിയമുണ്ടം ഗവൺമെന്റ് ഹൈസ്കൂളാണ് പഞ്ചായത്തിലെ ഏക സെക്കണ്ടറി വിദ്യാലയം.

വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമോ കോളേജോ ഇല്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിതരണത്തിൽ നീതി പൂർവ്വമായ കാഴ്ചപ്പാട് ഉണ്ടായിരുന്നില്ല എന്ന് പട്ടിക പരിശോധിച്ചാൽ മനസ്സിലാകും.

കഴിഞ്ഞ 22 വർഷമായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടും, പുതിയ സ്കൂളുകൾ ഈ പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല

## പഞ്ചായത്തിലെ സ്കൂളുകൾ

പട്ടിക I

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | വാർഡ് | സ്ഥലം |
|---|---|---|---|
| 1 | ഗവ: മാപ്പിള എൽ.പി.സ്കൂൾ | 6 | ഇരിങ്ങാവൂർ |
| 2 | ഗവ: മാപ്പിള എൽ.പി.സ്കൂൾ | 3 | തലക്കടത്തൂർ |
| 3 | ഗവ: മാപ്പിള എൽ.പി.സ്കൂൾ | 4 | പൊന്മുണ്ടം സൗത്ത് |
| 4 | ഗവ: മാപ്പിള എൽ.പി.സ്കൂൾ | 5 | പറപ്പൂത്തടം |
| 5 | എ.എം.എൽ.പി.സ്കൂൾ | 9 | ഇരിങ്ങാവൂർ നോർത്ത് |
| 6 | എ.എം.എൽ.പി.സ്കൂൾ | 1 | തലക്കടത്തൂർ നോർത്ത് |
| 7 | എ.എം.എൽ.പി.സ്കൂൾ | 4 | ചെറിയമുണ്ടം |
| 8 | എസ്.വി.എ.യു.പി.സ്കൂൾ | 10 | ഇരിങ്ങാവൂർ |
| 9 | എ.എം.യു.പി.സ്കൂൾ | 6 | വാണിയന്നൂർ |
| 10 | ഗവ: ഹൈസ്കൂൾ, ചെറിയമുണ്ടം | 4 | ചെമ്പ്പുറം |

പട്ടിക I ൽ നിന്ന് 2,7,8,11 വാർഡുകളിൽ ഒരു വിദ്യാലയം പോലും ഇല്ല എന്ന വസ്തുത വ്യക്തമാകുന്നു.

### എൽ.പി. സ്കൂളുകൾ

വിദ്യാഭ്യാസത്തിന്റെ ആദ്യ ചവിട്ടുപടികളായി കണക്കാക്കപ്പെടുന്ന ലോവർ പ്രൈമറി സ്കൂളുകൾ ഈ പഞ്ചായത്തിൽ ആകെ 7 എണ്ണം മാത്രമാണുള്ളത്. 4 എണ്ണം സർക്കാർ മേഖലയിലും 3 എണ്ണം സ്വകാര്യ മേഖലയിലും, ഇതു കൂടാതെ രണ്ട് യു. പി. സ്കൂളുക്കളിൽ എൽ.പി. വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. മൊത്തം 2600 വിദ്യാർത്ഥികൾ എൽ. പി. വിഭാഗത്തിൽ പഠിക്കുന്നു പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ എണ്ണം-തോറ്റിട്ടു തുടർന്നു പഠിക്കുന്നവർ, പഠനം നർത്തിയവർ എന്നിവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

## ലോവർ പ്രൈമറി സ്കൂളുകൾ

പട്ടിക II

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | തോറ്റവർ | പഠനം നിർത്തിയവർ |
|---|---|---|---|---|
| 1 | ജി.എം.എൽ.പി.സ്കൂൾ, ഇരിങ്ങാവൂർ | 218 | 14 | ഇല്ല |
| 2 | ജി.എം.എൽ.പി.സ്കൂൾ, തലക്കടത്തൂർ | 282 | 15 | 2 |
| 3 | ജി.എം.എൽ.പി.സ്കൂൾ,പൊന്മുണ്ടം സൗത്ത് | 227 | 10 | 2 |
| 4 | ജി.എം.എൽ.പി.സ്കൂൾ, പറപ്പൂത്തടം | 421 | 28 | ഇല്ല |
| 5 | എ.എം.എൽ.പി.സ്കൂൾ, ഇരിങ്ങാവൂർ (N) | 164 | 10 | 2 |
| 6 | എ.എം.എൽ.പി. സ്കൂൾ, തലക്കടത്തൂർ നോർത്ത് | 284 | 19 | ഇല്ല |
| 7 | എ.എം.എൽ.പി.സ്കൂൾ, ചെറിയമുണ്ടം | 285 | 19 | 1 |
| 8 | യു.പി.സ്കൂളിലെ എൽ.പി.വിഭാഗം | 719 | 42 | 9 |

## ഭൗതിക സാഹചര്യങ്ങൾ

4 സർക്കാർ എൽ.പി. സ്കൂളുകളിൽ 2 എണ്ണത്തിന് മാത്രമെ സ്വന്തമായി സ്ഥലമുള്ളു. ജി.എം. എൽ.പി. സ്കൂൾ തലക്കടത്തൂരും, ജി.എം എൽ. പി. സ്കൂൾ പൊന്മുണ്ടം നോർത്തും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ മേഖലയിലേയും എയിഡഡ് മേഖലയിലേയും മിക്ക സ്കൂളുകളുടെയും അവസ്ഥ ദയനീയമാണ്. കളിസ്ഥലം, ചുറ്റുമതിൽ, ക്ലാസ്സു മുറികൾ, ഫർണ്ണിച്ചറുകൾ എന്നിവയുടെ അപര്യാപ്തത മിക്ക സ്കൂളുടെയും പൊതുവെയുള്ള പ്രശ്നമാണ്. ഇതിനു പുറമെ അദ്ധ്യാപകരുടെ അപര്യാപ്തതയും ഉണ്ട്.

## പഠനനിലവാരം

എൽ.പി. സ്കൂളുകളിലെ 25% കുട്ടികളും നിരക്ഷരരാണ്. ശരാശരി ബുദ്ധിയുള്ളവർ 30%ആണ്. സാമാന്യം ബുദ്ധിയുള്ളർ 35% ഉം, ഭേദപ്പെട്ട ബുദ്ധിയുള്ളവർ 10% ഉം ആണ്.

**പട്ടിക- III വിദ്യാർത്ഥികളുടെപഠന നിലവാരം ലോവർ പ്രൈമറി തലം.**




## പഠന നിലവാരം കുറയുവാനുള്ള കാരണങ്ങൾ

1. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.
2. അദ്ധ്യാപക നിയമനത്തിനുള്ള കാലവിളംബം.
3. രക്ഷിതാക്കളുടെ താഴ്ന്ന ജീവിത നിലവാരവും, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള അജ്ഞതയും
4. സ്കൂളുകളിലേക്കുള്ള അകലം.
5. ഭൗതിക സാഹചര്യങ്ങൾക്കുമപ്പുറം കുട്ടികളെ ക്ലാസ്സു മുറികളിൽ ഉൾക്കൊള്ളിക്കുന്നതു മൂലം വ്യക്തിപരമായി ശ്രദ്ധിക്കുവാൻ കഴിയാതെ പോവുന്നത്.
6. പി.റ്റി.എയുടെ കാര്യക്ഷമതാ കുറവ്
7. മോണിറ്ററിംഗിന്റെ കുറവ്.

മേൽ പ്രസ്താവിച്ചിരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാര മാർഗ്ഗങ്ങൾ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട്.

## യു.പി. വിഭാഗം

പഞ്ചായത്തിൽ മൂന്ന് യു.പി. സ്കൂളുകളാണുണ്ടായിരുന്നത്. ഇതിൽ ഗവ. മേഖലയിലുള്ള തലക്കടത്തൂർ ഗവ: യു.പി. സ്കൂൾ, ചെറിയമുണ്ടം ഗവ: ഹൈസ്കൂളുമായി സംയോജിപ്പിച്ചു. ഇപ്പോൾ എയിഡഡ് മേഖലയിൽ രണ്ട് യു.പി. സ്കൂളുകളാണ് നിലവിലുള്ളത്. ഈ പഞ്ചായത്തിൽ 5,6,7 ക്ലാസ്സുകളിലായി മൊത്തം 1602 കുട്ടികൾ പഠിക്കുന്നു.

## യു.പി.സ്കൂൾ

പട്ടിക-IV

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | ആകെ കുട്ടികൾ | തോറ്റ് പഠനം നിർത്തിയവർ | പഠനം നിർത്തിയവർ |
|---|---|---|---|---|
| 1 | എസ്.വി.എ.യു.പി.സ്കൂൾ, ഇരിങ്ങാവൂർ | 498 | 20 | 10 |
| 2 | എ.എം.യു.പി. സ്കൂൾ, വാണിയന്നൂർ | 384 | 38 | 8 |
| 3 | ചെറിയമുണ്ടം ഗവ: ഹൈസ്കൂളിലെ യു.പി. വിഭാഗം | 720 | 65 | 8 |

യു.പി. സ്കൂളുകളുടെ ഭൗതിക സാഹചര്യം എൽ.പി. സ്കൂളുകളുടേതിൽ നിന്നും വ്യത്യസ്തമല്ല.

## ഹൈസ്കൂൾ വിഭാഗം

പഞ്ചായത്തിലെ ഏക ഹൈസ്കൂളാണ് ചെറിയമുണ്ടം ഗവ: ഹൈസ്കൂൾ. 1974 സെപ്തംബർ മാസത്തിൽ തലക്കടത്തൂർ ജി.എം.എൽ.പി. സ്കൂളിനോടനുബന്ധിച്ച് ആരംഭിച്ച ഹൈസ്കൂളിന് ബാലാരിഷ്ടതകൾ ഏറെയായിരുന്നു. കെട്ടിടം പണിയുന്നതിന് 25000 രൂപയും, ആവശ്യമായ സ്ഥലവും സ്പോൺസറിങ്ങ് കമ്മിറ്റി സംഭാവനയായി സർക്കാറിന് നൽകി. അന്ന് മൂന്ന് സ്കൂളുകൾ ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുകയും , നാല് ഷിഫ്റ്റായി ക്ലാസുകൾ നടക്കുകയുമാണ് ചെയ്തത്. കേരളമാകെ ശ്രദ്ധിക്കപ്പെട്ട സംഭവമായിരുന്നു അത്. 1980 ൽ തലക്കടത്തൂർ ഗവ: യു.പി. സ്കൂളിനും, ചെറിയമുണ്ടം ഗവ: ഹൈസ്കൂളിനും ചെനപ്പുറത്ത് പ്രത്യേകം കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുകയും അങ്ങോട്ടു മാറ്റുകയുമുണ്ടായി പിന്നീട് 1994 ജൂലൈ മാസം ഒന്നാം തിയ്യതി തലക്കടത്തൂർ ഗവ: യു.പി. സ്കൂൾ ചെറിയമുണ്ടം ഗവ: ഹൈസ്കൂളുമായി സംയോജിപ്പിക്കുകയും, 5 മുതൽ 10വരെ ക്ലാസുകൾ ഉള്ള ഹൈസ്കൂളായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. രജതജൂബിലി ആഘോഷിക്കുവാൻ ഏതാനും വർഷം മാത്രമുള്ള പ്രസ്തുത ഹൈസ്കൂളിന്റെ പരാധീനതകൾ ഏറെയാണ്. ആവശ്യത്തിനു സ്ഥലം ഉണ്ടെങ്കിലും രണ്ടു കെട്ടിടങ്ങളിലെ 22 ക്ലാസ്സു മുറികളിൽ, 32 ഡിവിഷനുകൾക്ക് ആവശ്യമായ 1408 കുട്ടികൾ ഞെങ്ങിഞെരുങ്ങി ഇരുന്നു പഠിക്കുന്നു. കുന്നിൻമുകളിൽ സ്ഥിതി ചെയ്യുന്ന സ്കൂളിലേക്ക് ഗതാഗത സൗകര്യം കുറവായതിനാൽ കുട്ടികൾക്ക് എത്തിച്ചേരുവാൻ വളരെ ബുദ്ധിമുട്ടാണ്. സമീപ പഞ്ചായത്തുകളിലെ വളവന്നൂർ യത്തീംഖാന ഹൈസ്കൂൾ, കല്പകഞ്ചേരി ഗവ: ഹൈസ്കൂൾ, ഏഴൂർ ഗവ: ഹൈസ്കൂൾ കല്ലിങ്ങപറമ്പ ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ പഠിക്കുന്ന നിരവധി കുട്ടികൾ ഈ പഞ്ചായത്തിലുള്ളവരാണ്.

## ഭൗതിക സാഹചര്യങ്ങൾ

പാട്ടത്തിൽ മാനുഹാജി സംഭാവനയായി നല്കിയിട്ടുള്ള ആറ് ഏക്കറോളം തരിശുഭൂമി ഈ സ്കൂളിന്റെ വകയായി കിടപ്പുണ്ട്. ആവശ്യത്തിന് കെട്ടിടങ്ങൾ ഇല്ല. കുടിവെള്ള ക്ഷാമം രൂക്ഷമാണ്. അദ്ധ്യാപകരുടെ കുറവ് എല്ലാ കാലത്തും ഉണ്ട്.

ഫർണിച്ചർ വേണ്ടത്ര ഇല്ല. വിസ്തൃതമായ ഒരു സ്റ്റേഡിയം പണിയുവാനുള്ള സ്ഥലമുണ്ടെങ്കിലും കുന്നിൻ നെറുകയിൽ നിരപ്പില്ലാതെ കിടക്കുന്നതു കൊണ്ട് കളിസ്ഥലമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. ചുറ്റുമതിൽ ഇല്ലാത്തതു കാരണം ഗ്രൗണ്ടിൽ കൂടി വാഹനങ്ങൾ സഞ്ചരിച്ച് പൊതു വഴിയായി മാറിയിരിക്കുന്നു.

ധാരാളം പരാധീനതകളും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും, ഉണ്ടായിരുന്നിട്ടുകൂടി നാട്ടുകാരുടെയും, അദ്ധ്യാപകരുടെയും സംയുക്ത പരിശ്രമ ഫലമായി ഈ ഹൈസ്കൂൾ പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പട്ടിക 5 ൽ കൊടുക്കുന്നു.

## ഭൗതിക സാഹചര്യങ്ങൾ

പട്ടിക-V

| | | | | | | വിദ്യാർത്ഥികൾ | | | അധ്യാപകർ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമനമ്പർ | സ്കൂളിന്റെ പേര് | ആൺകുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആകെയുള്ള മുറികൾ | ആൺകുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആകെ വേണ്ടവർ | നിലവിലുള്ളവർ | കൂടുതൽ വേണ്ടവർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | സ്റ്റാഫ് റൂം | [illegible] |
| 1 | G.M.L.P. സ്കൂൾ, ഇരിങ്ങാവൂർ | 109 | 99 | 218 | ഷെഡ് | 2 | 2 | 4 | 6 | 5 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 2 | G.M.L.P. സ്കൂൾ തലക്കടത്തൂർ | 155 | 127 | 282 | 7 | 4 | 2 | 6 | 10 | 10 | - | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | |
| 3 | G.M.L.P.S.പൊൻമുണ്ടം സൗത്ത് | 114 | 113 | 227 | 2 ഹാൾ | 3 | 2 | 5 | 6 | 5 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 4 | G.M.L.P.S. പറപ്പൂത്തടം | 215 | 206 | 421 | 4 | 9 | 1 | 10 | 10 | 6 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 5 | A.M.L.P.S.ഇരിങ്ങാവൂർ നോർത്ത് | 86 | 78 | 164 | 2 ഹാൾ | 4 | 7 | 11 | 5 | 5 | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | |
| 6 | A.M.L.P.S.തലക്കടത്തൂർ നോർത്ത് | 160 | 124 | 284 | 12 | 16 | 3 | 19 | 10 | 10 | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | |
| 7 | A.M.L.P.S. ചെറിയമുണ്ടം | 148 | 107 | 255 | 9 | 2 | 3 | 5 | 10 | 10 | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | |
| 8 | S.V.A.U.P.S. ഇരിങ്ങാവൂർ | 437 | 436 | 873 | 20 | 17 | 5 | 22 | 24 | 24 | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | |
| 9 | A.M.U.P.S. വാണിയന്നൂർ | 356 | 372 | 728 | 21 | 4 | 5 | 9 | 22 | 22 | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | |
| 10 | G.H.S. ചെറിയമുണ്ടം | 716 | 692 | 1408 | 22 | 18 | 6 | 24 | 38 | 31 | 7 | 3 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| | ആകെ | 2496 | 2054 | 4550 | 111 | 79 | 36 | 115 | 141 | 128 | 13 | 5 | 4 | 6 | 2 | 4 | |

## പഠനനിലവാരം

ഏതൊരു ഹൈസ്കൂളിനെ സംബന്ധിച്ചും SSLC വിജയശതമാനമാണല്ലോ പഠന നിലവാര മളക്കുന്നതിന്റെ മാനദണ്ഡം. കഴിഞ്ഞ 5 വർഷ ക്കാലത്തെ SSLC വിജയശതമാനം പരിശോധി ക്കാം.




പി.റ്റി.എ. യുടെ സഹകരണത്തോടെ കാര്യക്ഷ മമായി വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾ 1993 മുതൽ ഈ വിദ്യാലയത്തിൽ നടന്നു വരു ന്നു.

### പഞ്ചായത്തിലെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ക്കുള്ള കാരണങ്ങൾ.

### സ്കൂളുകളുടെ എണ്ണത്തിലുള്ള കുറവ്

ഈ പഞ്ചായത്തിൽ സ്കൂളുകളുടെ എണ്ണം കുറവാണ്. 2,7,8,11 വാർഡുകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഇല്ല. ചില വാർഡുകളിൽ അംഗൻ വാടികളോ, നഴ്സറി സ്കൂളുകളോ ഇല്ല. ശരാശരി 2.കി.മീ. നടന്നു വേണം ഒരു കുട്ടി എൽ. പി.സ്കൂളിൽ പോകുവാൻ, എൽ.പി. സ്കൂളുക ളുടെ എണ്ണത്തിന് ആനുപാതികമായി യു.പി. സ്കൂളുകളും ഹൈസ്കൂളുകളും ഇല്ല.

**2.അദ്ധ്യാപകരുടെ ദൗർലഭ്യം**

ഈ പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ ദൗർലഭ്യം ഒരു തീരാശാപമാണ്. ഹൈസ്കൂളിൽ 7 അദ്ധ്യാപകരുടെ കുറവ് ഇപ്പോ ഴുണ്ട്. സ്കൂൾ വർഷാരംഭത്തിൽ ഭൂരിപക്ഷം തസ്തികകളും ഒഴിഞ്ഞു കിടക്കുന്നത് സാധാര ണയാണ്. കണക്ക്, ഹിന്ദി, അറബി തുടങ്ങിയ വിഷയങ്ങൾക്ക് ദീർഘകാലം ഹൈസ്കൂളിൽ അദ്ധ്യാപരില്ലാതിരുന്നിട്ടുണ്ട്. പറപ്പൂത്തടം എൽ. പി. സ്കൂളിലും അധ്യയന വർഷം ആരംഭിച്ച് മാസ ങ്ങളോളം അധ്യാപകരുടെ ദൗർലഭ്യം അനുഭവ പ്പെടാറുണ്ട്.

### പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനാകർഷകമായതും രക്ഷിതാക്ക ളുടെ താല്പര്യക്കുറവും.

ഭൂരിപക്ഷം രക്ഷിതാക്കളും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളെ അനാകർഷകമായി കണക്കാക്കു ന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ പുറം മോടി യിൽ ആകർഷിക്കപ്പെട്ട് അതിന്റെ പിന്നാലെ പോവുന്ന പ്രവണത വർദ്ധിച്ചു വരുന്നു. ആദ്യഘ ട്ടങ്ങളിൽ സമ്പന്നരിൽ മാത്രമായിരുന്ന ഈ പ്രവ ണത ഇടത്തട്ടുകാരിലേക്കും വ്യാപിക്കുവാൻ തുട ങ്ങിയിട്ടുണ്ട്.

### സിലബസിന്റെ ഭാരക്കൂടുതൽ

സാധാരണക്കാരുടെ മക്കൾക്ക് പഠിക്കുവാൻ കഴിയാവുന്നതിലും അധികമാണ്. സ്കൂളിലെ പാഠ്യഭാഗങ്ങൾ. യു.പി. വിഭാഗത്തിലെ പാഠങ്ങൾ കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലും കൂടു തലാണ്.

### ബോധന രീതിയിലെ അശാസ്ത്രീയതയും കുട്ടികളുടെ താല്പര്യമില്ലായമയും.

അദ്ധ്യാപകനെ കേന്ദ്രീകരിച്ചുള്ള അധ്യയനമാണ് ഇന്ന് നിലവിലുള്ളത്. കുട്ടികൾ വെറും കേൾവിക്കാരും, കുട്ടികൾക്ക് വിദ്യാഭ്യാസത്തോട് മടുപ്പ് തോന്നുവാൻ ഇത് ഇടയാക്കുന്നു. അല്പമാത്രമായ അറിവ് നേടുന്നു എന്നതൊഴിച്ചാൽ അഭിരുചിയോ നൈപുണ്യമോ, പ്രത്യുല്പാദനപരമായ സംഭാവനയോ ഇന്നത്തെ വിദ്യാഭ്യാസം കൊണ്ട് കുട്ടിക്ക് ലഭിക്കുന്നില്ല. ഇത് കുട്ടികളിൽ താല്പര്യമില്ലായ്മ ഉളവാക്കുന്നു.

### ലൈബ്രറി, ലാബറട്ടറി, കായിക പരിശീലനം ഇവയുടെ അഭാവവും കാര്യക്ഷമതയില്ലായ്മയും.

മിക്ക സ്കൂളുകൾക്കും വായശാല, പരീക്ഷണശാല എന്നിവ ഇല്ല.ഉണ്ടെങ്കിൽ കൂടി കുട്ടികൾക്ക് അനുഭവയോഗ്യമല്ല. കായിക പരിശീലനം നാമമാത്രമാണ്. ഇത് പഠനം അനാകർഷകമാക്കുന്നു.

### അച്ചടക്കം.

' ചുട്ടയിലെ ശീലം ചുടല വരെ' എന്നാണല്ലോ ആപ്തവാക്യം. ചില വിദ്യാലയങ്ങളെങ്കിലും അച്ചടക്കം കൃത്യനിഷ്ഠ തുടങ്ങിയ കാര്യങ്ങളിൽ വളരെ പുറകിലാണ്. താഴ്ന്ന ക്ലാസ്സു മുതൽ ഇവ രണ്ടും ലഭിക്കാതെ പോവുന്നത് പഠന നിലവാരത്തെ വിപരീതമായി ബാധിക്കുന്നു.

### അങ്കൺ വാടികൾ

ശൈശവത്തിൽ തന്നെ കുട്ടികളെ വിദ്യാലയ ജീവിതത്തോട് അടുപ്പിക്കുവാൻ സഹായകരമായ സ്ഥാപനങ്ങളാണ് അങ്കൺ വാടികളും, നഴ്സറികളും. കളിക്കോപ്പുകൾ കൂടാതെ കളി പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങളാണ് പഞ്ചായത്തിലെ അങ്കൺവാടികൾ. ഇത് ന്യൂനതയാണ്.

### പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ 1 കിമീ. ചുറ്റളവിൽ ഒരു എൽ. പി. സ്കൂൾ എങ്കിലും ആരംഭിക്കുക. ഇതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ജനപങ്കാളിത്തത്തോടെ ലഭ്യമാക്കുക.

2. നിലവിലുള്ള വിദ്യാലയങ്ങൾക്ക് ആവശ്യമായ ക്ലാസ് മുറികളും മറ്റ് പ്രാഥമിക സൗകര്യങ്ങളും ലഭ്യമാക്കുക.

3. സ്കൂൾ ആരംഭത്തിൽ തന്നെ മുഴുവൻ തസ്തികകളും നികത്തുവാൻ ആവശ്യമായ നടപടികൾ മദ്ധ്യ വേനൽ അവധിക്കാലത്തു തന്നെ ചെയ്ത് അദ്ധ്യാപക ദൗർലഭ്യം പരിഹരിക്കുകയും സ്ഥിരം അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.

4. പി.റ്റി.എ കമ്മിറ്റികൾ പേരിനു മാത്രമെ മിക്ക വിദ്യാലയങ്ങളിലുമുള്ളു. അവരുടെ പ്രവർത്തനങ്ങളും അപര്യാപ്തമാണ്. ഈ സ്ഥിതി മാറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്ന പി.റ്റി.എ സംഘടിപ്പിക്കുകയും മാസത്തിൽ ഒരിക്കലെങ്കിലും കമ്മിറ്റി കൂടി സ്കൂൾ നിലവാരം വിലയിരുത്തി പരിഹാര പ്രവർത്തനങ്ങൾ നടത്തുകയും വേണം.

5. മാതാക്കളാണ് കുട്ടികളുടെ പഠനകാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടവർ. മാതൃസംഗമം വിളിച്ചു കൂട്ടി കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യണം.

6. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം സുദൃഢമാക്കുകയും, ഓരോ വിദ്യാർത്ഥിയെയും സംബന്ധിച്ച ഡയറി അദ്ധ്യാപകർ സൂക്ഷിക്കുകയും അവ രക്ഷി

താക്കളെ കാണിച്ച് വിലയിരുത്തുകയും വേണം.

7. പഠനം കൂടുതൽ താല്പര്യമുള്ളതാക്കുവാൻ എല്ലാ വിദ്യാലയങ്ങളോടും ചേർന്ന് പച്ചക്കറിത്തോട്ടം, കരകൗശല പരിശീലന കേന്ദ്രം എന്നിവ ആരംഭിക്കണം. കൂടാതെ വിരസമായ വിദ്യാലയ അന്തരീക്ഷം കൂടുതൽ രസകരമാക്കുവാൻ കളിപ്പാട്ടങ്ങളും, മറ്റു വിനോദ ഉപാധികളും കണ്ടെത്താൻ ശ്രമിക്കണം.

8. സ്കൂൾ അസംബ്ലി ആഴ്ചയിൽ ഒരിക്കൽ എങ്കിലും കൂടണം. യൂണിഫോം നിർബന്ധമാക്കണം.

9. സ്കൗട്ട്, എൻ.സി.സി തുടങ്ങി. സന്നദ്ധ സംഘടനകളുടെ യൂണിറ്റുകൾ എല്ലാ സ്കൂളുകളിലും ആരംഭിക്കണം.

10 കുട്ടികളിൽ നിന്നും ആനുകാലിക പ്രസിദ്ധീകരണങ്ങളും, ദിനപത്രങ്ങളും ശേഖരിച്ച് എല്ലാവർക്കും വായിക്കുവാനായി ഒരു സംവിധാനമുണ്ടാക്കണം.

11. എല്ലാ എൽ.പി. സ്കൂളുകളോടും അനുബന്ധിച്ച് പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കണം.

12. തലക്കടത്തൂർ ജി.എം. എൽ.പിയും പറപ്പൂത്തടം ജി.എം.എൽ.പിയും യു.പി. ആക്കി അപ്ഗ്രേഡ് ചെയ്യണം.

13. ഗവ: ഹൈസ്കൂളിനോടനുബന്ധിച്ച് വൊക്കേഷണൽ ഹയർസെക്കണ്ടറി ആരംഭിക്കുക. കൂടാതെ ചെറിയമുണ്ടം പഞ്ചായത്തിൽ ഒരു ITC ആരംഭിക്കുക

14. രക്ഷിതാക്കളിൽ ഒരു വിഭാഗം വിദേശത്ത് ജോലി നോക്കുന്നവരാണ്. മറ്റൊരു വിഭാഗം വിദ്യാഭ്യാസകാര്യങ്ങളിൽ അജ്ഞരുമാണ്. രാഷ്ട്രീയ -സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗിച്ച് രക്ഷിതാക്കൾക്ക് ആവശ്യമായ ബോധവത്കരണം നടത്തുന്നത് വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ സഹായകരമായിരിക്കും.

15. സമ്പന്നർക്കു മാത്രം വിദ്യാഭ്യാസം നൽകുവാനുതകുന്നതും രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കുന്നതുമായ അൺ എയ്ഡഡ്, ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ ഉടനടി നിർത്തലാക്കുക.

16. എന്യൂമറേഷൻ, കാർഡ് വെരിഫിക്കേഷൻ തുടങ്ങിയ മറ്റ് ജോലികളിൽ നിന്നും അദ്ധ്യാപകരെ ഒഴിവാക്കുക.

17. വിദ്യാഭ്യാസ ഓഫീസർമാരുടെ സ്കൂൾ പരിശോധന 3 മാസത്തിലൊരിക്കലെങ്കിലും നടത്തുക

18. 7,8,9,10,11 വാർഡുകൾ കേന്ദ്രീകരിച്ച് (നരിയറകുന്ന് സർക്കാർ സ്ഥലം ഉപയോഗപ്പെടുത്തി) ഒരു ഹൈസ്കൂൾ സ്ഥാപിക്കുക.

19. 8-ാം വാർഡിൽ എൽ.പി.. സെക്ഷൻ ഉള്ള ഒരു യു.പി. സ്കൂൾ പുതുതായി അനുവദിക്കുക.

20. 7-ാം വാർഡിലെ ചുടലപ്പുറം എന്ന സ്ഥലത്ത് സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഒരു ഗവ: എൽ. പി. സ്കൂൾ അനുവദിക്കുക.

21. 2-ാം വാർഡിൽ ഒരു എൽ.പി.സ്കൂളും, നഴ്സറി സ്കൂളും സ്ഥാപിക്കുക.



# കുടിവെള്ളവും
# പൊതുജന ആരോഗ്യവും

ഒരു ജനതയുടെ ആരോഗ്യകരമായ വളർച്ചക്ക് അവശ്യമായ ഘടകങ്ങളാണ് ശുദ്ധ ജലം, ശുദ്ധ വായു, ശുചിത്തമുള്ള പാർപ്പിടം, എന്നിവ കുടിവെള്ളത്തിനായ് നമ്മുടെ പഞ്ചായത്തിലെ 90% ത്തിലധികം ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 5025 കിണറുകളിൽ 1005 കിണറുകൾ വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ പകുതിയിലധികവും രൂക്ഷമായ കടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്. കേരള വാട്ടർ അതോറിറ്റിയുടെ ഒരു ബൂസ്റ്റർ പംമ്പിംഗ് സ്റ്റേഷൻ തലക്കടത്തൂർ അങ്ങടിക്ക് സമീപം (വാർഡ് 2) സ്ഥിതി ചെയ്യുന്നു. ഇവിടെ നിന്നാണ് ചെറിയമുണ്ടം ഗവ ഹൈസ്ക്കൂൾ ഗ്രൗണ്ടിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുന്നത്. ആകെ 54 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 16 കുഴൽ കിണറുകൾ ഉണ്ടെങ്കിലും എല്ലാം ഒരുപോലെ വെള്ളം കിട്ടുന്നവയല്ല. ശുദ്ധജലക്ഷാമമുണ്ടെങ്കിലും ജലജന്യ രോഗങ്ങളുടെ അതിപ്രസരം കുറവാണ്.

## കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാരങ്ങളും

### വാർഡ് I

തറയിൽ- തലപറമ്പ് റോഡ്, പൊന്നം കൊടുവത്ത് തലപറമ്പ് റോഡ്,, തലപറമ്പ്- ചട്ടിക്കൽ റോഡ് ഓവുങ്ങൽ കിഴക്കുഭാഗം, തറയിൽ കിഴക്കുഭാഗം, ഓവുങ്ങൽ- ചെറിയമുണ്ടം ഹൈസ്ക്കൂൾ ഇടവഴി എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. അത് പരിഹരിക്കാൻ ചെറിയമുണ്ടം ഹൈസ്ക്കൂൾ ഗൗണ്ടിലുള്ള ഓവർഹെഡ് ടാങ്കിൽ നിന്നും പൈപ്പ് ലൈൻ നൽകാവുന്നതാണ്.

തലപറമ്പ് ഭാഗത്ത് ഒരു കുഴൽ കി

ണർ കുഴിച്ചാൽ ഒരു പരിധിവരെ പരിഹാരം കാണാം

## വാർഡ് II

പടിഞ്ഞാറക്കര ഭാഗത്ത് ജലക്ഷാമം രൂക്ഷമാണ്. ഇപ്പോഴുള്ള അറ് ടാപ്പുകൾക്ക് പുറമെ എട്ട് ടാപ്പുകൾ കൂടി വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കുകയും രണ്ട് കുഴൽ കിണറുകൾകൂടി കുഴിക്കുകയും ചെയ്താൽ പ്രശ്നം പരിഹഹരിക്കാവുന്നതാണ്. കൂടാതെ ഇല്ലത്തു കുളത്തിൽ കിണർ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് ഹൗസ് കണക്ഷൻ കൊടുക്കണം.

## വാർഡ് III

നെടിയേടത്ത് ഇടവഴി പ്രദേശം, പുന്നത്തറ അംഗനവാടി പ്രദേശം ,തറയിൽ ഈന്തിങ്ങൽ ഇടവഴി തുടങ്ങിയ സ്ഥലങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ഇത് പരിഹരിക്കാൻ 14 ടാപ്പുകൾ സ്ഥാപിക്കേണ്ടതും വാർഡിലെ മൊത്തം വീടുകൾക്കും ഹൗസ് കണക്ഷൻ നൽകേണ്ടതുമാണ്.

## വാർഡ് IV

ലക്ഷം വീട്കോളനി, ബംഗ്ലാവുംകുന്ന് പ്രദേശം തുടങ്ങിയ സ്ഥലങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ഇപ്പോൾ ചെറിയമുണ്ടം ഹൈസ്ക്കൂൾ ഗ്രൗണ്ടിലുള്ള ഫ്ളാറ്റ് ടാങ്കിൽനിന്നും മോട്ടോർ ഓവർഹെഡ് ടാങ്കിലേക്ക് വെള്ളം പമ്പ്ചെയ്ത് വാർഡിന്റെ വിവിധ ഭാഗങ്ങളിലെത്തിക്കണം. മേൽപ്പറഞ്ഞ ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം.

## വാർഡ് V

ഈ വാർഡ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം ആയതിനാൽ കുടിവെള്ള ക്ഷാമം ഇവിടെ അതിരൂക്ഷമാണ് ഇപ്പേൾ 6



ടാപ്പുകൾ ഉണ്ടങ്കിലും അത് ഇവിടത്തെ ജലക്ഷാമം പരിഹരിക്കാൻ പര്യാപ്തമല്ല. ഈ വാർഡിലെ പരന്നേക്കാട് പ്രദേശത്ത് ധാരാളം കൊച്ചുവീടുകളുണ്ട് ഡിസംബർ മാസം മുതൽതന്നെ ഇവിടെ അതിയായ ജലക്ഷാമം അനുഭവപ്പെടുന്നു. ഇതിന് പരിഹാരമായി മാങ്കുളം പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

## വാർഡ് VI

അമ്പലപറമ്പ്, അരുമ്പ് തുരുത്ത് എന്നിവിടങ്ങളിലാണ് ജലക്ഷാമമുള്ളത്. ഇവിടെ ഓരോ കുഴൽ കിണർ കുഴിച്ചാൽ പ്രശ്നം പരിഹരിക്കാം..

## വാർഡ് VII

കുറുക്കോളിന്റെ പടിഞ്ഞാറു ഭാഗം, പൊരുത്തിപ്പാറ, ചുടലപ്പുറം പറപ്പുത്തടം, എന്നിവിടങ്ങളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കാൻ ചെറിയമുണ്ടം ഹൈസ്ക്കൂൾ ഗ്രൗണ്ടിലെ ടാങ്കിൽ നിന്നും പൈപ്പ്ലൈൻ കണക്ഷൻ നൽകുകയും അല്ലാത്തിടത്ത് കുഴൽ കിണർ കുഴിക്കുകയും വേണം.

## വാർഡ് VIII

കോട്ടകുന്ന് കോളനി, നരിയറകുന്ന് കോളനി എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കോട്ടക്കുന്ന് കോളനിയിൽ ഒരു കുഴൽ കിണർ കുഴിച്ചോ അല്ലങ്കിൽ കെ.ഡബ്ലിയു. എ. യുടെ പൈപ്പ് ലൈൻ പയ്യനങ്ങാടിയിൽ നിന്നും ദീർഘിപ്പിച്ചോ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

## വാർഡ് IX

അന്നങ്ങാട്ടു കോളനി,, കുറുപ്പും പടി എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമമുണ്ട്. അന്നങ്ങാട്ട് കോളനിയിൽ കുഴൽ കിണർ

കുഴിക്കുകയും പൂഴിക്കുന്നങ്ങാടിയിൽ കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്യുകയും ചെയ്താൽ ഒന്നര കിലോമീറ്റർ ചുറ്റളവിൽ വരുന്ന കുറുപ്പും പടിയിലും മറ്റു ജലക്ഷാമമുള്ള സ്ഥലങ്ങളിലും ജലവിതരണം സാധ്യമാകും .

### വാർഡ് X

എസ്. വി. എ. യു. പി. സ്ക്കൂൾ ആശാരിഷാറ, പൊറവഞ്ചേരിക്കാട് എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം നിലനിൽക്കുന്നു. കഴിയാവുന്നിടത്ത് കുഴൽ കിണർ കഴിക്കുകയും അല്ലാത്തിടത്ത് പൈപ്പലൈൻ ഇടുകയും ചെയ്യേണ്ടതാണ്. സ്ക്കൂൾ സമീപത്ത് ഒരു ടാപ്പ് അത്യാവശ്യമാണ്.

### വാർഡ് XI

ഉള്ളാടി തുരുത്ത്, മണ്ടകത്തിൽപറമ്പ്, ചുള്ളിക്കാട്ടിൽ ഇടവഴിക്ക് സമീപം, തൊട്ടിയറമ്പിൽ, പാലത്തിങ്ങൽ പള്ളിക്കു സമീപം എന്നിവിടങ്ങളിൽ ജലക്ഷാമമുണ്ട്. കുഴൽ കിണൽ കുഴിച്ചോ പൈപ്പ് ലൈൻ സ്ഥാപിച്ചോ ഇത് പരിഹരിക്കാവുന്നതാണ്.

## ചെറുകിയ ശുദ്ധജല പദ്ധതികൾ: ഇല്ലത്തുകുളം പദ്ധതി

പഞ്ചായത്തിൽ 2ാം വാർഡിൽ വയലിനരുകിൽ ഇല്ലത്തുകുളത്തിൽ ഒരു കിണർ കുഴിച്ച് ജല സംഭണിയുണ്ടാക്കി പമ്പ്ചെയ്യുകയാണെങ്കിൽ ഈ വർഡിലെ വിവിധ ഭാഗങ്ങളിൽ ശുദ്ധജലമെത്തിക്കുവാൻ കഴിയും

### പുഴിക്കുന്ന് പദ്ധതി

9ാം വാർഡിലെ പൂഴിംകുന്ന് അങ്ങടിക്കു സമീപം കിണർ കുഴിച്ച് കുറുംപ്പും പടി ഭാഗത്ത് ടാങ്ക് സ്ഥാപിച്ചു വാർഡിന്റെ വിവിധ ഭാഗങ്ങളിൽ ജലമെത്തിക്കാൻ കഴിയും.

## പഞ്ചായത്ത്തല പദ്ധതി

### മാങ്കുളം പദ്ധതി

5ാം വാർഡിലെ 13 സെന്റ് സ്ഥലത്തുള്ള മാങ്കുളം സാർക്കാരിന്റ നീക്കിയിരിപ്പ് സ്ഥലമാണ് ഈ കുളം എത്ര രൂക്ഷമായ ജലക്ഷാമമുള്ളപ്പോഴും വറ്റാത്ത ഒന്നാണ്. ഇപ്പോഴും കൃഷിക്കും മറ്റാവശ്യത്തിലും ധാരാളം ജനങ്ങൾ ഈ കുളം ഉപയോഗിച്ച് വരുന്നു. ഇത് ആഴത്തിലും നല്ല വിസ്താരത്തിലും കുഴിച്ച് പരന്നേക്കാട് ഭാഗത്ത് ടാങ്ക് നിർമ്മിച്ചാൽ അതിൽ നിന്നും പഞ്ചായത്തിന്റെ വിവീധ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ വഴി ശുദ്ധ ജലം എത്തിക്കാൻ കളിയും. കാരണം പരന്നേക്കാട് ഭാഗം ഉയർന്ന പ്രദേശമാണ്. സർക്കാർ ഈ കുളം പഞ്ചായത്തിനു വിട്ടുതരുകയാണെങ്കിൽ ചെറിയമുണ്ടം പഞ്ചായത്തിന്റെ കുടിവെള്ള ക്ഷാമത്തിന് ഒരു ശാശ്വത പരിഹാരമാകും. ഇതു വഴി ഹൗസ് കണക്ഷൻ നൽകാൻ സാധിക്കും അങ്ങനെയായാൻ പഞ്ചായത്തിന് കാര്യമായ വരുമാനം ഉണ്ടാക്കാവുന്നതാണ് .

### കരുവെട്ടുകുണ്ട് പദ്ധതി

6ാം വാർഡിൽ പനമ്പാലം പുഴയുടെ തെക്കുഭാഗത്ത് കരുവെട്ടുകുണ്ടിൽ കിണർ കുഴിച്ചു കോട്ടക്കുന്നിൽ ടാങ്ക് നിർമ്മിച്ചാൽ പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലത്തും ശുദ്ധജലം എത്തിക്കാൻ കഴിയും അതിലൂടെ ഇപ്പോഴുള്ള കുടിവെള്ള ക്ഷാമം പരഹരിക്കാൻ കഴിയും.

## കുടിവെള്ള ക്ഷാമം പ്രശ്നങ്ങളും പരിഹാരങ്ങളശും.

പഞ്ചായത്തിലെ മിക്ക വാർഡുകളിലും കുടിവെള്ള ക്ഷാമം നേരിടുന്നു. ഗ്രാമസഭകളിൽ വന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും വാർഡ് അടിസ്ഥാനത്തിൽ താഴെകൊടുക്കുന്നു.

| വാർഡ് | പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| I | ഭൂപ്രകൃതിയനുസരിച്ച് ഉയർന്ന പ്രദേശങ്ങളായ തറയിൽ- തലഷറമ്പ് റോഡ്, പൊന്നം കൊടുവത്ത്- തലപറമ്പ് റോഡ്, ഓവുങ്ങൽ കിഴക്കുഭാഗം, തറയിൽ കിളക്കുഭാഗം എന്നിവിടങ്ങളിലും, തറയിൽ- ചട്ടിക്കൽ റോഡ് ഓവുങ്ങൽ ഹൈസ്ക്കൂൾ ഇടവഴി എന്നിവിടങ്ങളിലും ജലക്ഷാമം നിലനിൽക്കുന്നു. | തലപറമ്പ് ഭാഗത്ത് ഒരു കുഴൽ കിണർ കുഴിച്ചും പൈപ്പ് ലൈൻ നൽകിയും പരിഹരിക്കാവുന്നതാണ്. |
| II | പടിഞ്ഞാറെക്കര ഭാഗത്ത് ജലക്ഷാമം രൂക്ഷമാണ് | നിലവിലുള്ള 6 ടാപ്പുകൾക്കു പുറമെ 8 എണ്ണം കൂടി കൂട്ടുക. രണ്ട് കുഴൽ കിണർ കുഴിക്കുക, ഇല്ലത്തുകുളത്തിൽ കിണർ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്യുക. |
| III | നെടിയേടത്ത് ഇടവഴി പ്രദേശം, പുന്നത്തറ അംങ്കണവാടി പ്രദേശം തറയിൽ ഈന്തിങ്ങൽ ഇടവഴി എന്നിവിടങ്ങളിൽ ജലക്ഷാമമുണ്ട് | പുതുതായി 14 ടാപ്പുകൾ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കുക. |
| IV | ലക്ഷംവീട് കോളനി, ബംഗ്ലാവുംകുന്ന് പ്രദേശം ജലക്ഷാമം രൂക്ഷമാണ്. | ചെറിയമുണ്ടം ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ നിന്നും വെള്ളം പൈപ്പ് ലൈൻ വഴി എത്തിക്കാൻ തീവ്രശ്രമം ആവശ്യമാണ് ടാങ്ക് പ്രവർത്തന ക്ഷമമാക്കുക. |
| V | പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം, പ്രത്യേകിച്ച് പരന്നേക്കാട്. ധാരാളം വീടുകൾ കുടിവെള്ള ക്ഷാമം നേരിടുന്നു | നിലവിലുള്ള ടാപ്പുകൾ അപര്യാപ്തമാണ്. കുഞ്ഞുറുക്ക് ഇടവഴിയിൽ 200 മീറ്റർ പൈപ്പ് നീട്ടി രണ്ടു ടാപ്പിടുക. കോളനിക്ക് താഴെ അംഗനവാടിയുടെ മുൻവശത്തുനിന്ന് 150 മീറ്റർ പൈപ്പ് ലൈൻ നീട്ടി രണ്ടു ടാപ്പിടുക. മൂന്നു കുഴൽ കിണർ സ്ഥാപിക്കുകയും മാങ്കുളം പദ്ധതി നടപ്പിലാക്കുക. |
| VI | അമ്പലപറമ്പ്, അരുമ്പു തുരുത്ത് എന്നിവിടങ്ങളിൽ ജലക്ഷാമമുണ്ട്. | ഈ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ച് പ്രശ്നം പരിഹരിക്കണം. |

| വാർഡ് | പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| VII | കുറുക്കോൾ പടിഞ്ഞാറുഭാഗം പൊരുത്തിപ്പാറ, ചുടലപ്പാറ<br><br>പറപ്പൂത്തടം ഭാഗങ്ങളിൽ ജലക്ഷാമമുണ്ട് ഇതെല്ലാം ഉയർന്ന പ്രദേശങ്ങളാണ്. | സാധ്യമായിടത്ത് കുഴൽ കിണർ കുഴിക്കുക.<br><br>ചെറിയമുണ്ടം ഹൈസ്ക്കൂൾ ഗ്രൗണ്ടിലെ ടാങ്കിൽ നിന്നും പൈപ്പ്ലൈൻ ഇടുക. |
| VIII | കോട്ടക്കുന്ന് കോളനി, നരിയറകുന്ന് കോളനി ജലക്ഷാമം രൂക്ഷം. | കോട്ടക്കുന്ന് കോളനിയിൽ കുഴൽ കിണർ കുഴിക്കുക. കെ. ഡബ്ലിയു. എ. യുടെ പൈപ്പ്ലൈൻ പയ്യനങ്ങാടിയിൽ നിന്നും ദീർഘിപ്പിക്കുക. |
| IX | അന്നങ്ങാട്ടു കോളനി കുറുപ്പും പടി എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷം. | അന്നങ്ങാട്ട് കോളനിയിൽ കുഴൽ കിണർ കുഴിക്കുക. പൂഴികുന്ന് പ്രദേശത്ത് കിണർ കുഴിച്ച് കുറുപ്പും പടിയിൽ ടാങ്ക്നിർമ്മിച്ചാൽ പ്രശ്നം പരിഹരിക്കാം |
| X | എസ്. വി. എ. യു. പി. സ്ക്കൂൾ പരിസസരം, ആശാരിപ്പാറ. പൊറവണ്ണേരിക്കാട് എന്നിവിടങ്ങളിൽ ജലക്ഷാമമുണ്ട്. | സാധ്യമായിടത്ത് കുഴൽ കിണർ കുഴിക്കുക. പൈപ്പ് ലൈൻ ഇടുക. |
| XI | ഉള്ളാടി തുരുത്ത് മണ്ടകത്തിൻ പറമ്പ്, ചുള്ളിക്കാട്ടിൻ ഇടവഴിക്ക് സമീപം, തൊട്ടിയിൽ പാലത്തിങ്ങൽ സമീപം- ജലക്ഷാമം | കുഴൽ കിണർ കുഴിക്കുക. പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| | | |

# ആരോഗ്യം

ഏതാനും വർഷം മുമ്പുവരേയും പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിച്ചു പോന്നത് പാരമ്പര്യ ചികിത്സാ രീതിയാണ്. ഇതിനായി ചുരുക്കം ചില പാരമ്പര്യ ചികിത്സാ കുടുംബങ്ങളെയാണ് ആശ്രയിച്ചു പോന്നത്. ഇപ്പോൾ പാരമ്പര്യ ചികിത്സാരീതിയോടൊപ്പം- ഹോമിയോ, അലോപ്പതി തുടങ്ങിയ ആധുനിക ചികിത്സാരീതികളും തുടർന്നു വരുന്നു. പഞ്ചായത്തിൽ ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നു കൂടാതെ ഇരിങ്ങാവൂരിൽ സ്വകാര്യ ക്ലിനിക്കും, കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടുകൂടിയ രണ്ട് സ്വകാര്യ ആശുപത്രികൾ തലക്കടത്തൂരിലും പ്രവർത്തിക്കുന്നു എങ്കിലും പഞ്ചായത്തിന്റെ ഈ രംഗത്തുള്ള സ്ഥിതി ശോചനീയമാണ്. ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കി അതുവഴി നമ്മുടെ പഞ്ചായത്തിനെ ഒരു മാതൃകാ പഞ്ചായത്താക്കി ഉയർത്തികൊണ്ടു വരിക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം ..

## സ്ഥാപനങ്ങളും, സേവനങ്ങളും

പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതു സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| പ്രാഥമിക ആരോഗ്യകേന്ദ്രം | 1 |
| ഹോമിയോ ആശുപത്രി | 1 |
| ഐ. പി. പി. ഉപകേന്ദ്രങ്ങൾ | 4 |

ആരോഗ്യ സംരംക്ഷണകാര്യത്തിൽ പൊതുജനങ്ങൾ, പ്രത്യേകിച്ചും സ്ത്രീകൾ തീരെ ബോധവാൻമാരല്ല. ആരോഗ്യ പ്രവർത്തകരുടെ നിഷ്ക്രിയത്വവും സ്ത്രീ വിദ്യാഭ്യാസത്തിന്റെ കുറവും, ഇതിന്റെ പ്രധാന കാരണങ്ങളാണ്.

പഞ്ചായത്തിലെ മൊത്തം വീടുകൾ 4466 ആണ് അതിൽ 3572 വീടുകൾക്ക് കക്കൂസ് ഉണ്ട് 20% വീടുകൾക്ക് കക്കൂസ് ഇല്ല. ഗ്രാമസഭളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരങ്ങളും താഴെ കാണും പ്രകാരം സംഗ്രഹിക്കാം.

## പരിസര ശുചിത്വം

പഞ്ചായത്തിൽ വ്യവ്യസായശാലകൾ ഒന്നും തന്നെയില്ല അതുകൊണ്ട് തന്നെ ആ വഴിക്കുള്ള അന്തരീക്ഷ മലിനീകരണം അത്ര രൂക്ഷമല്ല. എങ്കിലും മിക്ക ഗ്രാമസഭകളിൽ നിന്നും പരിസര സുചീകരണത്തിന്റെ അഭാവത്തെ പറ്റിയുള്ള പരാതികൾ ഉണ്ടായിട്ടുണ്ട്. പ്രധാനമായും ഈ പ്രശ്നം ഉയർത്തിയ ഗ്രാമസഭകളുടെ പരാതികളും പരിഹാരമാർഗ്ഗങ്ങളും താഴെ പറയും പ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

## പ്രശ്നങ്ങൾ

20ം വർഡിൽ തലക്കടത്തൂർ അങ്ങാടി പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു കച്ചവടമേഖലയാണ്. പ്രധാനകച്ചവട സാധനങ്ങൾ അടക്ക, കാലിച്ചാക്ക് എന്നിവയാണ്. ഇതുമായി ബന്ധപ്പെട്ടു ധാരാളം അളുകൾ ജോലിചെയ്യുന്നു. അതുപോലെ ധാരാളം അളുകൾ വന്നുപോവുകയും ചെയ്യുന്നു. ഈ കാലിചാക്ക് പ്രവൃത്തി മൂലം അന്തരീക്ഷമലിനീകരണം സംഭവിക്കുന്നു എന്നാണ് ഗ്രമസഭയിൽ നിന്നും ഉയർന്നുവന്ന പ്രധാന പരാതി. തലക്കടത്തൂർ അങ്ങാടിയിൽ റോഡിൽ വെച്ച് മത്സ്യ കച്ചവടം ചെയ്യുന്നതിനെ സംബന്ധിച്ചും പരാതി ഉയർന്നു വന്നിട്ടുണ്ട്. അതുപോലെ അങ്ങാടിയിലെ ശുചീകരണ പ്രവർത്തനത്തിലുള്ള അപാകതയെ പ്പറ്റിയും ഗ്രാമസഭ പരി

| പ്രശ്നങ്ങൾ | പരിഹാരം |
|---|---|
| സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടേയും, സന്നദ്ധ സംഘടനകളുടേയും സേവനം ഉപയോഗപ്പെടുത്തണം |
| സ്ഥല പരിമിതി | പൊതുകക്കൂസ്, അല്ലെങ്കിൽ പൊതുടാങ്ക് എന്നിവ ഉപയോഗപ്പെടുത്താം |
| ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തത് | ഇവിടെ ബോധവൽക്കരണം ആവശ്യമാണ് ആരോഗ്യ പ്രവർത്തകരേയും, സന്നദ്ധ സംഘടനാപ്രവർത്തകരേയും ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തണം |

ഭവിക്കുന്നു.

9. 10 വർഡുകളുടെ കേന്ദ്രസ്ഥാനമായ ഇരിങ്ങാവൂർ അങ്ങാടിയും പരിസരമലിനീകരണത്തിൽ ഒട്ടും പിന്നിലല്ല. ചപ്പുചവറുകൾ, അങ്ങടിയിൽ കുന്നുകൂടി കിടക്കുന്നു. മത്സ്യകച്ചവടം റോഡിൽ തന്നെയാണ് നടക്കുന്നത്. തലക്കടത്തൂർ കഴിഞ്ഞാൽ പ്രധാനപ്പെട്ട ഒരു അങ്ങാടിയാണിത്. മിക്ക വാർഡുകളിലെ ഗ്രാമസഭകളിൽനിന്നും ചപ്പുചവറുകൾ വീടുകളുടെ പരിസരത്ത് കുന്നുകൂടുന്നതിനെപ്പറ്റിയും പരാമർശം വന്നിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1. തലക്കടത്തൂർ അങ്ങടിയിലെ കാലിച്ചാക്ക് കച്ചവടവുമായി ബന്ധപ്പെട്ട് ഉണ്ടാവുന്ന പൊടിയും അന്തരീക്ഷ മലിനീകരണവും രൂക്ഷമാണ് അതിന് സാശ്വതമായ പരിഹാരം കാണാൻ പഞ്ചായത്ത് തലത്തിൽ വിശകലനം ചെയ്ത് പരിഹാരം കാണേണ്ടതാണ്.
2. തലക്കടത്തൂർ അങ്ങാടി, ഇരിങ്ങവൂർ അങ്ങാടി എന്നിവിടങ്ങളിൽ റോഡരുകിൽ നടന്നു വരുന്ന മത്സ്യ, മാംസ കച്ചവടങ്ങൾ പ്രത്യേക സഥലത്തേക്ക് മാറ്റാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.
3. തലക്കടത്തൂർ, ഇരിങ്ങാവൂർ എന്നീ അങ്ങാടിയിൽ ശുചീകരിക്കാൻ ആവശ്യമായ ജീവനക്കാരെ പഞ്ചായത്ത് നിയമിച്ച് പരിഹാരം കാണേണ്ടതാണ്.
4. ചപ്പുചവറുകൾസംസ്ക്കരിക്കാനുള്ള സംവ്വിധാനം അടിയന്തിരമായി ഉണ്ടാവേണ്ടതാണ്
5. വീടുകളിലെ ചപ്പുചവറുകൾ കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ച് ഇല്ലായ്മ ചെയ്യാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകൾ, മഹിളാ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ചെയ്യാവുന്നതാണ്..
6. ധാരാളം ആളുകൾ കുളിക്കാനും മറ്റു ആവശ്യങ്ങൾക്കും വർഷങ്ങളായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തലക്കടത്തൂർ പുഴയിലെ വെള്ളം ഇന്ന് മലിനപ്പെട്ടുകൊണ്ടിരിക്കുന്നു.

അതിന് പ്രധാന കാരണം പല സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും മലിനജലം പുഴയിലേക്ക് ഒഴുകുന്നതും, കാലിച്ചാക്ക് പുഴയിൽ കഴുകുന്നതുമാണ്. ഈ മലിനജലം പുഴയിലേക്ക് ഒഴുകുന്ന സ്ഥാപനങ്ങൾ ഓരോ സോക്കേജ് പിറ്റ് നിർമ്മിക്കുകയും, അതിലേക്ക് മലിനജലം ഒഴുകുകയും ചെയ്യുക അതുപോലെ കാലിച്ചാക്ക് പുഴയിൽ കഴുകുന്നത് നിർത്തുക.

## അറവുശാല

പഞ്ചായത്തിൽ ഒരു അറവുശാല അത്യാവശ്യമാണ്. അറുക്കുന്ന മൃഗങ്ങളെ വൈദ്യപരിശോധന നടത്തേണ്ടതുമാണ്. അവയുടെ അവശിഷ്ടങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ ശുചിയുള്ളതും ഗുണ നിലവാരം ഉള്ളതും ആണെന്ന് ഉറപ്പുവരുത്തുവാൻ ആരോഗ്യ വകുപ്പിലെ ജീവനക്കാർ കൃത്യനിഷ്ഠയോടെ ഹോട്ടലുകൾ പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. അതുപോലെ ഹോട്ടലുകളിലെ കിണർ യഥാവസരങ്ങളിൽ ക്ലോറിനേറ്റ് ചെയ്യേണ്ടതുമാണ്.

## പൊതുശ്മശാനം

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി കോളനികളിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് ഇന്ന് ശവംമറവ് ചെയ്യാൻ സംവിധാനമില്ല. പഞ്ചായത്തിലെ ചുടലപ്പുറം ഭാഗത്ത് പാസായിട്ടുള്ള പൊതുശ്മശാനം ചുറ്റുമതിൽ കെട്ടി ഉപയോഗത്തിന് തുറന്ന് കൊടുക്കേണ്ടതാണ്.

# പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്നനിർദ്ദേശങ്ങൾ

## സബ് സെന്റർ

1, 2 വാർഡുകളെ കേന്ദ്രീകരിച്ച് തലക്കടത്തൂരിൽ ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് ജോലി നോക്കുന്നു ഇവിടെ സബ്സെന്ററിന് കെട്ടിടം പണിയുകയും ഇപ്പോൾ നിലവിലുള്ള ഇരിങ്ങാവൂർ ചുടലപ്പാറ ചെറിയമുണ്ടം, മച്ചിങ്ങപ്പാറ, എന്നി സബ്സെന്ററുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അത്യാവശ്യം വേണ്ട അറ്റകുറ്റ പണികൾ നടത്തുകയും വേണം.

ജനസംഖ്യാടിസ്ഥാനത്തിൽ 5000 ത്തിന് ഒന്ന് എന്ന രീതിയിൽ 5 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ വേണം. അതിന്ന് 3 പേരെയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത് അതിൽ രണ്ടുപേർ മാത്രമെ ഇപ്പോൾ ജോലിനോക്കുനുള്ളു ഇത് ബോധവൽക്കരണ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നു.

പ്രഥമിക ആരോഗ്യ കേന്ദ്രം തുറന്നെങ്കിലും പൊതുജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല അത്യാവശ്യമായി വേണ്ടത്ര ജീവനക്കാരേയും മറ്റു സൗകര്യങ്ങളും ലഭ്യമാക്കണം.

മിക്ക ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ഒരു പ്രശ്നമാണ് കൂടുതൽ ചികിത്സാ സൗകര്യം വേണമെന്നുള്ളത്. നിലവിൽ ഒരു ഹോമിയോ ആശുപത്രിയും ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും ഉണ്ടെങ്കിലും ഒരു ആയുർവ്വേദ ആശുപത്രി ഉണ്ടായിരിക്കുന്നത് ജനങ്ങളെ സംബന്ധിച്ചിടത്തോളം നന്നായിരിക്കും .

ഗ്രാമസഭകളിൽ നിന്നും ഉയർന്ന മറ്റൊരു പ്രശ്നമാണ് ബോധവൽക്കരണത്തിന്റെ

കുറവ് അതിന്റെ പ്രധാനകാരണം ജനപങ്കാളിത്തത്തിന്റെ അഭാവമാണ്. ജീവനക്കാരോടൊപ്പം ജനപ്രധിനിധികളും സന്നദ്ധ സംഘടനകളും ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കണം.

നാല് ഏക്കർ വിസ്തൃതി വരുന്ന പഞ്ചായത്തിന്റെ കൈവശത്തിലിരിക്കുന്ന പരന്നേക്കാട് കുന്നിൽ ഇപ്പോൾ കുടിൽകെട്ടി താമസിക്കുന്ന 70 പരം കുടുംബങ്ങൾക്ക് 4 സെന്റ് സ്ഥലം വീതം പതിച്ചുകൊടുത്ത് ഒരു ഭാഗത്തേക്ക് മാറ്റി താമസിപ്പിക്കുകയും,, ബാക്കി വരുന്ന ഒരു ഏക്കറോളം വരുന്ന സ്ഥലത്ത് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുകയും വേണം. അങ്ങനെ ചെയ്യുകയാണെങ്കിൽ അത് പഞ്ചായത്തിലെ ജനങ്ങൾക്ക് മൊത്തമായും പരന്നേക്കാട് കുന്നിൽ പ്രദേശത്തെ പാവപ്പെട്ടവർക്ക് പ്രത്യേകിച്ചും വലിയ പ്രയോജനം ചെയ്യും പ്രസ്തുത സ്ഥലത്തേക്ക് നിലവിലുള്ള റോഡ് സൗകര്യപ്പെടുത്തിയാൽ വളരെ നന്നായിരിക്കും.

# ഗതാഗതം

സേവനോത്സുകരായ ജനങ്ങളാണ്, ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. സംഘടിത ബോധത്തോടെ പ്രവർത്തിക്കുന്നതിന്റെ കരുത്തും നാടിന്റെ വികസനത്തിന് റോഡുകൾക്കുള്ള പങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. കെട്ടിട നികുതിയും സർക്കാർ ഗ്രാന്റുകളും മാത്രം വരുമാനമായിട്ടുള്ള ചെറിയമുണ്ടം പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള പല റോഡുകളും സൗജന്യമായി വിട്ടുകിട്ടിയ ഭൂമിയിൽ പൊതു ജനങ്ങളുടെ നിർലോഭമായ സഹായസഹകരണത്തോടെ നിർമ്മിച്ചവയാണ്.

ഈ പഞ്ചായത്തിൽ കൂടി റെയിൽവെ ലൈൻ കടന്നു പോകുന്നില്ലെങ്കിലും ഏകദേശം 2 $^1/_2$ കി. മി. ഉള്ളിൽ ചരിത്ര പ്രസിദ്ധമായ തിരൂർ റെയിൽവെ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നു.

പഞ്ചായത്തിന്റെ അധീനതയിൽ വാഹന ഗതാഗത യോഗ്യമായ 30.24 കി.മി. റോഡുകൾ ഉണ്ട്. P.W.D. യുടെ അധീനതയിൽ 7.4 കി.മി. ജില്ലാ റോഡുകളാണ് ഉള്ളത്. പഞ്ചായത്ത് റോഡുളിൽ ഭൂരിഭാഗവും (75%) ടാർ ചെയ്യാത്ത മൺ റോഡുകളാണ്. P.W.D. യുടെ റോഡുകൾ വളരെ വീതി കുറഞ്ഞവയും ഡബിൾ ലൈൻ ട്രാഫിക്കിന് അനുയോജ്യമല്ലാത്തതിന്റെ പേരിൽ ഗതാഗതകുരുക്ക് ഏതു സമയത്തും അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നവയുമാണ്. നിലവിലുള്ള റോഡുകളുടെ സ്ഥിതി വിവര കണക്കുകൾ താഴെ പട്ടികയിൽ കാണിക്കുന്നു.

റോഡ് ശൃംഖല മൊത്തത്തിൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും മെച്ചപ്പെട്ട രീതിയിലല്ല. അറ്റകു

| ക്രമ നമ്പർ | റോഡുകളുടെ തരം | ഉടമസ്ഥത | നീളം | വീതി |
|---|---|---|---|---|
| 1 | ടാർ ചെയ്ത റോഡുകൾ (B.T) | പി.ഡബ്ല്യു.ഡി | 7.4 കി.മീ. | 5.10 മീ. |
| 2 | ടാർ ചെയ്ത റോഡുകൾ (B.T) | പഞ്ചായത്ത് | 8.74 കി.മീ. | 3.5 മീ. |
| 3 | ടാർ ചെയ്യാത്ത റോഡുകൾ (കച്ച) | പഞ്ചായത്ത് | 21.5 കി.മീ. | 3.5 മീ. |

റ്റപ്പണികൾ യഥാസമയം നടക്കാത്തതും ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവവും റോഡുകളെ ഗതാഗതത്തിന് അനുയോജ്യമല്ലാതാക്കിത്തീർക്കുന്നു. പഞ്ചായത്തിന്റെ ശോഷിച്ച ഫണ്ടാണ് എല്ലാ വികസനത്തിനും തടസ്സമായിട്ടുള്ളത്.

## പ്രശ്നങ്ങൾ:

1. റെയിൽഗതാഗതം: തിരൂർ ബസ്റ്റാന്റിനൽ നിന്നും തിരൂർ റെയിൽവെ സ്റ്റേഷനിലെ ഒന്നും, രണ്ടും പ്ലാറ്റ്ഫോമുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഫുട്ട് ഓവർബ്രിഡ്ജ് ഇല്ലാത്തതിനാൽ റെയിൽവേ യാത്രക്കാർ റെയിൽക്രോസ് ചെയ്താണ് റെയിൽവേ സ്റ്റേഷനിൽ എത്തുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും ഇതുമൂലം വലിയ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ദീർഘദൂര വണ്ടിയായ ജമ്മുതാവി എക്സ്പ്രസ് തിരൂർ സ്റ്റേഷനിൽ നിർത്തുന്നില്ല. സ്റ്റേഷനിൽ ശുചീകരണം തൃപ്തികരമല്ല.

## IIറോഡ് ഗതാഗതം

(1) P.W.D. യുടെ അധീനതയിലുള്ളതു വളരെ തിരക്കേറിയതുമായ തിരൂർ-മലപ്പുറം റോഡിന് പഞ്ചായത്തിന്റെ ഭാഗങ്ങളിൽ വളരെ വീതി കുറവായതിനാൽ ഗതാഗതക്കുരുക്ക് സദാ സമയവും അനുഭവപ്പെടുന്നു. ഈ റോഡിന്റെ ഇരു ഭാഗത്തും പക്കാ അഴുക്കുചാൽ ഇല്ലാത്തതിനാൽ മഴവെള്ളം റോഡിൽ കൂടി ഒഴുകി റോഡിന് കേടു സംഭവിക്കുകയും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു.

(2) പഞ്ചായത്തിന്റെ അധീനതയിലുള്ള ടാർ ചെയ്ത റോഡുകൾ യഥാകാലം റീ-ടാർ ചെയ്യാത്തതിനാൽ അവയ്ക്ക് വലിയ തോതിൽ നാശം സംഭവിക്കുന്നു.

(3) പഞ്ചായത്ത് റോഡുകൾ വീതി കുറഞ്ഞതും കലുങ്കുകളും അഴുക്കുചാലുകളും ഇല്ലാത്തതും ആയതുകൊണ്ട് കുറഞ്ഞ സമയത്തിനുള്ളിൽ നാശം സംഭവിക്കുന്നു.

(4) പുതിയ മൺറോഡുകൾ പാർശ്വ സംരക്ഷണ ഭിത്തികളുടെ അഭാവത്തിൽ വീതി കുറഞ്ഞ് ക്രമേണ ക്ഷയിച്ചു പോകുന്നു.

(5) P.W.D. റോഡുകളും പഞ്ചായത്തു റോഡുകളും തമ്മിൽ ബന്ധപ്പെടുത്തുന്ന റോഡുകൾ ഏറെയില്ലാത്തതിനാൽ ഗ്രാമങ്ങളിൽ ഗതാഗതത്തിന് അസൗകര്യങ്ങൾ ഉണ്ടാക്കുന്നു.

(6) താഴ്ന്ന ഭാഗങ്ങൽ വെള്ളം ഒഴുകി പോകാനുള്ള സൗകര്യം കുറവായതിനാൽ താഴ്ന്ന ഭാഗങ്ങളിലെ റോഡുകൾ വെള്ളം കയറി നശിക്കുന്നു.

(7) ബസ്സ് വെയ്റ്റിംഗ് ഷെഡുകളുടെ അപര്യാപ്തത മറ്റൊരു പ്രശ്നമാണ്.

## നിർദ്ദേശങ്ങൾ

1 റെയിൽ ഗതാഗതം:-

നിലവിലുള്ള ബസ്റ്റാന്റ് അപ്രോച്ചു റോഡിൽ നിന്നും തേക്കിൻ കാട്ടിൽ കൂടി രണ്ടും മൂന്നും പ്ലാറ്റ് ഫോമുകൾ ബന്ധിപ്പിച്ച് ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുകയും ഗുഡ്സ്ഷെഡ് റോഡിന് സമീപം തേക്കിൻകാട്ടിൽ ഒരു ബുക്കിംഗ് ഓഫീസ് ഏർപ്പെടുത്തുകയും ചെയ്യുക.

(2) ജമ്മു-താവി എക്സ്പ്രസ് തിരൂരിൽ നിർത്തുക

(3) റിസർവേഷൻ ക്വാട്ട വർദ്ധിപ്പിക്കുക

## റോഡ് ഗതാഗതം

1. തിരൂർ-മലപ്പുറം P.W.D റോഡിലെ അനധികൃത കയ്യേറ്റങ്ങൾ തടയുകയും റോഡിന്റെ വീതി 12 മീറ്റർ ആയി വർദ്ധിപ്പിക്കുകയും ചെയ്യുക. ഈ റോഡിൽ ഇരു ഭാഗത്തും CC അഴുക്കു ചാലുകളും അവയ്ക്കു മുകളിലായി ഫൂട്ട്പാത്തും നിർമ്മിക്കുക.

(2) അനുയോജ്യമായ സ്ഥലത്ത് ടാക്സി സ്റ്റാന്റ് നിർമ്മിക്കുക.

(3) പഞ്ചായത്ത് റോഡുകൾ വീതി കൂട്ടി കാനകൾ നിർമ്മിക്കുകയും റോഡുകൾ റീ-ടാർ ചെയ്യുകയും ചെയ്യുക.

(4) റോഡിലും കാനയിലും തടസ്സമായിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റുകൾ, വാട്ടർ ടാപ്പുകൾ എന്നിവ റോഡിന് പരമാവധി ഓരത്തേക്ക് മാറ്റി സ്ഥാപിക്കുക.

(5) ടാർ റോഡുകൾക്ക് കേടു വരാത്ത രൂപത്തിൽ പൈപ്പുകൾ, ടെലിഫോൺ കേബിളുകൾ എന്നിവ സ്ഥാപിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

(6) പയ്യനങ്ങാടി കടുങ്ങാത്തുകുണ്ട് റൂട്ടിൽ തിരൂരിൽ നിന്നു തുടങ്ങി ഏതെങ്കിലും ഡിപ്പോയിലേക്ക് KSRTC ബസ്സ് അനുവദിക്കുക.

(7) തറയിൽ-തലപറമ്പ് റോഡിന് ഓവുപാലം നിർമ്മിക്കുക.

(8) മാർക്കറ്റ് റോഡ് റിപ്പയർ ചെയ്യുക.

(9) നെല്ലിക്കാട്-തലപ്പറമ്പ് റോഡിന് കുറുകേയുള്ള തോടിന് ഓവുപാലം നിർമ്മിക്കുക.

(10) ബംഗ്ലാംകുന്ന്-പറപ്പൂത്തടം-മീശപ്പടി വഴി ബസ് റൂട്ട് അനുവദിക്കുക.

(11) നിർദ്ദിഷ്ട തെക്കുംമുറി-മുത്തൂർ-കല്ലിങ്ങൽ-പറപ്പൂത്തടം-ബംഗ്ലാം കുന്ന് ബൈപാസ് റോഡിന്റെ പണി ത്വരിതപ്പെടുത്തുക.

(12) ബംഗ്ലാം കുന്ന്, തറയിൽ, നെല്ലിക്കാട്, സലീമാ ഹോസ്പിറ്റലിനു സമീപം, കുറുപ്പിൻ പടി, പൂഴിക്കുന്ന് അങ്ങാടി, ഇരിങ്ങാവൂർ അങ്ങാടി, മീശപ്പടി, പനമ്പാലം എന്നിവിടങ്ങളിൽ ബസ് വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.

നിലവിലുള്ള ടാർ ചെയ്ത റോഡുകൾക്കൊപ്പം മെറ്റൽ ചെയ്ത താഴെപ്പറയുന്ന റോഡുകൾ അവയുടെ മുൻഗണനാ ക്രമമനുസരിച്ച് ടാർ ചെയ്യേണ്ടതാവശ്യമാണ്. ഓരോ വാർഡിലും കാണിക്കുന്ന ക്രമമനുസരിച്ച് പ്രവൃത്തി നടത്തേണ്ടതാണ്.

## ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | | റോഡിന്റെ പേര് |
|---|---|---|
| I | 1 | തറയിൽ ഹൈസ്കൂൾ റോഡ് |
| | 2 | തറയിൽ-ചട്ടിക്കൽ റോഡ് |
| II | 1 | നെല്ലിക്കാട്-തലപ്പറമ്പ് റോഡ് |
| | 2 | സെലീമാ ഹോസ്പിറ്റൽ-അരീക്കാട് റോഡ് |
| III | 1 | നെടിയേടത്ത് മാർക്കറ്റ് റോഡ് |
| | 2 | പുന്നത്തറ-അങ്കണവാടി റോഡ് |
| | 3 | ലിവാഹുൽ ഹുദാ മദ്രസ-പരന്നേക്കാട് റോഡ് |
| | 4 | പുഴക്കത്തറ-മാർക്കറ്റ് റോഡ് |
| | 5 | അങ്കൺവാടി- പോസ്റ്റോഫീസ് റോഡ് |
| | 6 | പോസ്റ്റോഫീസ്-ജുമാമസ്ജിദ് റോഡ് |
| | 7 | നെല്ലിക്കാട്-ഹൈസ്കൂൾ റോഡ് |
| | 8 | ചോലപ്പുറം-ഹൈസ്കൂൾ റോഡ് |
| | 9 | തറയിൽ-ജുമാമസ്ജിദ് റോഡ് |
| IV | 1 | ബല്ലാവും കുന്ന്-പറപ്പൂത്തടം റോഡ് |
| | 2 | മച്ചിങ്ങപ്പാറ-ആലുംകുണ്ട്-ചെറിയമുണ്ടം റോഡ് |
| | 3 | ചോലപ്പുറം-കണ്ടനത്ത് റോഡ് |
| | 4 | പൊന്നേൻ കെടുവത്ത് പടി-കള്ളിക്കലാൽ റോഡ് |
| | 5 | കള്ളിക്കലാൽ-ആലുംകുണ്ട്-ചെറിയമുണ്ടം AMLP സ്കൂൾ റോഡ് |
| V | 1 | സുലൈമാൻ പടി-പറപ്പൂത്തടം കോളനി റോഡ് |
| VI | 1 | പനമ്പാലം-മായിനങ്ങാടി റോഡ് |
| | 2 | മണ്ണോത്തുംപടി-കുഞ്ഞുറുക്ക് റോഡ് |
| | 3 | സ്കൂൾപടി-വരട്ട്തോട് റോഡ് |
| | 4 | നടുവട്ടം-പാലത്തിങ്ങൽ റോഡ് |
| | 5 | ഹാജിബസാർ-വരുതോട് റോഡ് |
| | 6 | മായിനങ്ങാടി-നടുവട്ടം റോഡ് |
| VII | | |
| VIII | 1 | കാന്തള്ളൂർ-ഓട്ടുകരപ്പുറം റോഡ് |
| | 2 | ഇരിങ്ങാവൂർ-കുറുക്കോൾ റോഡിൽ നിന്നും തുടങ്ങി മൈലാംകുളം റോഡ് |
| | 3 | മായിനങ്ങാടി-ജൗഹറുൽ ഇസ്ലാം മദ്രസ്സാ റോഡ് |
| | 4 | കാന്തള്ളൂർ ഓട്ടുകരപ്പുറം റോഡിൽ നിന്നും തുടങ്ങി ഇഞ്ചക്കാട് വരെയുള്ള റോഡ് |
| IX | 1 | പൂഴിക്കുന്ന് അങ്ങാടി-പള്ളിത്തോട് റോഡ് |
| | 2 | കുറുപ്പിൻപടി-ഇരിങ്ങാവൂർ നോർത്ത് AMLP സ്കൂൾ-ഹരിജൻ കോളനി റോഡ് |
| | 3 | കോട്ടക്കുന്ന് ബാലവാടി-കാരിപ്പടി റോഡ് |
| | 4 | ഇരിങ്ങാവൂർ നോർത്ത് AMLP സ്കൂൾ-ബാലവാടി റോഡ് |
| | 5 | പുളിക്കപറമ്പ്-കാരാട്ട്ചിറ റോഡ് |
| | 6 | കാദർമാസ്റ്റർ മെമ്മോറിയൽ റോഡ്-കാരാട്ട്പടി റോഡ് |
| X | 1 | മനക്കൽ ഇടവഴി-SVAUP സ്കൂൾ റോഡ് |
| | 2 | കുന്നത്ത് കായൽ-ആശാരിപ്പാറപ്പള്ളി റോഡ് |
| XI | 1 | മീശപ്പടി-ഉള്ളാട്ടിതിരുത്ത് റോഡ് |
| | 2 | മണ്ടോത്ത് പറമ്പ്-കുന്നത്ത്കായൽ റോഡ് |
| | 3 | മണ്ടകത്തിൽ പറമ്പ്-പരീത്തോട് റോഡ് |

## IV റോഡ് വികസനം:

നിലവിലുള്ള ഇടവഴികളും നടവരമ്പുകളും വികസിപ്പിക്കുമ്പോൾ ചുരുങ്ങിയത് പത്തടി വീതിയെങ്കിലുമുണ്ടെങ്കിൽ മാത്രമെ അവയെ റോഡുകളായി പരിഗണിക്കാവൂ. നിലവിലുള്ള റോഡുകളും വഴികളും തമ്മിൽ ബന്ധിച്ച് പുതിയ റോഡുകൾ നിർമ്മിക്കാവുന്നതാണ്.

അവയുടെ കണക്ക് മുൻഗണനാക്രമത്തിൽ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

### പുതിയ റോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | പുതുതായി നിർമ്മിക്കുന്ന റോഡിന്റെ വിവരം |
|---|---|---|
| I | 1 | ചെറ ഇടവഴി വീതി കൂട്ടി ചെറിയമുണ്ടം ഹൈസ്കൂൾ വരെ റോഡ് നിർമ്മിക്കുക<br>ഓവുങ്ങൽ-അരീക്കാട് ഇടവഴി റോഡാക്കുക |
| II | 1 | മുനിറുൽ ഇസ്ലാം മദ്രസയുടെ പടിഞ്ഞാറു ഭാഗത്ത് നിന്നും തുടങ്ങി ഇപ്പുട്ടുങ്ങൽ വരെയുള്ള ഇടവഴി മുനിസിപ്പാലിറ്റി പാലം വരെ റോഡാക്കുക. |
| | 2 | നെല്ലിക്കാട് റോഡിൽ നിന്നും തുടങ്ങി സെലീമാ ഹോസ്പിറ്റൽ വരെയുള്ള തോട്ടുവരമ്പ് റോഡാക്കുക. |
| | 3 | കരുണാമില്ല്- കല്ലുപാലം റോഡ്. |
| | 4 | തലക്കടത്തൂർ ടൗൺ-ഇപ്പുട്ടുങ്ങൽ റോഡ് |
| | 5 | ഇടക്കങ്ങാട് ഇടവഴി റോഡാക്കുക. |
| III | 1 | തലക്കടത്തൂർ പാലം മുതൽ ഇല്ലത്താൽ വരെ റോഡ് നിർമ്മിക്കുക |
| | 2 | കുണ്ടംകണ്ടം-നെല്ലിക്കാട് റോഡ് നിർമ്മിക്കുക |
| | 3 | തറയിൽ അരാലക്കൽ ഇടവഴി ജുമാമസ്ജിദ് വരെ റോഡാക്കുക |
| | 4 | പുതുപ്പറമ്പ് ഇടവഴി വീതി കൂട്ടി റോഡാക്കുക |
| | 5 | മുള്ളൻമട പഞ്ചായത്ത് ഓഫീസ് ഇടവഴി റോഡാക്കുക |
| | 6 | ചോലപ്പുറം കോളനി ഇടവഴി റോഡാക്കുക |
| IV | 1 | മച്ചിങ്ങപ്പാറ നിസ്കാര പള്ളിയുടെ സമീപത്തുകൂടി ആലിൻ കുണ്ട് ചെന്നു ചേരുന്ന റോഡ് നിർമ്മിക്കുക |
| | 2 | കള്ളിക്കലാൽ-ചിറക്കൽ ഇടവഴി ഓവുങ്ങൽ വരെ റോഡാക്കുക |
| | 3 | ബംഗ്ലാവും കുന്ന്-പറപ്പൂത്തടം റോഡിൽ ചോലപ്പുറം ജംഗ്ഷനിൽ നിന്ന് ചെറിയമുണ്ടം ഹൈസ്കൂളിലേക്ക് ഉള്ള ഇടവഴി റോഡാക്കുക |
| V | 1 | സുലൈമാൻ പടി മുതൽ വയല് വരെ റോഡ് നിർമ്മിക്കുക |
| | 2 | പാറപ്പുറം ഇടവഴി റോഡാക്കുക |
| | 3 | അങ്കണവാടി - മാങ്കുളം റോഡ് നിർമ്മിക്കുക |
| VI | 1 | പറപ്പൂത്തടം റോഡിൽ നിന്ന് തുടങ്ങി കായൽ മഠത്തിൽ വരെ |
| | 2 | ബാപ്പു ഹാജിയുടെ മുൻവശത്തു കൂടി പോകുന്ന ഇടവഴി റോഡാക്കുക |
| VII | 1 | അത്താണിക്കൽ നിന്നും അമ്പലം കുന്ന് പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തു കൂടി കുറുക്കോൾ റോഡുമായി ബന്ധിപ്പിക്കുക |
| | 2 | കാന്തള്ളൂർ റോഡിൽ നിന്നും തുടങ്ങി നരിയാറക്കുന്ന് പൊതുശ്മശാനത്തിലേക്ക് റോഡ് നിർമ്മിക്കുക<br>മായിനങ്ങാടി തുടങ്ങി ആശാരി കോളനി വഴി അത്താണിക്കൽ വരെയുള്ള റോഡ്<br>മായിനങ്ങാടി-ജൗഹറുൽ ഇസ്ലാം മദ്രസ റോഡിൽ തുടങ്ങി മയിലാംകുളം വരെയുള്ള റോഡ്. |
| IX | 1 | ആലക്കപ്പറമ്പ്-കാരിപ്പറമ്പ് റോഡ് നിർമ്മിക്കുക |
| | 2 | കോട്ടക്കുന്ന് ബാലവാടി കാരിപ്പടി റോഡ് നിർമ്മാണം |
| | 3 | ഇരിങ്ങാവൂർ അങ്ങാടിയുമായി ബന്ധിപ്പിക്കുന്ന ഇടവഴി റോഡാക്കുക |

പുതിയ റോഡ് നിർമ്മിക്കുമ്പോഴും റോഡിന്റെ വീതി കൂട്ടുമ്പോഴും ചില വ്യക്തികൾ സ്ഥലം വിട്ടു കൊടുക്കാത്തതിന്റെ പേരിൽ പണി തടസ്സപ്പെടാറുണ്ട്. ഈ അവസ്ഥ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ സന്ദർഭങ്ങളിൽ സ്ഥലം അക്വയർ ചെയ്യാനുള്ള അധികാരം പഞ്ചായത്തിനുണ്ടാകണം.

## പരിസ്ഥിതി പ്രശ്നങ്ങളും സാദ്ധ്യതകളും

മൺ റോഡുകൾ പുതുതായി നിർമ്മിക്കുമ്പോൾ ഓരങ്ങളിൽ മരങ്ങളും ചെരിഞ്ഞ മൺ തിട്ടകളിൽ പുല്ലുകളും വെച്ചു പിടിപ്പിക്കുന്നത് നന്നായിരിക്കും. ഇത് മണ്ണൊലിപ്പ് തടയുന്നിനുപകരിക്കും. പുതിയ റോഡുകൾക്ക് ചുരുങ്ങിയത് 5 മീറ്റർ വീതി വേണമെന്ന് നിഷ്കർഷിക്കാവുന്നതാണ്. എങ്കിൽ മാത്രമെ കാനകൾ നിർമ്മിക്കുന്നതിനും 3.60 മീറ്റർ വീതിയിൽ മെറ്റൽ, ടാർ എന്നിവ ചെയ്യുന്നതിനും കഴിയുകയുള്ളു.

താഴ്ന്ന പ്രദേശങ്ങളിൽ അതായത് വയൽ പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കുമ്പോൾ ആവശ്യമായ കലുങ്കുകൾ നിർമ്മിക്കുകയും ഇരുഭാഗങ്ങളിലും സംരക്ഷണ ഭിത്തി കെട്ടുകയും പരമാവധി വെള്ളം കയറുന്ന ഉയരത്തെക്കാൾ റോഡിന് ഉയരം നൽകുകയും ചെയ്യുന്നത് നന്നായിരിക്കും. ഇത്തരം സ്ഥലങ്ങളിൽ മൺ റോഡിന് മുകളിൽ ചുരുങ്ങിയത് 30 cm കനത്തിൽ കരിങ്കൽ പാളികൾ പാകുന്നത് നന്നായിരിക്കും.

**ജനറൽ:**

റോഡു വികസനത്തിനാവശ്യമായ ഫണ്ടുകൾ ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുന്നത് ജനസംഖ്യാനുപാതത്തിലായിരിക്കണം. പഞ്ചായത്തു ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുകയുടെ 25% അധികം വരുന്ന തുക കൂടി പൊതുജന പങ്കാളിത്തം വഴിയും ശ്രമദാനമായും സംഭാവനയായും സ്വരൂപിക്കാവുന്നതാണ്.

4.310
KERALA INSTITUTE OF LOCAL ADMINIS

# ഊർജ്ജം

പ്രധാനമായും ഉപയോഗിക്കുന്ന ഊർജ്ജം വിറക്, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവയാണ്.പഞ്ചായത്തിലെ 90% വീടുകളിലും പാചകത്തിനുപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ വൈദ്യുതി എന്നിവ പാചകത്തിനുപയോഗിക്കുന്നവർ 10% ത്തിൽ താഴെ മാത്രമെ ഉള്ളൂ. അനെർട്ടിന്റെ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നവർ ഈ പഞ്ചായത്തിലില്ല എന്നു തന്നെ പറയാം. വൈദ്യുതി പഞ്ചായത്തിൽ പൂർണ്ണമായും എല്ലാ ഭാഗത്തെ വീടുകളിലും എത്തപ്പെട്ടിട്ടില്ല. ലഭ്യമായ സ്ഥലങ്ങളിൽ തന്നെ വോൾട്ടേജ് കുറവുകൊണ്ട് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റുകൾ അപര്യാപ്തമാണ്. നിലവിലുള്ള സ്ഥിതിവിവരക്കണക്കുകൾ താഴെ പട്ടികയിൽ കാണിക്കുന്നു.

I-A I-B

| നമ്പ്ര് | ട്രൻസ്ഫോമർ സ്ഥാപിച്ചിട്ടുള്ള സ്ഥലം | കപ്പാസിറ്റി | SV | ട്യൂബ് | ബൾബ് |
|---|---|---|---|---|---|
| 1 | ആലുംകുണ്ട് | 100 KVA | 15 | 8 | 100 |
| 2 | മച്ചിങ്ങപ്പാറ | 100 KVA | | | |
| 3 | മച്ചിങ്ങപ്പാറ-II | 160 KVA | | | |
| 4 | കള്ളിക്കലാൽ | 100 KVA | | | |
| 5 | ഓവുങ്ങൽ | 100 KVA | | | |
| 6 | നെല്ലിക്കാട് | 160 KVA | | | |
| 7 | തലക്കടത്തൂർ | 250 KVA | | | |
| 8 | പങ്ങത്ത് ഇടവഴി | 160 KVA | | | |
| 9 | പറപ്പൂത്തടം | 160 KVA | | | |
| 10 | പനമ്പാലം | 160 KVA | | | |
| 11 | ഇരിങ്ങാവൂർ-I | 250 KVA | | | |
| 12 | ഇരിങ്ങാവൂർ-II | 160 KVA | | | |
| 13 | ഇരിങ്ങാവൂർ-III | 100 KVA | | | |
| 14 | മീശപ്പടി | 100 KVA | | | |

മേൽപട്ടികയിൽ നിന്നും പഞ്ചായത്തിലെ വൈദ്യുതി പ്രസരണത്തിന്റെ ലഭ്യത മനസിലാക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. പാചകത്തിനാവശ്യമായ വിറകുകൾ പ്രദേശികമായി ലഭ്യമല്ല. മറ്റു സ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്.

2. പ്രദേശിക നിർമ്മിതമായ അടുപ്പുകൾ ഉപയോഗിക്കുന്നത് കൊണ്ട് കൂടുതൽ വിറക് ചിലവ് വരുന്നു.

3. മണ്ണെണ്ണ, ഗ്യാസ്, എന്നിവ സാധാരണക്കാർക്ക് പാചകത്തിന് അപ്രാപ്യമാണ്.

4. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

5. പ്രേഷണ വിതരണ രംഗങ്ങളിൽ മരചില്ലകൾ കൊണ്ടും മറ്റുമുള്ള വൈദ്യുതി നഷ്ടവും ഇവ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധക്കുറവും നാട്ടുകാരുടെ അജ്ഞതയും സ്ഥിരം പ്രശ്നങ്ങളായി തുടരുന്നു.

6. പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ വളരെ കുറവാണ്. ഉള്ളവ തന്നെ ശരിക്ക് കത്തിക്കുന്നില്ല. ഉദ്യോഗസ്ഥരും ബന്ധപ്പെട്ട വകുപ്പുകളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

7. ചില ഉപഭോക്താക്കൾ സറ്റെപ്-അപ് ഉപയോഗിക്കുന്നതുകൊണ്ട് മറ്റുള്ളവർക്ക് വോൾട്ടേജ് കുറയുന്നു.

8. ബോർഡ് ജീവനക്കാരുടെ കുറവ്, അനാസ്ഥ, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത എന്നിവ വിഷമങ്ങൾ സൃഷ്ടിക്കുന്നു.

9. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി അപര്യാപ്തമാണ്.

## സാദ്ധ്യതകൾ

1. വിറക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സാമൂഹ്യ വനവൽക്കരണം വ്യാപകമാക്കുക.

2. ദക്ഷത കൂടുതലുള്ള വിറകടുപ്പുകൾ (പരിഷത്ത് അടുപ്പുകൾ) വ്യാപകമായി പ്രചരിപ്പിക്കുക.

3.മണ്ണെണ്ണ, ഗ്യാസ്, എന്നിവയുടെ വിതരണ വില കുറക്കുക. അനെർട്ടിന്റെ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.

4. പൊതുജന പങ്കാളിത്തത്തോടെ കൂടുതൽ സ്ഥലങ്ങളിലേക്ക് ലൈൻ വലിക്കുകയും ആവശ്യമായത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക. ഊർജ്ജലാഭമുള്ള കോസാക് ട്യൂബുകൾ, എലക്ട്രോണിക് ചോക്കുകൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും അത് ഉപയോഗിക്കുന്നതിന് ജനങ്ങളെ ബോധവൽക്കിരിക്കുകയും ചെയ്യുക.

5. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശിഖരങ്ങൾ വെട്ടി മാറ്റി വൈദ്യുത പ്രസരണ നഷ്ടവും അപകടവും ഒഴിവാക്കുക.

6. സ്ട്രീറ്റ് ലൈറ്റുകൾ പൊതുജനപങ്കാളിത്തത്തോടെ സ്ഥാപിക്കുകയും അവയുടെ സംരക്ഷണം ജനകീയ സമിതികൾ ഏറ്റെടുക്കുകയും ചെയ്യുക.

7. കുടുൽ ജ്യോതി പദ്ധതി പ്രകാരം കോളനി വാസികൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതി നൽകുക.

8. സോളാർ ലൈറ്റുകൾ സബ്സിഡി നിരക്കിൽ ആവശ്യാനുസരണം വിതരണം ചെയ്യുക.

9. എടപ്പാൾ തിരൂർ 66 KV ലൈൻ പണി പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുക.

10. വൈദ്യുതി ചാർജ്ജ് ബാങ്ക് മുഖേന അടയ്ക്കാനുള്ള സൗകര്യം ചെയ്യുക.

11. കാർഷിക, വ്യവസായിക ആവശ്യങ്ങൾക്ക് വൈദ്യുതി താമസമില്ലാതെ നൽകുക

12. കേടു വന്ന മീറ്ററുകളും മറ്റും മാറ്റി സ്ഥാപിക്കുക.

13. വൈദ്യുതി വിതരണ ഉദ്യോഗസ്ഥരെ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ കൊണ്ടു വരിക.

14. സ്റ്റെപ്പ്-അപ് ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക

## ഗ്രാമസഭയിൽ ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ
## വാർഡ് അടിസ്ഥാനത്തിൽ താഴെ പറയുന്നവയാണ്.

| വാർഡ് | | പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | | | | |
|---|---|---|---|---|---|---|
| I | 1 | പൊന്നം കടവത്ത് (തലപ്പറമ്പ് ജംഗ്ഷൻ) | 1 | | | - |
| | 2 | തറയിൽ തലപ്പറമ്പ് | - | - | 8 | - |
| | 3 | തറയിൽ പടിക്കൽ-തലപ്പറമ്പ് | 1 | - | 6 | - |
| | 4 | തറയിൽ-ഹൈസ്കൂൾ | - | - | 8 | - |
| | 5 | ഓവുങ്ങൽ-സി.പി.റോഡ് | - | - | 6 | 1 |
| | 6 | ഓവുങ്ങൽ-അരീക്കാട് | - | - | 8 | - |
| II | 1 | കരുണിമില്ലിന്റെ അടുത്ത് | - | – | - | 1 |
| | 2 | മുനീറുൽ ഇസ്ലാം മദ്രസയുടെ (വടക്കുംഭാഗം ജംഗ്ഷൻ) | 1 | - | 5 | - |
| | 3 | നെല്ലിക്കാട് ട്രാൻസ്ഫോർമറിന്റെ അടുത്ത് | 1 | - | 2 | - |
| | 4 | നെല്ലിക്കാട്-തലപ്പറമ്പ്-നെടിയേടത്തു പള്ളിക്ക് സമീപം | 1 | - | 2 | - |
| | 5 | സലീമ ഹോസ്പിറ്റൽ റോഡ് കറപ്പന്റെ പീടികയുടെ അടുത്ത് | 1 | - | - | - |
| | 6 | കരുണാമില്ലിന്റെ അടുത്ത് (അയ്യപ്പൻ വിളക്കുത്സവം നടത്തുന്ന സ്ഥലത്ത്) | 1 | - | - | - |
| | 7 | നെല്ലിക്കാട്- തലപ്പറമ്പ് റോഡിൽ കുന്നത്ത് മൂലയിൽ | 1 | - | - | - |
| | 8 | നെല്ലിക്കാട് മുതൽ റോഡിൽ നിന്നും സലീമ ഹോസ്പിറ്റൽ റോഡിലേക്ക് ബന്ധിപ്പിക്കുന്ന തോടു വരമ്പ് വരെ | - | - | 8 | - |
| | 9 | മുനീറുൽ ഇസ്ലാം മദ്രസ്സയുടെ വടക്കു ഭാഗത്തു നിന്നും തലപ്പറമ്പ് റോഡിലേക്ക് ബന്ധിപ്പിക്കുന്ന ഇടവഴി വരെ | - | - | 6 | - |
| | 10 | മുനീറുൽ ഇസ്ലാം മദ്രസ്സയുടെ പടിഞ്ഞാറു ഭാഗത്തേക്കുള്ള ഹരിജൻ ഇടവഴി | - | - | 5 | - |
| | 11 | നെല്ലിക്കാട് തലപ്പറമ്പ് റേഡിൽ നിന്നും വടക്കുഭാഗത്തേക്ക് പോകുന്ന ആശാരി ഇടവഴി | - | - | 4 | - |
| | 12 | മുനീറുൽ ഇസ്ലാം മദ്രസ്സയുടെ കിഴക്കു ഭാഗത്തു നിന്നും വയലുകളിലേക്ക് പെവുന്ന ഇടവഴിയിൽ | - | - | 5 | - |
| | 13 | പാറപ്പുറത്തു കോളനിയിൽ | - | - | 4 | - |
| III | 1 | ജുമാമസ്ജിദിന് സമീപം | - | - | - | 1 |
| | 2 | മാർക്കറ്റിന്റെ മുൻവശം | 1 | - | - | - |
| | 3 | മാർക്കറ്റ് റോഡ് ട്രാൻസ്ഫോർമറിന്റെ അടുത്ത് | 1 | - | - | - |
| | 4 | ലിവാഹുദാ മദ്രസ്സക്കു സമീപം | 1 | - | - | - |
| | 5 | പുന്നത്തറ അങ്കൺ വാടിയുടെ അടുത്ത് | 1 | - | - | - |
| | 6 | ജുമായത്ത് പള്ളിക്കു സമീപം | 1 | - | - | - |
| | 7 | പോസ്റ്റോഫീസ് റോഡ്-ജുമായത്ത് പള്ളി ജംഗ്ഷൻ | 1 | - | - | - |
| | 8 | ചോലപ്പുറം പള്ളിക്കു സമീപം | 1 | - | - | - |
| | 9 | പോക്കർ പള്ളിയുടെ അടുത്ത് | 1 | - | - | - |
| | 10 | നെടിയേടത്ത് മാർക്കറ്റ് റോഡ് | - | - | 5 | - |

| വാർഡ് | | പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | SV | ട്യൂബ് | ബൾബ് | ട്രാൻസ് ഫോർമർ |
|---|---|---|---|---|---|---|
| III | 11 | പുന്നത്തറ അംഗനവാടി റോഡ് | - | - | 6 | - |
| | 12 | പെറുൾ-പുഴക്കത്തറ റോഡ് ഇല്ലത്താൾ വരെ | - | - | 4 | - |
| | 13 | ചോലപ്പുറം-ഹൈസ്കൂൾ റോഡ് | - | - | 3 | - |
| | 14 | ലിഹാവുൽ മദ്രസ്സാ കോളനി റോഡ് | - | - | 3 | - |
| | 15 | തറയിൽ ജുമാ മസ്ജിദ് റോഡ് | - | - | 5 | - |
| | 16 | പോക്കർ പള്ളിക്കു സമീപം | - | - | - | 1 |
| IV | 1 | ബംഗ്ലാവുകുന്ന്-പറപ്പുത്തടം റോഡിൽ ചോലപ്പുറം-തെങ്ങനത്ത് റോഡ്-ജംഗ്ഷനിൽ | - | - | 10 | 1 |
| | 2 | ചെനപ്പുറം ഹൈസ്കൂളിനു സമീപം | 1 | - | - | - |
| | 3 | ബംഗ്ലാവുകുന്ന ജംഗ്ഷനിൽ | 1 | - | - | - |
| | 4 | മൊയ്തീൻ ബസാർ | 1 | - | - | - |
| | 5 | ചോലപ്പുറം-തെങ്ങനത്ത് റോഡ് ജംഗ്ഷൻ | 1 | - | - | - |
| | 6 | KTMH വെയ്റ്റിംഗ് ഷെഡിനു സമീപം | 1 | - | - | - |
| | 7 | കറുംകാട് GMLP സ്കൂളിനു സമീപം | 1 | - | - | - |
| | 8 | ആലുംകുണ്ട് AMLP സ്കൂളിനു സമീപം | 1 | - | - | - |
| | 9 | കുന്നത്തു പള്ളിക്കു സമീപം | 1 | - | - | - |
| | 10 | ചെനപ്പുറം ഹൈസ്കൂൾ റോഡിൽ | - | - | 4 | - |
| | 11 | ചോലപ്പുറം-തെങ്ങനത്ത് റോഡിൽ | - | - | 8 | - |
| | 12 | ബംഗ്ലാവുകുന്ന്-പറപ്പുത്തടം റോഡിൽ | - | - | 15 | - |
| | 13 | കള്ളിക്കലാൽ-പൊന്നം കടവത്ത് റോഡ് | - | - | 10 | - |
| | 14 | കള്ളിക്കലാൽ-ആലുംകുണ്ട് AMLP സ്കൂൾ ചെറിയമുണ്ടം | - | - | 8 | - |
| | 15 | മച്ചിങ്ങപ്പാറ-ആലുംകുണ്ട് റോഡ് | - | - | 6 | - |
| | 16 | മച്ചിങ്ങപ്പാറ നമസ്കാര പള്ളിക്ക് അടുത്തു കൂടി പോവുന്ന റോഡ് | - | - | 5 | - |
| | 17 | കുറുംകാട് GMLP സ്കൂളിനു അടുത്തു കൂടി പോവുന്ന റോഡ് | - | - | 6 | - |
| | 18 | കള്ളിക്കലാൽ പൊന്നേൻകടവത്ത് റോഡിൽ നിന്നും ചിറ ഇടവഴി റോഡിൽ | - | - | 5 | - |
| VI | 1 | പനമ്പാലം ഹാജിബസാർ റോഡിൽ | 1 | - | - | - |
| | 2 | പനമ്പാലം ഹാജി ബസാർ സ്കൂൾപടി | 1 | - | - | - |
| | 3 | പനമ്പാലം ഹാജി ബസാർ കാന്തളൂർ | 1 | - | - | - |
| | 4 | പനമ്പാലം മുതൽ മീശപ്പടി വരെ | - | - | 8 | - |
| | 5 | മായിനങ്ങാടി മുതൽ മീരപ്പടി വരെ | - | - | 5 | - |
| VII | 1 | ആലുംകുണ്ട് മുതൽ കുറുക്കോൾ വരെ | - | - | 6 | - |
| | 2 | പഞ്ചായത്തു കിണർ മുതൽ ചാത്തൻകുളങ്ങര പള്ളി വരെ | - | - | 4 | - |
| | 3 | പറപ്പൂത്തടം മുതൽ ചുടലപ്പുറം വഴി കുറുക്കോൾ വരെ | - | - | 6 | - |

| വാർഡ് | | പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | SV | ട്യൂബ് | ബൾബ് | ട്രാൻസ് ഫോർമർ |
|---|---|---|---|---|---|---|
| VIII | 1 | പറപ്പുത്തടം-മീശപ്പടി റോഡ് | - | - | 10 | - |
| | 2 | ഇരിങ്ങാവൂർ-കുറുക്കോൾ റോഡ് | - | - | 10 | - |
| | 3 | ഓട്ടുകരപ്പുറം-കാന്തള്ളൂർ റോഡ് | - | - | 10 | - |
| IX | 1 | കുറുംപ്പും പടി | - | - | - | 1 |
| | 2 | കുറുംപ്പും പടി ഹരിജൻ കോളനി റോഡ് | - | - | 10 | - |
| | 3 | ഹരിജൻ കോളനി | - | - | - | 1 |
| | 4 | കുറുംപ്പുംപടി-കടുങ്ങാത്തുണ്ട് റോഡിൽ നിന്നും-ഖാദർ മാസ്റ്റർ മെമ്മോറിയൽ റോഡിൽ | - | - | 5 | - |
| X | 1 | ഇരിങ്ങാവൂർ (10-ാം വാർഡിൽ) മണ്ടകത്ത് പറമ്പിൽ | - | - | - | 1 |
| | 2 | മീശപ്പടി-SVAVP-സ്കൂൾ-കുറുംപ്പുംപടി റോഡ് | - | - | 10 | - |
| | 3 | കുറുംപ്പും പടി-ആശാരിപ്പാറ റോഡ് | 2 | - | 5 | - |
| | 4 | മണ്ടകത്തിൽപറമ്പ്-ചുള്ളിക്കാട്ടിൽ ഇടവഴി-കുന്നത്തു കായൽ റോഡ് | - | – | 10 | - |
| XI | 1 | മണ്ടകത്തിൻ പറമ്പിൽ നിന്ന് ആശാരിപ്പാറ റോഡ് വഴി തിരിഞ്ഞു പോകുന്ന Single Line-Three Phase line ആക്കുക | | | | |
| | 2 | മീശപ്പടി-മണ്ടകത്തിൻ പറമ്പ് പാലത്തിങ്ങൽ പള്ളി റോഡ് | - | - | 15 | - |
| | 3 | മണ്ടകത്തിൻ പറമ്പ്-ഉള്ളാടി തിരുത്ത് പണിക്കർ റോഡ് | - | - | 15 | - |

# മാർക്കറ്റ്

ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ ഏകദേശം 50 കൊല്ലങ്ങൾക്ക് മുമ്പ പച്ച അടക്ക, കശുവണ്ടി , നാളികേരം പഴുക്ക അടക്ക തുടങ്ങിയവ വൻ തോതിൽ പുറം ദേശങ്ങളിൽ നിന്നും ശേഖരിച്ച് സംസ്കരിച്ച ശേഷം പുറം രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. എന്നാൽ ഇന്ന് പച്ച അടക്ക, നാളികേരം, കശുവണ്ടി തുടങ്ങിയവയുടെ ശേഖരണവും കയറ്റുമതിയും ഇല്ലെന്നു തന്നെ പറയാം. വിപണനത്തിന് സൗകര്യമുള്ള പൊതു മാർക്കറ്റോ, സഹകരണ മാർക്കറ്റുകളോ പഞ്ചായത്തിൽ ഇല്ല. മുമ്പുണ്ടായിരുന്ന റഗുലേറ്റഡ് മാർക്കറ്റ് ഇവിടെ നിന്നും മാറ്റുകയും ചെയ്തു. മുമ്പത്തേതിലും വലിയ കുറവ് വരാതെ നടന്നു പോകുന്നത് കാലി ചാക്കിന്റെ വിപണനം മാത്രമാണ്.

## പ്രശ്നങ്ങൾ:-

1. കാർഷിക ഉൽപ്പന്നങ്ങളും നാണ്യ വിളകളും വില്പന നടത്തുന്നനതിനുള്ള മാർക്കറ്റുകൾ ലഭ്യമല്ല.

2. മത്സ്യം, മാംസങ്ങൾ വില്പന നടത്തുന്നതിനും വാങ്ങുന്നതിനും ശുചിയായ മാർക്കറ്റുകൾ ഇല്ല.

## സാദ്ധ്യതകൾ

1. അടക്ക, നാളികേരം, തുടങ്ങിയ നാണ്യവിളകൾ വില്പന നടത്തുന്നതിനാവശ്യമായ പൊതു മാർക്കറ്റോ (ആഴ്ച ചന്ത) സഹകരണ സ്ഥാപനമോ തുടങ്ങുക.

2. പച്ചക്കറികൾ വില്പന നടത്തുന്നതിന് ആഴ്ച ചന്ത തുടങ്ങുക.

3. മത്സ്യം, മാംസം മാർക്കറ്റുകൾ സ്ഥാപിക്കുക

4. ത്രീവേണി സഹകരണ സംഘം പോലുള്ള സഹകരണ സ്റ്റോർ സ്ഥാപിക്കുക.

## പരിഹാര നിർദ്ദേശങ്ങൾ

1. മൂന്നാം വാർഡിൽ അയോജ്യമായ സ്ഥലം അക്വയർ ചെയ്ത് മത്സ്യം , മാംസം മാർക്കററ് സ്ഥാപിക്കുക.

2. അനുയോജ്യമായ സ്ഥലം അക്വയർ ചെയ്ത് അറവുശാല നിർമ്മിക്കുക.

3. ടാക്സി സ്റ്റാന്റിന് സ്ഥലം അക്വയർ ചെയ്ത് ഷോപ്പിംഗ് കോംപ്ലക്സ് സൗകര്യം കൂടിയുള്ള ടാക്സി സ്റ്റാന്റ് നിർമ്മിക്കുക.

4. കാർഷിക വിളകളും നാണ്യ വിളകളും വില്പന നടത്തുന്നതിന് ആഴ്ചചന്തകളോ സഹ കരണ സ്ഥാപനങ്ങളോ തുടങ്ങുക.

5. നാളികേരം വിറ്റഴിക്കാൻ മാർക്കറ്റ് സംവി ധാനം ആരംഭിക്കുക.

6. അടക്ക മാർക്കറ്റ് ആരംഭിക്കുക.

7. വെറ്റില വില്പന നടത്തുന്നതിനും ന്യായ മായ വില ലഭിക്കുന്നതിനും മാർക്കറ്റ് ആരംഭിക്കു ക.

8. കശുവണ്ടി വിറ്റവിക്കുന്നതിന് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

9. ഇരിങ്ങാവൂർ അങ്ങാടിയിൽ മത്സ്യ മാംസ മാർക്കറ്റ് നിർമ്മിക്കുക.

10. പലചരക്കു കടകളിലും ഹോട്ടലുകളിലും വില നിലവാരം പരിശോധിക്കുവാനുള്ള സംവിധാനം ഉറപ്പ് വരുത്തുക.

11. സഹകരണ മേഖലയിൽ കൊപ്പര, ആട്ടി എണ്ണ വിപണനം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

തിരൂർ താലൂക്കിലെ ചെറിയമുണ്ടം വില്ലേജ് മാത്രം ഉൾപ്പെടുന്നതാണ് ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്. സമീപത്തെ മറ്റു പഞ്ചായത്തുകളിലെന്ന പോലെ ഗൾഫ് പണം ഇവിടെയും നിർണ്ണായക സ്വാധീനം ചെലുത്തുന്നു. ഭവന നിർമ്മാണ രംഗത്ത് ഈ സ്വാധീനം പ്രതിഫലിച്ചു കാണുന്നുണ്ട്. എന്നാൽ പഞ്ചായത്തിലാകമാനം ഈയൊരവസ്ഥ നിലനിൽക്കുന്നു എന്ന് പറഞ്ഞുകൂടാ. ഭൂരിഭാഗം ജനങ്ങളും കർഷകരും, കർഷകത്തൊഴിലാളികളും ഉൾപ്പെടെയുള്ള ഇടത്തരം ജനവിഭാഗങ്ങളാണ്.അതു കൊണ്ടു തന്നെ ഈ പഞ്ചായത്തിലെ കൂടുതൽ വീടുകളും ഇടത്തരങ്ങളാണ്. നാലാം വാർഡിലെ ലക്ഷം വീട് കോളനി, അഞ്ചാം വാർഡിലെ പരന്നങ്ങാട്ട് കോളനി, എട്ടാം വാർഡിലെ നരിയറക്കുന്നു കോളനി ഒൻപതാം വാർഡിലെ കോട്ടക്കുന്ന് കോളനി, രണ്ടാം വാർഡിലെ പടിഞ്ഞാറക്കര എന്നീ പ്രദേശങ്ങളിലെ വീടുകൾ ഇതിന് അപവാദങ്ങളാണ്.

പഞ്ചായത്തിലാകമാനം 5233 വീടകളാണുള്ളത്. ഇതിൽ 1156 എണ്ണം കോൺക്രീറ്റ് നിർമ്മിതവും 3138 എണ്ണം ഓടിട്ടതും 746 എണ്ണം ഓല മേഞ്ഞ് നിർമ്മിച്ചിട്ടുള്ളതുമാണ്. കൂടാതെ നമ്മുടെ പഞ്ചായത്തിൽ 193 കുടിലുകളുമുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി വീടു നിർമ്മാണ രംഗത്തുള്ള ചില പുത്തൻ പ്രവണതകൾ ആശങ്ക ഉളവാക്കുന്നതാണ്. വയൽ നികത്തി വലിയ കെട്ടിടങ്ങൾ പണിയുന്നത് വ്യാപകമായി തീർന്നിരിക്കുന്നു. ഇത് കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്നതും, ധാരാളം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമാണ്.

അത്യാഡംബരങ്ങളായ മാർബിൾ, മൊസൈ

ക്ക്, കടപ്പ, ഗ്രാനൈറ്റ് എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് നിർമ്മാണച്ചെലവ് വളരെ കൂടുന്നതോടൊപ്പം സാധാരണക്കാരന്റെ വീട് എന്ന സ്വപ്നം സഫലീകരിക്കുന്നതിന് വിഘാതവും സൃഷ്ടിക്കുന്നു.

ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുന്നതിനു വേണ്ടി തിരൂർ കാർഷിക വികസന ബാങ്ക് ഉൾപ്പെടെ പല ഏജൻസികളും നിലവിലുണ്ടെങ്കിലും ജനങ്ങൾ അവയുടെ സേവനം വേണ്ടത്ര ഉപയോഗപ്പെടുത്തി കാണുന്നില്ല. സങ്കീർണ്ണമായ നടപടിക്രമങ്ങൾ, ജാമ്യ വ്യവസ്ഥകൾ, അമിതമായ പലിശ, ഇവയൊക്കെ ജനങ്ങളെ ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിൽ സടസ്സമായി വർത്തിക്കുന്നു. ഇതിന് താഴെ പറയുന്ന പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. ഭവന വായ്പാവ്യവസ്ഥകൾ ലഘൂകരിക്കുക.

2. പലിശ നിരക്ക് 12% ആയി നിജപ്പെടുത്തുക.

3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോട് കൂടി വീട് നിർമ്മിച്ചു നൽകുക.

സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണവും മറ്റുള്ള വിവരങ്ങളും താഴെ പ്രതിപാദിക്കുന്നു.

**ഭവനലഭ്യതാ പട്ടിക/ ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്.**

| വർഷം | NRFP | JRY | MWS | IAY | ആകെ |
|---|---|---|---|---|---|
| 1986-87 | 4 | - | - | - | 4 |
| 1987-88 | 5 | - | - | - | 5 |
| 1991-92 | - | 2 | - | - | 2 |
| 1992-93 | - | 3 | - | - | 3 |
| 1994-95 | - | - | 1 | 1 | 2 |
| 1995-96 | - | 1 | 3 | 10 | 14 |
| 1996-97 | - | - | - | 6 | 6 |
| | | | | | 36 |

മേൽ സൂചിപ്പിച്ച കണക്കുകൾ കാണിക്കുന്നത് 1986 മുതൽ 1996 വരെയുള്ള ഏഴ് വർഷങ്ങളിൽ വിവിധ സ്കീമുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ വെറും 36 വീടുകൾ മാത്രമാണ് ലഭ്യമായത് എന്നാണ്. ഇത് വളരെ അപര്യാപ്തമാണെന്ന് പറയേണ്ടതില്ലല്ലോ? വീടില്ലാത്തവർക്ക് വേണ്ടി സർക്കാർ വിവിധ ഏജൻസികൾ മുഖേന ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും അവരുടെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയില്ലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് ഇത്തരക്കാർക്ക് വീട് നിർമ്മാണത്തിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. വാർഡുതലത്തിൽ ഗുണഭോക്താക്കളുടെയും, സന്നദ്ധ സംഘടനകളുടെയും സംയുക്ത യോഗം വിളിച്ച് ചേർത്ത് ഗുണഭോക്താക്കൾക്ക് എങ്ങിനെ എത്ര രൂപ സമാഹരിക്കാൻ പറ്റുമെന്ന് മനസ്സിലാക്കുക.

2. ഇവർക്ക് എത്രത്തോളം സർക്കാർ ഫണ്ട് ലഭ്യമാക്കാൻ കഴിയുമെന്ന് മനസ്സിലാക്കുക.

3. വ്യക്തികളിൽ നിന്നും, സംഘടനകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അദ്ധ്വാനവും സംഭാവനയും (നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെ) സമാഹരിക്കുക.

മേൽ നിർദ്ദേശിച്ച മൂന്ന് കാര്യങ്ങളും ഏകോപിപ്പിച്ചാൽ സർക്കാർ ഫണ്ടിനെ മാത്രം ആശ്രയിക്കാതെ, നിർധനരായ കുടുംബങ്ങളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും.

പാർപ്പിടവുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നമാണ് നിലവിലുള്ള വീടിന്റെ സൗകര്യങ്ങളുടെ അപര്യാപ്തത. പല വീടുകളിലും കക്കൂസ് സൗകര്യമില്ല. കുടിവെള്ളം കിട്ടുന്നതിന് സ്വന്തമായി കിണറില്ലാത്ത ഭവനങ്ങളും ധാരാളമായി ഉണ്ട്. ഈ

പ്രശ്നങ്ങൾ ഏറ്റവും സങ്കീർണ്ണമായിട്ടുള്ളത് II-ാം വാർഡിലെ പടിഞ്ഞാക്കര, V-ാം വാർഡിലെ പരന്നങ്ങാട്ട്, IV-ാം വാർഡിലെ ലക്ഷം വീട്, IX-ാം വാർഡിലെ കോട്ടക്കുന്ന്, VIII-ാം വാർഡിലെ നരിയറ കുന്ന് എന്നീ കോളനികളിലാണ്. കക്കൂസിന്റെ പ്രശ്നം പരിഹരിക്കുന്നതിന് കോളനികളിലും ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും പൊതു കക്കൂസ് നിർമ്മിക്കുന്ന കാര്യം ഗ്രാമ പഞ്ചായത്തിന് പരിഹരിക്കാവുന്നതാണ്.

പ്രകൃതിക്ഷോഭത്തിന്റെ ഫലമായി വീടുകൾ പൂർണ്ണമായോ, ഭാഗികമായോ നശിക്കുമ്പോൾ, റവന്യൂ വകുപ്പിൽ നിന്നും ഇന്ന് ലഭ്യമാക്കുന്ന സഹായം പലപ്പോഴും പുനർനിർമ്മാണത്തിന് തികയാതെ വരുന്നു. മാത്രമല്ല കാല താമസ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അടിയന്തിരമായ സഹായം ലഭ്യമാക്കുന്നതിനായി പഞ്ചായത്തിന് സ്വന്തം നിലയിൽ ഒരു സ്ഥിരം ഫണ്ട് സ്വരൂപിക്കുന്നതിനെ കുറിച്ച് പരിഗണിക്കാവുന്നതാണ്. സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സഹായം തേടുന്നതും ഈ കാര്യത്തിന് അഭിലഷണീയമാണ്.

ഭവന നിർമ്മാണ രംഗത്ത് അനുഭവപ്പെടുന്ന ഏറ്റവും സങ്കീർണ്ണമായ പ്രശ്നമാണ് നിർമ്മാണ സാമഗ്രികളുടെ രൂക്ഷമായ വിലക്കയറ്റം. സിമന്റ്, കമ്പി മണൽ, മെറ്റൽകട്ട എന്നിവക്കെല്ലാം കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇരട്ടിയിലധികം വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിന് പുറമെ ആഢംബര വസ്തുക്കളായ മാർബിൾ, മൊസൈക്ക് ഇവയുടെ ഉപയോഗം കൂടി ആകുമ്പോൾ വീട് നിർമ്മാണച്ചെലവ് ലക്ഷങ്ങൾ കവിയുന്നു. ഇങ്ങനെയുള്ള വീടുകളുടെ നിർമ്മാണം നാട്ടു നടപ്പായതോടു കൂടി ജനങ്ങൾ മറ്റു തരത്തിലുള്ള വീടുകളെ കുറിച്ച് ചിന്തിക്കാതെയായി. ഇതിന്റെ ഫലമായി ഒരു മനുഷ്യൻ തന്റെ പുരുഷായുസ്സിലെ എല്ലാ സമ്പത്തും ഒരു കോൺക്രീറ്റ് സൗധത്തിനായി മുടക്കുന്നു. ഇത് പലപ്പോഴും അവന്റെ ആവശ്യങ്ങളുമായി തീരെ പൊരുത്തപ്പെടാത്തതുമായിരിക്കും. ജനങ്ങളുടെ ഈ സമീപനം മാറ്റുവാനായി പഞ്ചായത്തിന് പലതും ചെയ്യാവുന്നതാണ്. ചിലവ് കുറഞ്ഞ വീടുകളുടെ സാധ്യതകളെ പറ്റി ശില്പശാലകളും മറ്റും നടത്തി ജനങ്ങളെ ബോധവൽക്കരിക്കണം. സമ്പത്ത് മറ്റു മേഖലകളിൽ വിനിയോഗിച്ചാൽ (വ്യവസായ രംഗത്തും മറ്റും) സ്വന്തം നിലയിലും മറ്റുള്ളവർക്കും ഉണ്ടാകുന്ന നേട്ടങ്ങളെ പറ്റി ഗ്രാമസഭകളും മറ്റും വിളിച്ച് ചേർത്ത് വിദഗ്ധരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യപ്പെടണം.

വിദഗ്ധ തൊഴിലാളികളുടെ അപര്യാപ്തതയാണ് കെട്ടിട നിർമ്മാണ രംഗത്തുള്ള മറ്റൊരു പ്രശ്നം . പ്രദേശികമായി തൊഴിലാളികളെ തീരെ കിട്ടാനില്ല. സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികൾ കരാറുകാരുടെ കീഴിലാണ് ജോലി ചെയ്യുന്നത്. കെട്ടിടം പണി പലപ്പോഴും മൊത്തമായി ഒരു കരാറുകാരൻ ഏറ്റെടുക്കുന്നതുകൊണ്ട് ഉടമയിൽ നിന്നും ഈടാക്കുന്ന ഉയർന്ന ശമ്പളം പലപ്പോഴും തൊഴിലാളികൾക്കു കിട്ടുന്നില്ല. ഇവിടെ കരാറുകാരൻ ഒരേ സമയം തൊഴിലാളികളെയും, കെട്ടിട ഉടമയേയും ചൂഷണം ചെയ്യുന്നു. പലപ്പോഴും ഇവർ ഉപയോഗിക്കുന്ന കെട്ടിട നിർമ്മാണ സാമഗ്രികൾ വളരെ ഗുണനിലവാരം കുറഞ്ഞതുമായിരിക്കും. വീട് നിർമ്മിക്കുന്ന വ്യക്തിക്ക് ഈരംഗത്തുള്ള സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവമാണ് പലപ്പോഴും ഇത്തരം ചൂഷണങ്ങൾക്ക് അയാളെ ഇരയാക്കി മാറ്റുന്നത്.

ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പാർപ്പിട പ്രശ്നങ്ങൾക്ക് ആശ്വാസമേകാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സജീവ പരിഗണനയിൽ ഉണ്ടാകേണ്ടതാണ്.

1. രണ്ട് ലക്ഷം രൂപക്ക് മുകളിൽ നിർമ്മാണച്ചെലവ് വരുന്ന വീടുകൾക്ക് ഒരു നിശ്ചിത ശതമാനം

നികുതി ഈടാക്കുക.

2. ഇങ്ങനെ സ്വരൂപിക്കുന്ന തുക വീട് ഇല്ലാത്തവർക്ക് വീട് വെക്കുന്നതിനായി ലഭ്യമാക്കുക (പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് മുൻഗണന നൽകുക.)

3. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.

4.സർക്കാർ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുക.

5. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

6. ചെലവ് കുറഞ്ഞ വീട് എന്ന ആശയം പ്രചരിപ്പിക്കുക.

7.സർക്കാർ നൽകുന്ന ഭവന നിർമ്മാണ വായ്പാ തുക വർദ്ധിപ്പിക്കുക.

8.രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരം നൽകുന്ന വായ്പാ തുക 26000 രൂപയിൽ നിന്നും 50,000 രൂപ ആയി ഉയർത്തുക.

9. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി പ്രകാരം നൽകുന്ന സഹായം 15,000 രൂപയിൽ നിന്നും 25,000 രൂപയായി ഉയർത്തുക.

ഭൂരഹിതരായ ഭവനരഹിതരുടെ പ്രശ്നം സജീവമായ പരിഗണന അർഹിക്കുന്നു. ഇവർക്ക് ഭൂമി ലഭ്യമാക്കണം. ഇതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമി സർക്കാർ പുറം പോക്ക്, പഞ്ചായത്ത് ലീസ് ഭൂമി, ഇവ ഉപയോഗപ്പെടുത്താവുന്നതാണ്. അഞ്ചു സെന്റ് ഭൂമി വീതം സൗജന്യമായി നൽകുകയും, LIC തുടങ്ങിയ കേന്ദ്ര വായ്പാ ഏജൻസികളിൽ നിന്നു കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കി നിർമ്മിതികേന്ദ്രം പോലുള്ള ഏജൻസികളെക്കൊണ്ട് വീടു പണിയിച്ച് നൽകാവുന്നതുമാണ്. ഇതിനായി സന്നദ്ധസംഘടനകളുടെയും വ്യക്തികളുടെയും സഹായവും, സേവനവും ലഭ്യമാക്കാവുന്നതാണ്.

കൂട്ടായ യജ്ഞത്തിലൂടെ ഒമ്പതാം പദ്ധതി അവസാനിക്കുന്നതോടുകൂടി നമ്മുടെ പഞ്ചായത്തിലെ പാർപ്പിടരംഗത്തുള്ള പ്രശ്നങ്ങൾ വലിയ അളവിൽ പരിഹരിക്കാം.

## സാമൂഹ്യക്ഷേമം

ഒരു ജനതയുടെ പുരോഗതിയുടെ അളവുകോലാണ് സാമൂഹ്യക്ഷേമ രംഗം. ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനവിഭാഗത്തെ ഉദ്ധരിക്കുക, സംഘടിത-അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുക എന്നീ ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവയെ രണ്ടു തരത്തിൽ തിരിക്കാവുന്നതാണ്.

1.കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികൾ

2. തൊഴിലാളി-തൊഴിൽ ഉടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി പട്ടിക വർഗ്ഗ വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതിവികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.എന്നാൽദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പഞ്ചായത്തിൽ കൂടുതലും ലഭ്യമാകുന്നത്. നാമമാത്രമായി മറ്റു പദ്ധതികളും പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിൽ പല അപര്യാപ്തതകളും കാണാവുന്നതാണ്. ഇവ പ്രധാനമായും

a പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ

b. അർഹതപ്പെട്ടവർക്ക് കിട്ടാതിരിക്കുക

c. ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ്

d. സഹായം ആവശ്യത്തിനും സമയത്തിനും കിട്ടാതിരിക്കുക.

e. സഹായം ഉപയോഗപ്പെടുത്തുമ്പോൾ ഇടക്ക് വരുന്ന സാങ്കേതിക തടസ്സങ്ങളും അതു വഴി വരുന്ന കാലതാമസവും .

ഇവ പൊതുവായ പ്രശ്നങ്ങളാണെങ്കിൽ, നമ്മുടെ പഞ്ചായത്തിനെ ബാധിക്കുന്ന ഗൗരവമേറിയ പ്രശ്നമാണ് നമ്മുടെ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലവും അവിടെ എത്തിച്ചേരാനുള്ള പ്രയാസങ്ങളും . നമ്മുടെ ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നത് യാതൊരു യാത്രാസൗകര്യവുമില്ലാത്ത സ്ഥലത്താണ്. തലക്കടത്തൂർ അങ്ങാടിയിൽ ബസ്സിറങ്ങി ഒരു വലിയ കയറ്റം കയറി വേണം ഓഫീസിലെത്താൻ. ഇതു മൂലം ഒരു ഓട്ടോറിക്ഷ പോലും പഞ്ചായത്ത ഓഫീസിലേക്ക് ട്രിപ്പു വിളിച്ചാൽ വരാൻ തയ്യാറാകുന്നില്ല. ഇത് ജീവനക്കാർക്കും, ദിവസവും വിവിധ ആവശ്യങ്ങൾക്കായി ഓഫീസിലെത്തുന്ന ജനങ്ങൾക്കും ഒരുപോലെ പ്രയാസം സൃഷ്ടിക്കുന്നു. പഞ്ചായത്തോഫീസിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ യാത്രാ ബുദ്ധിമുട്ടിന്റെപേരിൽ മറ്റു സ്ഥലങ്ങളിലേക്ക് മാറ്റം വാങ്ങി പോകുന്നത് പതിവായിട്ടുണ്ട്. വില്ലേജോഫീസുകളിലൂടെയും മറ്റും നടത്തിക്കൊണ്ടിരുന്ന പല ക്ഷേമ പദ്ധതികളും ഇപ്പോൾ നടപ്പിലാക്കുന്നത് പഞ്ചായത്തിലൂടെ ആയതിനാൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്ത അവസ്ഥ ഉണ്ടാകുന്നത് അഭികാമ്യമല്ല.മാത്രമല്ല വിവിധ പദ്ധതികൾക്ക് അപേക്ഷകൾ കൊടുക്കുവാനും ക്ഷേമപദ്ധതികളെക്കുറിച്ച് അന്വേഷിക്കുവാനും മറ്റും ഈ യാത്രാദുരിതം ഒരു വിഭാഗം ആൾക്കാരെയെങ്കിലും പിന്തിരിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഓഫീസ് പണിയുന്നതിനായി ബംഗ്ലാം കുന്നിൽ റവന്യൂ വകുപ്പിൽ നിന്നും വാങ്ങിയിട്ടുള്ള 15 സെന്റ് സ്ഥലത്ത് എത്രയും പെട്ടെന്ന് കെട്ടിടം പണിത് പഞ്ചായത്ത് ഓഫീസ് അങ്ങോട്ടു മാറ്റി സ്ഥാപിക്കുവാൻ കഴിഞ്ഞാൽ ജനകീയ പങ്കാളിത്തത്തോടെ നിർവ്വഹിക്കുന്ന ഒൻപതാം പദ്ധതിയുടെ വിജയത്തിനു കൂടി അത് സഹായകരമായിരിക്കും.

താനൂർ ബ്ലോക്ക് ഓഫീസിനു കീഴിൽ ചെറിയമുണ്ടം, ഇരിങ്ങാവൂർ എന്നീ VEO സർക്കിളുകളിലായാണ് പഞ്ചായത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾ പ്രധാമായും നടന്നുവരുന്നത്. രണ്ടു സർക്കിളുകളിലൂടെ നടപ്പിലാക്കിയ പദ്ധതികളെ കുറിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്ന് ഇനിയും ശരിയായ വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു. എന്നാലും ലഭ്യമായ കണക്കുകൾ വച്ചുകൊണ്ട് വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെ പ്രതിപാദിക്കുന്നു.

## IRDP സഹായലഭ്യതാകണക്ക്

## ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

| വർഷം | എണ്ണം | സഹായ ധനം | വായ്പാ സഹായം |
|---|---|---|---|
| 1992-93 | 23 | 62,228 | 1,97,200 |
| 1993-94 | 24 | 63,971 | 1,92,500 |
| 1994-95 | 20 | 83,000 | 2,36,000 |
| 1995-96 | 17 | 52,000 | 1,78,588 |

1992ലെ സർവേ പ്രകാരം ഈ പഞ്ചായത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1028 ആണ്. (ഇതിൽ 1995 ലെ അഡീഷണൽ സർവേയും ഉൾപ്പെടും) ദേശസാൽകൃത ബാങ്കുകൾ ഈ സ്കീമനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്. സഹകരണ ബാങ്കുകൾക്ക് പരമാവധി ഫണ്ട് അനുവദിച്ച് ഗുണഭോക്താക്കൾക്ക് സഹായം എത്തിക്കുക എന്നുള്ളതാണ് ഇതിനുള്ള ഒരു പരിഹാരം. IRDP പദ്ധതിക്ക് എടുത്തു പറയാവുന്ന മറ്റൊരു ന്യൂനത, വായ്പ അനുവദിക്കുന്നത് ഒരു പ്രത്യേക കാലയളവിൽ ആയതിനാൽ ഗുണഭോക്താവിന് അത്യാവശ്യം നിർവ്വഹിക്കാൻ കഴിയാതെ വരുന്നു എന്നതാണ്. IRDP ഗുണഭോക്താവാകാനുള്ള വാർഷിക വരുമാന പരിധി 11,000 രൂപയിൽ നിന്നും 25,000 രൂപയാക്കിയെങ്കിലും ഉയർത്തുന്നത് ഗുണഭോക്താക്കൾക്ക് ഏറെ സഹായകരമായിരിക്കും.

## DWCRA സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഇത്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം രണ്ട് യൂണിറ്റുകൾ തുടങ്ങുകയുണ്ടായി. ഇരിങ്ങാവൂരിലെ കുടുംബിനി കറി പൗഡർ യൂണിറ്റും തലക്കടത്തൂരിൽ തുടങ്ങിയ ആടുവളർത്തൽ കേന്ദ്രവുമാണ് ഇവ. ഇതിൽ 1989-90 കാലഘട്ടത്തിൽ 44,000 രൂപ വായ്പാ ധനവും 22,000 രൂപ സഹായധനവുമായി തുടങ്ങിയ കറി പൗഡർ യൂണിറ്റിന്റെ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണ്. എന്നാൽ 1990-91ൽ 26,680 രൂപ വായ്പാ ധനവും 13,320 രൂപ സഹായധനവുമായി തലക്കടത്തൂരിൽ തുടങ്ങിയ ആടുവളർത്തൽ കേന്ദ്രം മോശമല്ലാത്ത നിലയിൽ പ്രവർത്തിച്ചു വരുന്നു.

## DWCRA യൂണിറ്റ് പരാജയപ്പെടാനുള്ള പ്രധാന കാരണങ്ങൾ

a. കമ്പനികളുടെ ആകർഷകങ്ങളായ പാക്കിങ്ങുകളോടു കൂടിയ ഉത്പന്നങ്ങളോട് കിടപിടിക്കുവാൻ കഴിയാതെ വരുന്നത്.

b. സ്ത്രീകളുടെ കൂട്ടായ്മയുടെ അഭാവം

## പരിഹാരമാർഗ്ഗങ്ങൾ

a. ഗുണമേന്മ മെച്ചപ്പെടുത്തുവാൻ വേണ്ടുന്ന സഹായസഹകരണങ്ങൾ ചെയ്യുക. സർക്കാരിനാവശ്യമായ ചില ഉൽപ്പന്നങ്ങൾ DWCRA യൂണിറ്റിൽ നിന്നും വാങ്ങുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കുക. ഉദാ: കസേര, മേശ, പേപ്പർ, പുസ്തകം തുടങ്ങിയവ.

### DWCRA സഹായലഭ്യതാകണക്ക്
### ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്

| വർഷം | സ്ത്രീകളുടെ എണ്ണം | വായ്പാ ധനം | സഹായ ധനം | പേര് |
|---|---|---|---|---|
| 1989-90 | 10 | 44,000 | 22,000 | കുടുംബിനി കറി പൗഡർ യൂണിറ്റ്, ഇരിങ്ങാവൂർ |
| 1990-91 | 10 | 26,680 | 13,320 | തലക്കടത്തൂർ ആടുവളർത്തൽ കേന്ദ്രം, തലക്കടത്തൂർ |

## TRYSEM (ട്രൈസം)

18 വയസ്സിനും 35 വയസ്സിനും മധ്യേ പ്രയമുള്ള തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് പരിശീലനം നൽകി അവരെ സ്വയം പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ഈ പദ്ധതി അനുസരിച്ച് ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിൽ നിന്നും 1984 മുതൽ 1992 വരെയുള്ള കാലയളവിൽ വെറും ഒൻപതു പേരെ മാത്രമാണ് തിരഞ്ഞെടുത്തത്.

| വർഷം | പരിശീലനം ലഭിച്ചവരുടെ എണ്ണം |
|---|---|
| 1984-85 | 3 |
| 1985-86 | 3 |
| 1991-92 | 3 |

പ്രസ്തുത കണക്കിൽ നിന്നും ഈ പദ്ധതി വേണ്ടത്ര ഫലപ്രദമായി നമ്മുടെ പഞ്ചായത്തിൽ നടപ്പിൽ വരുത്തുന്നില്ല എന്നു വ്യക്തമാണ്. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ലെന്ന പരാതിയും ഉദ്യോഗസ്ഥരിൽ നിന്നുണ്ട്. ഇതു പരിഹരിഹരിക്കാൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കാൻ ശ്രമിക്കണം. ഈ കാര്യത്തിൽ യുവജന സംഘടനകൾക്ക് നല്ലൊരു പങ്ക് നിർവഹിക്കാനുണ്ട്. അതോടൊപ്പം ഓരോ പ്രദേശത്തിനും അനുയോജ്യമായ തൊഴിലിൽ പരിശീലനം നൽകാനും അങ്ങനെ പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുവാനുമുള്ള സഹായസഹകരണങ്ങൾ നൽകണം.

### ടൂൾ കിറ്റ്.

ഗ്രമീണ കൈത്തൊഴിലാളികൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന ഈ പദ്ധതി നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര നടപ്പിലായിട്ടില്ല. വാർഡുതലത്തിൽ വിശദമായ സർവേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തി സഹായം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

## CRSP

ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് CRSP. 1993 മുതൽ 1996 വരെയുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ ആകെ 21 കക്കൂസുകൾ മാത്രമാണ് അനുവദിച്ചത്

### CRSP പദ്ധതി പ്രകാരം അനുവദിച്ച കക്കൂസുകളുടെ എണ്ണം

| വർഷം | അനുവദിച്ച കക്കൂസുകളുടെ എണ്ണം |
|---|---|
| 1993-94 | 10 എണ്ണം |
| 1994-95 | 7 എണ്ണം |
| 1996-97 | 4 എണ്ണം |

ഓരോ വർഷവും ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈ പദ്ധതിയുടെ മറ്റു ചില പോരായ്മകളും പരിഹാരമാർഗ്ഗങ്ങളും താഴെ ചേർക്കുന്നു.

a. സർക്കാർ ധനസഹായം 2,000 രൂപയിൽ നിന്ന് 4,000 രൂപ ആക്കി വർദ്ധിപ്പിക്കുക.

b. കോളനിനിവാസികൾക്ക് സ്ഥലപരിമിതി മൂലം പ്രത്യേകം കക്കൂസ് നിർമ്മാണം ബുദ്ധിമു ട്ടായി തീരുന്നു. ഇതിന് പരിഹാരമായി പല കുടും ബങ്ങൾക്കായി പൊതു കക്കൂസ് നിർമ്മിക്കുക.

## ചെറിയമുണ്ടം പഞ്ചായത്തിൽ അനുവദിച്ചു വരുന്ന പെൻഷനുകളുടെ വിവരങ്ങൾ

| വർഷം | വാർദ്ധക്യ കാല പെൻഷൻ | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | ക്ഷയരോഗ പെൻഷൻ | കുഷ്ഠ രോഗ പെൻഷൻ | ക്യാൻസർ-മാനസികരോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മാ വേതനം |
|---|---|---|---|---|---|---|---|---|---|
| 1991 | - | - | 1 | - | 2 | - | - | 5 | 1 |
| 1992 | - | - | 4 | - | 1 | - | - | 2 | 3 |
| 1993 | - | - | 4 | 1 | - | - | - | - | - |
| 1994 | - | - | 5 | 2 | 1 | - | - | 1 | 2 |
| 1995 | - | - | 2 | 1 | - | - | - | - | - |
| 1996 | 14 | - | 4 | 2 | - | - | - | - | - |

### വിധവാ പെൻഷൻ

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ആശ്രിക്കാർ വാങ്ങുന്ന പെൻഷനാണിത്. 1991 മുതൽ 1996 വരെ 18 പേർ ഇതിനർഹരായി. എന്നാൽ യഥാർത്ഥത്തിൽ ഇതിലും വളരെ കൂടു തൽ പേർക്ക് ഇതിന് അർഹതയുണ്ട്. പ്രായ പൂർത്തിയായ ആൺ കുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരു മാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യ മാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### വികലാംഗപെൻഷൻ

1993 മുതൽ 1996 വരെയുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ 6 പേർക്ക് ഈ പെൻഷൻ ലഭിച്ചിട്ടുണ്ട്.വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കിട്ടണമെങ്കിൽ ഇപ്പോൾ ജില്ല: ആശുപത്രി സ്ഥിതി ചെയ്യുന്ന മഞ്ചേരിയിൽ എത്ത ണം. കൂടാതെ കാലതാമസവും. വികലാംഗര സംബന്ധിച്ചു ദൂരയാത്ര വളരെ ബുദ്ധിമുട്ടായത നാൽ ഈ സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാര താലൂക്ക് ആശുപത്രികൾക്ക് നൽകേണ്ടതാണ്.

### വാർദ്ധക്യകാല പെൻഷൻ

ദേശീയ സാമൂഹിക സഹായ പദ്ധതിയിര ഉൾപ്പെട്ട വാർദ്ധക്യ കാല പെൻഷൻ നമ്മുടെ പഞ്ച യത്തിൽ വിതരണം ചെയ്ത് വരുന്നുണ്ട്. പഞ്ച യത്തിലെ ജനസംഖ്യാടിസ്ഥാനത്തിൽ 128 പേ ഈ ആനുകൂല്യത്തിനർഹരാണ്. 35 അപേക്ഷ ളാണ് പ്രസ്തുത പെൻഷനു വേണ്ടി പഞ്ചാ ത്തിൽ ലഭിച്ചിട്ടുള്ളത്. ഈ അപേക്ഷകളിൻമേ

അധികൃതർ അനുകൂലമായി ശുപാർശ ചെയ്തിട്ടുണ്ട്. പ്രതിമാസം 100 രൂപ ധനസഹായം ലഭിക്കുന്ന ഈ പെൻഷന് അർഹരായിട്ടുള്ളവർ ധാരാളം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഈ പദ്ധതിക്കാവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്തി ഈ പെൻഷൻ പൂർണ്ണരൂപത്തിൽ നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യേണ്ടതാണ്.

## തൊഴിലില്ലായ്മാ വേതനം

പഞ്ചായത്തിൽ 6 പേർക്ക് മാത്രമാണ് തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നത്. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർ ഇവിടെ വളരെ കുറവാണെന്നുള്ളതും, സാമ്പത്തികമായ മുന്നോക്കാവസ്ഥ മൂലം അപേക്ഷ നൽകാത്തതും, ഇതിൽ താത്പര്യമില്ലാത്ത ഒരു വിഭാഗം ഉണ്ടെന്നുള്ളതും എണ്ണം കുറയാൻ കാരണങ്ങളാണ്.

## കർഷകതൊഴിലാളി പെൻഷൻ

നമ്മുടെ പഞ്ചായത്തിലാകെ 6 വ്യക്തികൾക്കാണ് കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നത്. ഇത് സൂചിപ്പിക്കുന്നത് ഈ പദ്ധതിയുടെ ഗുണം വളരെ കുറച്ച് വ്യക്തികൾക്ക് മാത്രമേ ലഭിക്കുന്നുള്ളു എന്നാണ്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് ലഭിക്കുകയാണെങ്കിൽ, ഈ പദ്ധതി വളരെ കാര്യക്ഷമമാക്കാവുന്നതാണ്. ഗ്രാമസഭകളിൽ നിന്നായിരിക്കണം ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്.

## അങ്കണ വാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന അങ്കണ വാടികൾ നമ്മുടെ ഗ്രാമപഞ്ചായത്തിലെ 11 വാർഡുകളിലായി 10 എണ്ണം പ്രവർത്തിക്കുന്നു ഇവയിൽ സ്വന്തമായി കെട്ടിടമുള്ളത് 5എണ്ണത്തിന് മാത്രമാണ്. 2 അങ്കണവാടികളിൽ മാത്രമാണ് സ്വന്തമായി കക്കൂസുള്ളത്.

### ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് അങ്കണ വാടികളുടെ വിവരം

| വാർഡ് | എണ്ണം | അങ്കണവാടി നമ്പർ | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | കക്കൂസ് ഉള്ളത് | കക്കൂസ് ഇല്ലാത്തത് |
|---|---|---|---|---|---|---|
| I | - | - | | - | - | - |
| II | 1 | 22 | | 1 | 1 | - |
| III | - | - | | - | -- | - |
| IV | 2 | 15,23 | 1 | 1 | 1 | 1 |
| V | 1 | - | | 1 | -- | 1 |
| VI | - | | | 1 | -- | - |
| VII | 2 | 16,21 | | 1 | 1 | 1 |
| VIII | 1 | 18 | 1 | 1 | 1 | - |
| IX | 2 | 19,20 | 2 | - | -- | – |
| X | - | - | - | - | -- | - |
| XI | 1 | 17 | - | 1 | 1 | - |

അങ്കണവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. മാത്രമല്ല പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും ഉള്ള കെട്ടിടത്തിന്റെ അറ്റ കുറ്റ പണി നടത്താത്തതും, കളിപ്പാട്ടങ്ങളുടെ കുറവും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരും തലമുറയെ വാർത്തെടുക്കേണ്ട 'മൂശ'കളായി മാറേണ്ട അങ്കണവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. വർക്കർ-ഹെൽപർ എന്നീ രണ്ട് തസ്തികകളിലുള്ളവരുടേയും വേതനം സേവനവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ തുച്ഛമാണെന്ന് കാണാവുന്നതാണ്.

## ചില നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസിയെ കൊണ്ടോ/ JRY ഫണ്ടോ ഉപയോഗിച്ച് അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുക. ഉള്ളവയുടെ സൗകര്യം മെച്ചപ്പെടുത്തുക.

2. പഞ്ചായത്ത് മിച്ചഭൂമിയോ ലീസ് ഭൂമിയോ അങ്കണവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

3. രണ്ടാം വാർഡിലെ അങ്കണവാടിക്ക് സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം പണിയുക.

4. അമ്പലംകുന്ന് അങ്കണവാടിയുടെ കെട്ടിട നിർമ്മാണ ജോലി പൂർത്തിയാക്കാൻ നടപടിയെടുക്കുക.

5. 8-ാം വാർഡിലെ നരിയാംകുന്ന് കോളനി പ്രദേശത്ത് അങ്കണവാടി സ്ഥാപിക്കുക.

6. കെട്ടിട നിർമ്മാണച്ചുമതല പൂർണ്ണമായി അംഗനവാടി ഉപദേശകസമിതികളെ ഏൽപിക്കുക.

ഇതുവരെ പ്രതിപാദിച്ച സാമൂഹ്യക്ഷേമ പദ്ധതികൾക്ക് പുറമേ ഒട്ടു മിക്ക തൊഴിൽ മേഖലയിൽ ഉള്ളവർക്കും ഇന്ന് ക്ഷേമനിധി ബോർഡുകളുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ ആൾക്കാർ ഇത് വേണ്ടതുപോലെ പ്രയോജനപ്പെടുത്തി കാണുന്നില്ല. സാമൂഹ്യക്ഷേമ പദ്ധതികൾ ഏതൊക്കെ എന്നോ, എവിടെ നിന്നും ലഭിക്കുമെന്നോ, എങ്ങിനെയാണ് ലഭിക്കുക, തുടങ്ങിയ വിവരങ്ങളെ കുറിച്ച് നല്ലൊരു വിഭാഗം ജനത്തിനും അറിയില്ല. ഇത് മാറ്റുന്നതിന് സമഗ്രമായ ബോധവൽക്കരണം ആവശ്യമാണ്.





# സംസ്ക്കാരം - കായികം

എടുത്തു പറയത്തക്ക സാംസ്ക്കാരിക പൈതൃകമൊന്നും അവകാശപ്പെടാനില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. ചെറിയമുണ്ടം പഞ്ചായത്തിൽ കൈവിരലിലെണ്ണാവുന്ന കലാകായിക സാംസ്ക്കാരിക സംഘടനക ളാണ് വിവിധ വാർഡുകളിലായി പ്രവർത്തി ക്കുന്നത്. ഇത്തരം സ്ഥാപനങ്ങളില്ലാത്ത വാ ർഡുകളുമുണ്ട്.

നാലാം വർഡിൽ താമസക്കാരനായി രുന്ന ചെറിയമുണ്ടം അബ്ദുൽ ഹമീദ് പ ഞ്ചായത്തിൽ അറിയപ്പെടുന്ന എഴുത്തുകാ രനാണ്. ഇപ്പോൾ താനാളൂർ പഞ്ചായത്തിൽ താമസിക്കുന്ന അദ്ദേഹം ഏതാനും ഗ്രന്ഥ ങ്ങളും ലേഖനങ്ങളും എഴുതിയട്ടുണ്ട്. 7-ാം വാർഡിൽ താമസിക്കുന്ന ചെറിയമുണ്ടം അബദുറസാഖ് മറ്റൊരു അറിയപ്പെടുന്ന എ ഴുത്തുകാരനാണ്. ഈ പഞ്ചായത്തിൽ പ്രവ ർത്തനക്ഷമമായ ഗ്രന്ഥശാലകളൊന്നും തന്നെയില്ല. 4ാം വാർഡിലെ ദേശം കലാ സാംസ്ക്കാരിക സമിതി ദേശം കൈയെഴു ത്തുമാസിക പ്രസിദ്ധീകരിച്ചു വരുന്നു. തല ക്കടത്തുരും, മച്ചിങ്ങപ്പാറയിലുള്ള ഗ്രന്ഥശാ ലകളും അവ ഉദ്ദേശിക്കുന്ന ഫലം ലഭ്യമാക്കു ന്നില്ല.

പഞ്ചായത്തിന്റെ വകയായി ഒരു സാം സ്ക്കാരിക നിലയമോ, റീഡിങ്ങ് റൂമോ യി ല്ലെന്നുള്ളത് വലിയ പോരായ്മ തന്നെയാണ്. കാലാകാലങ്ങളിൽ നടത്തപ്പെടേണ്ട കേരളോ ത്സവം പോലും കാര്യക്ഷമമായും, ഉപയോഗ പ്രദമായും നടത്താറില്ല.

പഞ്ചായത്തിലെ ചിലവാർഡുകളിൽ പ്ര വർത്തിച്ചു വരുന്ന സ്പോർട്ട്സ് ക്ലബുക ൾമാത്രമാണ് വല്ലപ്പോഴും സജീവമാകുന്നത്. അവയുടെ പ്രവർത്തനങ്ങളും ചില ടൂർണ മെന്റുകളുടെ നടത്തിപ്പിലും പങ്കാളി ത്തത്തിലും ഒതുങ്ങി നിൽക്കുന്നു. കലാ-സാംസ്ക്കാരിക കായിക രംഗങ്ങളിൽ തത്പ രരായ കുട്ടികളേയും മുതിർന്നവരേയും ക ണ്ടെത്തി പോത്സാഹിപ്പിക്കുന്ന തരത്തിലു ള്ളയാതൊരു പ്രവർത്തനവും നടക്കുന്നില്ലെ ന്നുള്ളതും ഒരു പോരായ്മ തന്നെയാണ്

പഞ്ചായത്തിൽ ഭൂരിഭാഗവും മുസ്ലിം

കുടുംബങ്ങളാണ് അധിവസിക്കുന്നത്. അവരുടേതായ അരാധനാലായങ്ങൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സ്ഥിതിചെയ്യുന്നുണ്ട്. ഒന്നാം വർഡിൽ സ്ഥിതിചെയ്യുന്ന പറാൾ പള്ളിയിൽ അണ്ട്തോറും അപ്പ് വാണിഭ നേർച്ച നടത്താറുണ്ട്. ജാതി, മതഭേദമന്യേ ധാരാളം ജനങ്ങൾ ഇതിൽ പങ്കെടുക്കാറുണ്ട്. ഇരിങ്ങാവൂർ പുളിക്കപറമ്പിൽ ഇത് പോലെ നേർച്ച നടത്താറുണ്ട്. മുസ്ലിംങ്ങളുടെ തനത് കലാരൂപങ്ങളായ ദഫ്മുട്ട്, കോൽക്കളി എന്നിവ നേർച്ചകളോടനുബന്ധിച്ചു നടന്നുവരുന്നു.

ചെറിയമുണ്ടം പഞ്ചായത്തിൽ മുസ്ലിം മത വിഭാഗക്കാരെ അപേക്ഷിച്ചു ഹിന്ദുക്കൾ കുറവാണ്. അവരുടെ ആരാധനലയങ്ങൾ പ്രധാനമായും ഇരിങ്ങാവൂർ ശിവക്ഷേത്രം, ഇരിങ്ങാവുരിലെ തന്നെ പരദേവതാക്ഷേത്രം, ചെറിയമുണ്ടത്തെ ഹനുമാൻ ക്ഷേത്രം എന്നിവയാണ്. മണ്ടകത്തിൻ പറമ്പ് ശ്രീകുറുമ്പ ക്ഷേത്രത്തിൽ നാട്ടുതാലപ്പൊലി എന്ന പേരിൽ വർഷംതോറും ഉത്സവം നടത്താറുണ്ട്. ഈ ഉത്സവത്തിൽ ചക്കാലക്കൽ എന്ന മുസ്ലിം കുടുംബം ഒരു പ്രധാന പങ്കുവഹിക്കുന്നു. ഈ പഞ്ചായത്തിലെ ഹിന്ദു മുസ്ലിം മത സൗഹാർദ്ദത്തിന്റെ ഒരു പ്രതീകമാണിതെന്ന് പറയാം. പഞ്ചായത്തിൽ ക്രിസ്തുമതവിഭാഗക്കാർ ആരുംതന്നെ സ്ഥിരതാമസം ഇല്ല.

വർഷങ്ങളായി ഗൾഫിൽനിന്നുമുള്ള വരുമാനം ഈ പഞ്ചായത്തിനെ സംബന്ധിച്ചു ഒരനുഗ്രഹമായിരുന്നു എന്നാൽ ഈയിടെ ഗൾഫ്നാടുകളിൽ കുടിയേറ്റ നിയമത്തിൽ വരുത്തിയ മാറ്റം നമ്മുടെ പഞ്ചായത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ കല്ല്യാണ വശ്യങ്ങൾക്കു വിദ്യാഭ്യാസകാര്യങ്ങൾക്കും ഗൾഫ് നാടുകളിലുള്ള നമ്മുടെ സുഹൃത്തുക്കൾ ജാതി, മതഭ്യേദമന്യ സാമ്പത്തിക സഹായവും മറ്റും ചെയ്തിരുന്നു.

ഒരു പുലാശ്ശേരിമനക്കൽ പുതുമന എമ്പ്രാന്തരിമാർ, കോട്ടില്ലത്ത് നമ്പിടി, എന്നിവർ ഇരിങ്ങവൂരിൽ അധിവസിച്ചിരുന്നവരാണ്. നായന്മാർ, ഈഴവർ, വിശ്വകർമ്മജർ, പട്ടികജാതിക്കാർ, എന്നിങ്ങനെയുള്ള സമുദായക്കാർ പഞ്ചായത്തിൽ നിലനിന്നുരുന്നെങ്കിലും പിൽക്കാലത്ത് അതിനു ഗണ്യമായ് മാറ്റം സംഭവിച്ചു.

## വായനശാല

ചെറിയമുണ്ടംഗ്രാമ പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ സ്ഥിതി പൊതുവെ ശോചനീയമാണ്. ആകെയുള്ള ഒരു വായനശാല തലക്കടത്തൂർ അങ്ങാടിയിലുള്ള അഹമ്മദ്കുരിക്കൾ വായനശാലയാണ്. പഞ്ചായത്ത് നൽകുന്ന വർത്തമാന പത്രങ്ങളല്ലാതെ മറ്റ് സമകാലീന പ്രസിദ്ധീകരണങ്ങളൊന്നും തന്നെ സഥിരമായി ഇവിടെ വരുത്തുന്നില്ല. അടുത്ത കാലത്ത് ഗവൺമെന്റ് വകയായി ഇവിടെ ഒരു ടെലിവിഷൻസെറ്റ് ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രധാനപ്പെട്ട മിക്ക വർത്തമാന പ്ത്രങ്ങളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി, ദേശാഭിമാനി, മാധ്യമം, ചന്ദ്രിക, ഇൻഡ്യൻ എക്സ്പ്രസ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. സായാഹ്ന പത്രങ്ങളായ കാലിക്കറ്റ് ടൈംസ്, പ്രഹേളിക എന്നിവയും പഞ്ചായത്തിൽ ലഭ്യമാണ്.

1993 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇരിങ്ങാവുർ സാംസ്ക്കാരിക വേദി പഞ്ചായത്തിലെ ഇത്തരത്തിൽപ്പെട്ട ഒരു പ്രധാന സ്ഥാപനമാണ്. എന്നാൽ ഇപ്പോഴും ഇത് വാടകകെട്ടിടത്തിലാണ്. പ്രവർത്തിച്ചു വരുന്നത്. സാമൂഹിക- സാംസ്ക്കാരിക കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന ഈ സംഘടന ഇപ്പോൾ കൂടുതൽ ശ്രദ്ധചെലുത്തുന്നത് ലൈബ്രറി പ്രവർത്തനത്തിലാണ്. 1977ൽ സ്ഥാപിതമായ പനമ്പാലം ഉദയാ ആർട്സ്& സ്പോർട്ട്സ് ക്ലബും വാടകകെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. നെഹറു യുവക് കേന്ദ്രയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു പ്രൊഫഷണൽ നാടക ട്രൂപ്പ

മുണ്ട്. ചോലപ്പുറത്തെ ചാമിങ്ങ് യുത്ത്സ്, തലക്കടത്തുരിലെ ജിഗ്ര ആർട്സ് & സ്പോർട്ട്സ് ക്ലബ് , ഓവുങ്ങലിലെ മയൂർ ആർട്സ് & സ്പോർട്ട്സ് ക്ലബ്, ദേശം കലാ സാംസ്ക്കാരിക സമിതി, ജവഹർ ആർട്സ് & സ്പോർട്ട്സ് ക്ലബ് എന്നിവയാണ്. മറ്റ് പ്രമുഖ സാംസ്ക്കാരിക സ്ഥാപനങ്ങൾ. ചെറിയമുണ്ടം മുയ്തീൻ ബസാർ പരിസരത്ത് പ്രവർത്തിക്കുന്ന ദേശം കലാസാംസ്ക്കാരിക സമിതി ജനകീയാസൂത്രണ പരിപാടിയിൽ തങ്ങളുടെ സജീവ സാന്നിധ്യം തെളിയിക്കുന്നു. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇവരുടെ പ്രവർത്തനം സജീവമാണ്. 5ാം വാർഡിൽ ഒരു സൗജന്യ ട്യൂഷൻ സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്തിൽ 10 % വീടുകളിൽ മാത്രമാണ്. ടി. വി. ഉള്ളത്. ആയതിനാൽ ദൃശ്യ മാധ്യമത്തിന്റെ സ്വാധീനം പഞ്ചായത്തിൽ വലിയതോതിലില്ല.

# കായികരംഗം

കായിക രംഗത്ത് ചെറിയമുണ്ടം പഞ്ചായത്ത് വളരെ പിന്നിലാണ്. വളരെ കുറച്ച് കായിക സമിതികൾ മാത്രമേ പഞ്ചായത്തിലുള്ളൂ. ഉള്ളതുതന്നെ പ്രവർത്തനക്ഷമമല്ല. വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട് കളിസ്ഥലങ്ങൾ പഞ്ചായത്തിൽ കുറവാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലൊരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുന്നതോടൊപ്പം വാർഡുതോറും വായനശാലകൾ സ്ഥാപിക്കുക.
2. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം ത്വരിതപ്പെടുത്തുക. നവസാക്ഷരർക്കായി ജനവിദ്യാകേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കുക.

**പഞ്ചായത്തിലെ നിലവിലുള്ള കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ**

| ക്രമ നംമ്പ | വാർഡ് നംമ്പർ | ക്ലബിന്റെ പേര് |
|---|---|---|
| 1 | I | മയൂര ആർട്സ് & സ്പോർട്സ് ക്ലബ്. |
| 2 | IV | ദേശം കലാസാംസ്ക്കാരിക സമിതി |
| 3 | IV | മച്ചിങ്ങപ്പാറ ഗ്രാമോദയം ഗ്രന്ധശാല |
| 4 | V | ചാമിങ്ങ് യൂത്ത്സ് ചോലപ്പുറം |
| 5 | V | ജിഗ്ര ആർട്സ് & സ്പോർട്സ് ക്ലബ് |
| 6 | Vi | ഉദയാ ആർട്സ് & സ്പോർട്സ് ക്ലബ് |
| 7 | X | ഇരിങ്ങാവൂർ സാംസ്ക്കാരിക വേദി |
| 8 | XI | ബ്ലോസം സ്പോർട്സ് ക്ലബ് |
| 9 | VII | ജവഹർ ആർട്സ് & സ്പോർട്സ് ക്ലബ് |

3. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ അശ്ലീല സിനിമാ പോസ്റ്ററുകൾ പതിക്കുന്നതു തടയുക.
4 വിവാഹ ചടങ്ങുകളിലും മറ്റുരംഗങ്ങളിലുമുള്ള ഗൾഫ് പണത്തിന്റെ ധൂർത്ത് ഒഴിവാക്കാൻ ബോധവൽക്കരണം നടത്തുക.
5. പഞ്ചായത്തിന് കായിക വിനോദങ്ങൾക്കായി ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.
6. ഗ്രാന്റ് വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കി കലാകായിക സമിതികളെ പ്രോത്സാഹിപ്പിക്കുക.
7. നാടൻകലകൾ പ്രോത്സാഹിപ്പിക്കുന്നതോടപ്പം ആരംഗങ്ങളിലെ കലാകാരന്മാരെ സംരക്ഷിക്കുക.
8. ഇരിങ്ങാവൂർ അങ്ങാടിക്കു സമീപം പണി പൂർത്തിയാകാതെ കിടക്കുന്ന സാംസ്ക്കാരിക നിലയത്തിന്റെ പണിപൂർത്തിയാക്കുക.
9. 8ാം വാർഡിലെ വലിയകുളത്തിൽ സ്ത്രീകൾക്ക് കുളിക്കുവാനും അലക്കുവാനും മതിൽകെട്ടി പ്രത്യേക സൗകര്യമേർപ്പെടുത്തുക.





# വനിതാക്ഷേമം

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് പൊതുരംഗത്തേക്ക് കടന്നുവരുവാൻ സ്ത്രീകൾ വിമുഖതകാണിക്കുന്ന ഒരവസ്ഥ നമ്മുടെ പഞ്ചായത്തിലുണ്ട്. ജനകീയ സഭകളിൽ വനിതാ സംവരണം ഏർപ്പെടുത്തിയതു കൊണ്ട് മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ വനിതാ പ്രവർത്തകരുടെ സാന്നിദ്ധ്യം അനുഭവവേദ്യമായത്.

മറ്റു പഞ്ചായത്തുകളെ പോലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിലും ജനസംഖ്യയുടെ കാര്യത്തിൽ സ്ത്രീകൾ മുൻപന്തിയിലാണ്.

1991 ലെ സെൻസസ് പ്രകാരം ജനസംഖ്യയിൽ 13,494 സ്ത്രീകളും 12,666 പുരുഷന്മാരുമാണ്. വിദ്യാഭ്യാസ സൗകര്യം ലഭിച്ചിരുന്നില്ലെങ്കിലും സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ അക്ഷരാഭ്യാസം സിദ്ധിച്ചവരാണ് പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും. ഉന്നത വിദ്യാഭ്യാസം ലഭിച്ച പെൺക്കുട്ടികൾ കുറവാണ്. ഈ ഒരു കാരണത്താലാവാം ഉയർന്ന തൊഴിൽ മേഖലകളിൽ ചെറിയമുണ്ടം പഞ്ചായത്തിലെ വനികൾക്ക് അവരുടേതായ സ്ഥാനം ഉറപ്പിക്കാൻ കഴിയാതെ പോയത്.

പെൺകുട്ടികളെ 18 വയസ്സിനു മുൻപേ വിവാഹം കഴിച്ചയക്കുന്ന പ്രവണതയാണ് ഇവിടെ കാണാൻ കഴിയുന്നത്. 1940 നു ശേഷം മാത്രമാണ് ചെറിയമുണ്ടം പഞ്ചായത്തിൽ എസ്. എസ്. എൽ.സി . പാസായ വനിതകൾ ഉണ്ടായത്. ഗ്രാമസഭകളിൽ നിന്നും ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനപ്പെട്ടത്. ചെറയമുണ്ടം പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്ക്കൂൾ സ്ഥാപിക്കണമെന്നതാണ്. ട്യൂഷൻ സെന്ററുകളുടെ അഭാവം പ്രകടമാണ്. 15- 30 വയസ്സിനിടയിലുള്ള വനിതകളെല്ലാം തന്നെ പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരാണ്. സമ്പന്ന കുടുംബങ്ങളിലെ പെൺകുട്ടികൾ വിദ്യാഭ്യാസപരമായി ഉയർന്ന നിലവാരം പുലർത്തുന്നുണ്ടെങ്കിലും ദരിദ്ര കുടുംബങ്ങളിലെ പെൺകുട്ടികൾ സാമ്പത്തിക പരാധീനത കാരണം വളരെ പി

ന്നോക്കവസ്ഥയിലാണ്. തൊഴിൽ മേഖലയിൽ സ്ത്രീ- പുരുഷ വിവേചനം ഇപ്പോഴും നിലനിൽക്കുന്നുണ്ട്.ഉദാഹരണമായി കെട്ടിട നിർമ്മാണ രംഗത്ത് പുരുഷ തൊഴിലാളി കളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികൾക്ക് കൂലി വളരെ കുറവാണ് . അംഗൺ വാടി ടീച്ചർമാർ ഗവൺമെന്റ് ജോലിക്കാർ എന്നിങ്ങനെയുള്ളവർ പഞ്ചായത്തിൽ നൂറിൽ താഴെ മാത്രമേയുള്ളൂ. നിർമ്മാണ തൊഴിലാളികളും കർഷക തൊഴിലാളികളും വളരെ കുറവാണ്. പിന്നെയുള്ളവർ വീടുകളിൽ ഒതുങ്ങിക്കഴിയുന്നവരാണ്. പഞ്ചായത്തിലെ ഒരു ബേബി ഫുഡ് നിർമ്മാണ യൂനിറ്റിൽ അന്യദേശത്തുള്ള വനിതകളാണ് ജോലി ചെയ്യുന്നത്. അതിന് പ്രധാന കാരണം നമ്മുടെ പഞ്ചായത്തിലെ പെൺകുട്ടികൾ പൊതുരംഗത്തേക്ക് കടന്നു വരാത്തതാണ്. ഗവൺമെന്റ് ജോലിക്കാരെ അപേക്ഷിച്ച് സ്വകാര്യ മേഖലയിൽ ജോലിചെയ്യുന്ന പെൺകുട്ടികൾക്ക് കൂലി നിരക്ക് വളരെ കുറവാണ്.

### തൊഴിൽ മേഖലയിൽ ഇന്നുള്ള അന്തരം

| | സ്ത്രീ | പുരു: |
|---|---|---|
| നിർമ്മാണ തൊഴിലാളി | 50-75 | 125 |
| കർഷക തൊഴിലാളി | 50-65 | 125 |

ഗ്രാമ സഭകളിൽ പഞ്ചായത്തിലെ നാല് കോളനികളിൽ നിന്ന് ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനം കോളനികളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ ചെയ്യാനുള്ള സഹായങ്ങൾ പ്രതീക്ഷിച്ചുകൊണ്ടുള്ളതായിരുന്നു. തയ്യൽ ജോലികൾ ചെയ്യുന്ന പെൺകുട്ടികളുണ്ട് പഞ്ചായത്തിൽ.

സ്ത്രീകൾ സ്വയം തൊഴിൽ എന്ന നിലയിൽ പശുവളർത്തൽ, ആട്‌വളർത്തൽ, കോഴി വളർത്തൽ എന്നിവയിൽ ഏർപ്പെടാൻ സാമ്പത്തിക സഹായവും വിദഗ്ധപദേശവും ലഭ്യമാക്കണമെന്ന് നിർദ്ദേശം പല ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്.

ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിലെ അംഗണവാടികൾ പൊതുവെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടേയും നഴ്സറികളുടേയും അതിപ്രസരം അങ്കണവാടികളുടെ പ്രവർത്തനത്തെ പ്രതീകൂലമായി ബാധിച്ചിട്ടുണ്ട് .

പഞ്ചായത്തിൽ 11 അങ്കണവാടികളുണ്ട് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർ മാത്രമേ അങ്കണവാടികളുമായി ബന്ധപ്പെടാറുള്ളൂ. ദുർബല വിഭാഗത്തിൽ പെട്ട 149 അമ്മമാർക്ക് അങ്കണവാടികൾ വഴി സപ്ലിമെന്ററി ഫീഡിഗ് നടത്തുന്നുണ്ട്. വനിതാ വ്യവസായ യുണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. വേണ്ട സാമ്പത്തതിക സാങ്കേതിക സഹായം നൽകുകയാണെങ്കിൽ വ്യവസായ പ്രൊജക്ടുകൾ നടത്താൻ തയ്യാറുള്ള വനിതകൾ ഏറെയുണ്ട്.

പഞ്ചായത്തിൽ മഹിളാ സമാജങ്ങൾ വളരെ കുറവാണ്. സ്ത്രകളെ സാമൂഹിക രംഗത്തേക്ക്. കൊണ്ടുവരുന്നതിൽ മഹിളാ സമാജങ്ങൾക്കും വനിതാ സംഘങ്ങൾക്കുമുള്ള പങ്കു പ്രസ്താവ്യമാണ്. ജനാധിപത്യ മഹിളാ അസോസിയേഷന്റെ ഒരു കമ്മറ്റി പ്രവർത്തിക്കുന്നുണ്ട്.. 9ാം വർഡിൽ നവോദയ മഹിളാ സമാജം പ്രവർത്തിക്കുന്നുണ്ട്. സി.ബി എൻ.പി . യുടെ പ്രവർത്തനം ചില വാർഡുകളിൽ ഇനിയും കാര്യക്ഷമമായി നടക്കേണ്ടതുണ്ട്.

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും സ്ത്രീധനത്തിന്റെ പേരിൽ കഷ്ടത അനുഭവിക്കുന്ന വനിതകളുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ വിവാഹം നടക്കാത്ത പെൺകുട്ടികൾ പഞ്ചാ

യത്തിൽ ധാരാളമുണ്ട്. സ്ത്രീധനത്തിനെതിരെ വനിതകളെ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്..

പഞ്ചായത്തിലെ നരിയറ, കോട്ടക്കുന്ന് എന്നീ കോളനികളിൽ ആദ്യകാലങ്ങളിൽ കുട്ട, മുറം, തുടങ്ങിയവ സ്ത്രീകൾ നെയ്തിരുന്നു അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മൂലം ഇപ്പോൾ ഈ കുടിൽ വ്യവസായം അസ്തമിച്ച മട്ടാണ്.

## പ്രശ്നങ്ങൾ

1. കൂലി നിരക്കിലുള്ള സ്ത്രീ പുരുഷ അന്തരം
2. പൊതുരംഗത്ത് സ്ത്രീകളുടെ അഭാവം
3. സ്ത്രീധനത്തിന്റെ പേരിലുള്ള പ്രശ്നങ്ങൾ
4. മഹിളാ സമാജങ്ങളുടെ നിർജ്ജീവാവസ്ഥ
5. വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത

## പരിഹാരങ്ങൾ

1. കൂലി നിരക്കിൽ ഗണ്യമായ മാറ്റം വരുത്തുക. നിർമ്മാണ തൊഴിലാളികളിലാണ്. കൂലി വ്യത്യാസം കാണപ്പെടുന്നത്.
2. വ്യവസായ പ്രൊജക്ടുകൾ തുടങ്ങാൻ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക.
3. സാമൂഹ്യ രംഗത്ത് ഇപ്പോഴും പിന്നോക്കം നിൽക്കുന്ന വനിതകളെ മുന്നോട്ടു കൊണ്ടുവരാൻ സെമിനാറുകളും ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കുക.
4. സ്ത്രീധനത്തിന്റെ പേരിൽ കഷ്ടത അനുഭവിക്കുന്ന സ്ത്രീക്കു വേണ്ടി പ്രവർത്തിക്കാൻ ഒരു പ്രത്യേക സംഘടനക്ക് തന്നെ രൂപം കൊടുക്കുക. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുക.
5. വാർഡുകൾ തോറും മഹിളാ സമാജങ്ങൾ ആരംഭിക്കുക.
6. പഞ്ചായത്തിൽ ഗേൾസ് ഹൈസ്ക്കൂൾ സ്ഥാപിക്കുക. പെൺകുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേഗ ട്യൂഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുക.
7. അങ്കണ വാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുകയും കളിക്കോപ്പുകളും ഫർണ്ണിച്ചറുകളും ലഭ്യമാക്കുകയും ചെയ്യണം.

# സഹകരണ മേഖല

ഒരു രാജ്യത്തിന്റെ വികസനത്തിനും ആ നാട്ടിലെ ജനങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടിയാണ് സഹകരണ പ്രസ്ഥാനം നിലകൊള്ളുന്നത്. രാജ്യത്തെ എല്ലാ വിധജനവിഭാഗങ്ങൾക്കും അവർ ഉൾപ്പെടുന്ന വിഭാഗത്തിന്റെ വിഭിന്ന സ്വഭാവങ്ങൾക്കനുസൃതമായി വ്യത്യസ്ഥ സ്വഭാവങ്ങളിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. രാജ്യത്തിന്റെ വികസനവും ക്ഷേമവും ഉറപ്പുവരുത്തിയ പല സഹകരണ പ്രസ്ഥാനങ്ങളെപ്പറ്റിയും നമുക്കറിയാം. എന്നാൽ ചെറിയമുണ്ടം പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച ഇന്നും മുരടിച്ചു നിൽക്കുകയാണ്..

ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ ആദ്യമായി രൂപീകരിക്കപ്പെട്ട സഹകരണ സ്ഥാപനം ആണ് തലക്കടത്തൂർ അരീക്കനട്ട് മാർക്കറ്റിംഗ് സൊസൈറ്റി. 1963 ൽ സ്ഥാപിച്ച ഈ സ്ഥാപിച്ച ഈ സ്ഥാപനം ഇന്ന് ഒരു വിധം നല്ലനിലയിൽതന്നെ പ്രവർത്തിച്ചു വരുന്നു. ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിനെന്നപോലെ തിരൂർ താലൂക്കിലുള്ള എല്ലാ പഞ്ചായത്തുകൾക്കും ഈ സൊസൈറ്റി വലിയ പ്രയോജനം ചെയ്യുന്നുണ്ട്. അടക്ക സംഭരണവും വിപണനവും നടത്തുന്നതിന് പുറമെ കൊപ്രാസംഭരണം, റേഷൻ ഷാപ്പ് നടത്തിപ്പ്, തുടങ്ങിയവയും ഈ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. കൂടാതെ കാംകോ ഏജന്റ് എന്നനിലയിലും ഈ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തന പരിധി തിരൂർ തിരൂരങ്ങാടി താലൂക്കുകളാണ്.

ചെറിയമുണ്ടം പഞ്ചായത്ത് പ്രവർത്തന പരിധിയായി 1968 ജനുവരി 16 ന് രജിസ്റ്റർ ചെയ്യുകയും അതേമാസം 30 ന് പ്രവർത്തനമാരംഭിക്കുകയും ചെയ്ത സംഘമാണ് ചെറിയമുണ്ടം സർവ്വീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി. ഇതിന്റെ ആസ്ഥാനം തലക്കടത്തൂർ ആണ്. ഈ സംഘം 1988 ൽ സർവ്വീസ് സഹകരണ ബാങ്കാക്കിമാറ്റി. മെമ്പർമാർക്ക് കാർഷിക ആവശ്യങ്ങൾക്ക് വായ്പ നൽകുക മറ്റു ബാങ്കിംഗ് പ്രവർത്ത

നങ്ങൾ വളം വിൽപന, കശുവണ്ടി സംഭരണം, കൊപ്ര സംഭരണം എന്നീ പ്രവർത്തനങ്ങൾ ഈ സംഘം വഴി നടത്തിയിരുന്നെങ്കിലും കൊപ്ര സംഭരണം നഷ്ടം മൂലം നിർത്തിവെക്കുകയുണ്ടായി വളം വില്പന തലക്കടത്തൂർ അങ്ങാടിയിലാണ് നടത്തിയിരുന്നത്. ഈ പഞ്ചായത്തിൽ കൂടുതൽ കൃഷിയിടങ്ങൾ വാണിയന്നൂർ, ഇരിങ്ങാവൂർ, കാന്തള്ളൂർ എന്നിവിടങ്ങളിലാണ്. ഇവിടെനിന്നുള്ള കർഷകർക്ക് വളം വാങ്ങുവാനുള്ള സൗകര്യം കൂടുതലും തിരൂരിൽ നിന്നും ആയതിനാൽ തലക്കടത്തൂർ ഡിപ്പോയിൽ വളം വില്പന കുറയുകയും നഷ്ടത്തിലാകുകയും ചെയ്തു. ഇതുകാരണം താൽക്കാലികമായി വളം വിൽപന നിർത്തിവെക്കുകയുണ്ടായി. ഇരിങ്ങാവൂർ പുതിയ ഡിപ്പോ തുടങ്ങുന്നതിനുള്ള ശ്രമം നടത്തികൊണ്ടിരിക്കുന്നു.

ചെറിയമുണ്ടം പഞ്ചായത്തിൽ ഇരിങ്ങാവൂർ ആസ്ഥാനമായി ഒരു ഹരിജൻ സഹകരണ സംഘവും, തലക്കടത്തൂർ ആസ്ഥാനമായി ഒരു കൺസ്യൂമർ സഹകരണ സംഘവും പ്രവർത്തിച്ചിരുന്നു. നിർഭാഗ്യവശാൽ ഈ രണ്ടു സംഘങ്ങളും നഷ്ടത്തിൽ വരികയും ലിക്വിഡേറ്റ് ചെയ്യുകയുമുണ്ടായി. മറ്റു സഹകരണ സംഘങ്ങൾ ഒന്നും ഇപ്പോൾ ചെറിയമുണ്ടം പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

## വായ്പാമേഖല

കാർഷിക മേഖലയിൽ ചെറിയമുണ്ടം സർവ്വീസ് സഹകരണ ബാങ്കും, തിരൂർ കാർഷിക ഗ്രാമവികസന ബാങ്കുമാണ് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വായ്പ നൽകുന്നത്. ഇതിന്റെ ദീർഘകാല വായ്പകൾ നൽകുന്നത് തിരൂർ കാർഷിക ഗ്രാമവികസന ബാങ്കാണ്.

ചെറിയമുണ്ടം സർവ്വീസ് സഹകരണ ബാങ്ക് മെമ്പർമാർക്ക് വിളവു വായ്പകൾ, കാർഷികാവശ്യത്തിന് പമ്പ്സെറ്റ് വാങ്ങുന്നതിന്നും കിണർ കുഴിക്കുന്നതിനുമുള്ള വായ്പകൾ, മറ്റു കാർഷികേതര വായ്പകൾ മുതലായവ വിതരണം ചെയ്യുന്നുണ്ട്. മൊത്തം 1125 ഹെക്ടർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കാർഷിക വായ്പ നൽകുന്നതിന് 40 ലക്ഷത്തിലധികം രൂപ ആവശ്യമാണ്, ബേങ്കിലെ മൊത്തം മെമ്പർമാർക്കും കാർഷിക വായ്പാ പദ്ധതി തയ്യാറാക്കി നിശ്ചിത സമയത്തിനുള്ളിൽ വായ്പക്ക് വേണ്ടി ജില്ലാ സഹകരണ ബാങ്കിനോട് അപേക്ഷിക്കാറുണ്ടെങ്കിലും വളരെ കുറച്ചു സംഖ്യമാത്രമാണ് അനുവദിച്ചു കിട്ടാറുള്ളത്. 1996 - 97 വർഷത്തേക്ക് 2,60,400 രൂപയുടെ വായ്പാ അനുവദിച്ച ബേങ്കിന് ജില്ലാ ബേങ്കിൽ നിന്നും കിട്ടിയത് 162000 രൂപ മാത്രമാണ്. ഇതുകാരണം എല്ലാ മെമ്പർമാർക്കും കാർഷിക

| തിരൂർ താലൂക്ക് അരീക്കനറ്റ് കോ- ഓപ്പറേറ്റീവ് മാർക്കറ്റിങ്ങ് സൊസൈറ്റി. ലി. മി. | | | | | | | |
|---|---|---|---|---|---|---|---|
| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭമോ, നഷ്ടമോ |
| | | സ്റ്റാഫ് | തൊഴിലാളികൾ | | | |
| 1963 | 3088 | 14 | 13 | 10,65,277 | 8,00,00,000 | 12,00,000 (നഷ്ടം) |

വായ്പ നൽകാൻ സാധിക്കാതെ വരുന്നു.

പഞ്ചായത്തിൽ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭവന നിർമ്മാണ വായ്പകൾ നൽകുന്നത് പ്രധാനമായും തിരൂർ റൂറൽ ഹൗസിംഗ് സൊസൈറ്റിയും തിരൂർ കാർഷിക ഗ്രാമവികസന ബാങ്കും, മലപ്പുറം ജില്ലാ സഹകരണ ബാങ്കുമാണ്. വർദ്ധിച്ചു വരുന്ന പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സ്ഥാപനങ്ങളുടെ സഹായം അപര്യാപ്തമാണ്.

കൂടാതെ മറ്റാവശ്യങ്ങൾക്ക് സഹകരമ മേഖലവഴി ഈ പഞ്ചായത്തിലെ അംഗങ്ങൾക്ക് വായ്പകൾ നൽകുന്നത് തിരൂർ അർബൻ സഹകരണ ബാങ്കാണ്.

# മാർക്കറ്റിങ്ങ്

ഈ പഞ്ചായത്ത് പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന രണ്ട് പ്രധാന മാർക്കറ്റിംഗ് സൊസൈറ്റികൾ തലക്കടത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്നു തിരൂർ താലൂക്ക് അരീക്കനറ്റ് മാർക്കറ്റിംങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും, തൃക്കണ്ടിയൂർ പി. സി. സി. മാർക്കറ്റിംഗ് സൊസൈറ്റിയുമാണ്.

മറ്റുമേഖലകളിൽ ഒന്നും തന്നെ സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ നിക്ഷേപങ്ങൾ പഞ്ചായത്തിന് പുറത്തേക്ക് പോവുന്നത് കാരണം അതിന്റെ ഗുണഫലം പഞ്ചായത്ത് നിവാസികൾക്ക് ലഭിക്കുന്നില്ല.
2. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടക്കാനുള്ള ആത്മധൈര്യമില്ലായ്മ
3. പുത്തൻ സാങ്കേതിക വിദ്യയുടെ അഭാവം
4. അപക്സ് സംഘങ്ങളിൽ നിന്നുള്ള സഹായം യഥാസമയം ലഭിക്കാതിരിക്കുക.
5. ഡിപ്പാർട്ടുമെന്റിന്റെ അമിതമായ ഇടപെടൽ
6. രാഷ്ട്രീയമായ ചേരിതിരിവും, ഐക്യമില്ലായ്മയും
7. സഹകരന വിദ്യാഭ്യസത്തിന്റെ അഭാവം

## നടപ്പിലാക്കേണ്ട പദ്ധതികളും സാധ്യതകളും

1. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് നഷ്ടം വരാതിരിക്കാൻ ആവശ്യത്തിന് പലിശ രഹിത വായ്പയോ ഓഹരി മൂലധനമോ അനുവദിക്കുന്നതിന് സർക്കാർ പദ്ധതി തെയ്യാറാക്കുക.
2. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും സഹകരണ പ്രസ്ഥാനത്തിന്റെ പ്രധാന്യം മനസ്സിലാക്കാൻ ബോധവൽക്കരണം ക്ലാസുകൾ നടത്തുകയും അവർ ഉൾപ്പെടുന്ന വിഭാഗത്തിൽപ്പെട്ട പുതിയ സംഘങ്ങൾ രൂപീകരിക്കുക.
3. പഞ്ചായത്തിൽ വനിതാ സഹകരണ സംഘം രൂപീകരിച്ച് വസ്ത്രം, ബേക്കറി ഉത്പന്നങ്ങൾ, നോട്ടുപുസ്തകം, ചെറുകിട ഇലക്ട്രോണിക് ഉപകരണങ്ങൾ , അച്ചാർ, സ്ക്വാഷ്, പാക്ക് നിർമ്മാണം തുടങ്ങിയവ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂനിറ്റുകൾ ആരംഭിക്കുക. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കാൻ ഇത് സഹായകമാകും.
4. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ക്ഷീര സഹകരണ സംഘം സ്ഥാപിക്കുക. അതിലെ മെമ്പർമാർക്ക് ആടുമാടുകളെ സൗജന്യമായി വിതരണം ചെയ്യുക. എങ്കിൽ സംഘം അഭിവൃദ്ധിപ്പെടുകയും തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ചെയ്യും.
5. ഡ്രൈവർമാരുടെ സഹകരണ സംഘം രൂപീകരിച്ച് വാഹനങ്ങൾ വാങ്ങുന്നതിനും മറ്റും ആവശ്യമായ വ്യ്പകൾ വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക.
6. കൂടുതൽ നാളികേര കർഷകർക്ക് ഉള്ള

ഈ പഞ്ചായത്തിൽ നാളികേര സംഭരണ വിപണന സൊസൈറ്റി രൂപീകരിക്കുക.

7. വെറ്റില സംഭരിക്കുന്നതിന്നും വിപണനം നടത്തുന്നതിനും വെറ്റില സഹകരണ സംഘംരൂപികരിക്കുക.

## മറ്റുനിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഹരിജൻ സഹകരണ സംഘവും, കൺസ്യൂമർ സഹകരണ സംഘവും പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.
2. നിലവിലുള്ള വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
3. ഈ പഞ്ചായത്തിലെ നിക്ഷേപകരിൽ പഞ്ചായത്തിനു പുറത്തുള്ള ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നവരെ കണ്ടെത്തി ഇവിടുത്തെ സർവ്വീസ് സഹകരണ ബാങ്കുകളിൽ പണം നിക്ഷേപിക്കാൻ പ്രേരിപ്പിക്കുക. ഇത് പഞ്ചായത്തിലെ അംഗങ്ങൾക്ക് കൂടുതൽ വായ്പാ സൗകര്യം ലഭിക്കുന്നതിന് സഹായകമാകും.
4. ചെറിയമുണ്ടം സർവ്വീസ് സഹകകരണ ബാങ്കിന്റെ ബ്രാഞ്ചുകൾ ഇരിങ്ങാവൂരും ചെറിയമുണ്ടത്തും ആരംഭിക്കുക.
5. ചെറിയമുണ്ടം സർവ്വീസ് സഹകരണ ബാങ്ക് വഴി ഹൗസിംഗ് ലോണുകൾ വിതരണം ചെയ്യാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.
6. പുറത്തുനിന്നുള്ള ഏജൻസികളാണ് ഈ പഞ്ചായത്തിലെ പോതുമരാമത്ത് പണികളധികവും നടത്തുന്നത്. ഈ ഏജൻസികളുടെ അമിത ലാഭമുണ്ടാക്കാനുള്ള ദുരാഗ്രഹം മൂലം പലപ്പോഴും വളഞ്ഞ വഴികൾ സ്വീകരിച്ച് ചട്ടങ്ങളും നിയമങ്ങളും ലംഘിച്ചാണ് പല ജോലികളും പൂർത്തിയാക്കുന്നത്. ഇത് പഞ്ചായത്തിന് വൻനഷ്ടം വരുത്തുന്നു. ഇതിന് പരിഹാരമായി പൊതുമരാമത്ത് പണികൾഏറ്റെടുത്ത് കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. വ്യത്യസ്ഥമേഖലകളിൽ സംഘങ്ങൾ രൂപീകരിച്ചാൽ കൂടുതൽ തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുകയും പഞ്ചായത്തിനെ പുരോഗതിയിലെത്തിക്കുകയും ചെയ്യാം

പഞ്ചായത്തിൽ വിവിധ മേഖലകളുടെ പുരോഗതിക്കായി ഏകദേശം 500 ലക്ഷത്തോളം രൂപ ഈ രംഗത്ത് നിക്ഷേപിക്കേണ്ടതുണ്ട്. ഇത്രയും രൂപയുടെ മുതൽമുടക്കുവഴി ഏകദേശം 200 ലധികം പേർക്ക് പ്രത്യക്ഷമായും 500 ലധികം പേർക്ക് പരോക്ഷമായും തൊഴിൽ സാധ്യതയും ജനങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധിയും ലഭിക്കും ഈ ഗ്രാമത്തിന്റെ എല്ലാ രംഗങ്ങളിലുമുള്ള പുരോഗതിക്ക് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയുന്ന പ്രസ്ഥാനമെന്ന നിലക്ക് ചെറിയമുണ്ടം പഞ്ചായത്തിൽ സഹകരണ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളാണ് ഈ വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## കാർഷിക വായ്പാ സംഘങ്ങൾ

| No | സംഘത്തിന്റെ പേര് | പ്രവർത്ത ആരംഭിച്ച വർഷം | പ്രവർത്ത പരിധി | വ്യക്തി അംഗസംഖ്യ | ഓഹരി മൂലധനം | | | വായ്പകൾ | | ലാഭമോ നഷ്ടമോ | | ജീവനക്കാർ | | പ്രവർത്ത മൂലധനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെറിയമുണ്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം ന. ഡി. 1974 | 1968 | ചെറിയമുണ്ടം പഞ്ചായത്ത് | | | കടം | നിക്ഷേപം | കാർഷികം | കാർഷികേതരം | ലാഭം | നഷ്ടം | സ്ഥിരം | മറ്റുള്ളവ | 5924 |
| | | | | 3391 | 355 | 1971 | 3691.5 | 312 | 4000 | - | 682 | 3 | 4 | |
| 2 | തിരൂർ കാർഷിക ഗ്രാമ വികസന ബാങ്ക് | | വിവരങ്ങൾ ലഭ്യമല്ല | | | | | | | | | | | |

# പട്ടിക ജാതി – പട്ടിക വർഗ്ഗക്ഷേമം

പഞ്ചായത്തിൽ 75 കുടുംബങ്ങളിലായി 500 ദാളം പേർ താമസിക്കുന്നു. അംഗീകൃത കോളനി കൾ ഇല്ലെങ്കിലും ഒമ്പതാം വാർഡിൽ 20 ഉം, 2-ാം വാർഡിൽ 7 ഉം കുടുംബങ്ങൾ കോളനികളാ യാണ് താമസിക്കുന്നത്. ബാക്കി 48 കുടുംബങ്ങൾ ഇടകലർന്ന് ജീവിക്കുന്നു.

വിദ്യാഭ്യാസ മേഖലകളിൽ വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിനു പഞ്ചായത്തിൽ ഈ വിഭാ ഗത്തിനു കഴിഞ്ഞിട്ടില്ല. ജാതി-മത വ്യത്യാസമി ല്ലാതെ എല്ലാവരും പൊതു ചടങ്ങുകളിൽ അന്യോന്യം സഹകരിക്കുന്നു. ഈ വിഭാഗത്തിന്റെ ഉയർച്ചക്ക് സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാ ത്തതു കൊണ്ട് ഭാഗികമായി മാത്രമേ അവയുടെ ഫലം ഇവരുടെ കൈകളിൽ എത്തുന്നുള്ളു.

90% ആളുകളും സാക്ഷരരാണ്. വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവന്നിട്ടില്ല. എസ്.എസ്.എൽ.സിക്ക് മുകളിൽ വിദ്യാഭ്യാസമു ള്ളവർ 10 ശതമാനത്തിൽ താഴെയാണ്. വിദ്യാ ഭ്യാസകാര്യത്തിൽ മാതാപിതാക്കൾ ബോധവാന്മാ രാണെങ്കിലും കുട്ടികളുടെ പഠനനിലവാരം മോശ മാണണ്. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതാണ്. പട്ടിക ജാതി കുടുംബങ്ങൾ ഭൂരിഭാഗവും കാർഷിക മേഖലയിലും നിർമ്മാണ പ്രവർത്തന ത്തിലും (ചെങ്കല്ല് വെട്ട്) ഏർപ്പെട്ട് വരുന്നു. വയ ലുകൾ മണ്ണിട്ടു നികത്തി വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിനാൽ കാർഷിക വൃത്തി ചെയ്യുന്ന വരുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു.

ചെങ്കല്ല് വെട്ട് മേഖലയിലെ യന്ത്രവൽക്കര ണവും ഇറക്കുമതിയും കാരണം നിർമ്മാണ മേഖ

ലയിലും തൊഴിൽ സാധ്യത കുറയുന്നു. സ്ത്രീ തൊഴിലാളികളുടെ കൈത്തൊഴിലായിരുന്ന പായ നെയ്ത്ത് കൈതോലയുടെ ദൗർലഭ്യം കാരണം പ്രതിസന്ധിയിലാണ്. അതുകൊണ്ട് പുതിയ തല മുറ ഈ രംഗത്തേക്ക് ആകർഷിക്കപ്പെടുന്നില്ല. പാർപ്പിട പ്രശ്നം ഒരു പരിധി വരെ പരിഹരിക്ക പ്പെട്ടിട്ടുണ്ട്. എന്നാൽ പകുതിയോളം വരുന്ന കുടുംബങ്ങൾ കൂട്ടുകുടുംബങ്ങളായി താമസിക്കു ന്നവരാണ്. വീടു വെയ്ക്കാൻ ഭൂമിയില്ലാത്തതും സർക്കാർ ധനസഹായത്തിന്റെ അപര്യാപ്തതയു മാണ് കാരണം. പകുതിയോളം വീടുകളിൽ കക്കൂസ് ഇല്ല. ഇരുപതോളം വീടുകളിലാണ് വൈദ്യുതിയുള്ളത്. എന്നാൽ അവർ വോൾട്ടേജ് പ്രശ്നത്തെ നേരിടുകയാണ്. മേൽ സൂചിപ്പിച്ച അംഗീകാരമില്ലാത്ത കോളനികളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്.

1960 ൽ രൂപീകരിച്ച ഹരിജൻ സഹകരണ സംഘം അന്ന് ആ വിഭാഗത്തിന് വലിയ ഉപയോ ഗപ്രദമായിരുന്നു. പിന്നീട് പ്രവർത്തനം ഇല്ലാതാ വുകയും ഇന്ന് തീർത്തും നിശ്ചലമാവുകയും ചെയ്തു. ഈ സംഘം പ്രവർത്തനക്ഷമമാക്കി ഈ വിഭാഗത്തിന് ഉപകാരപ്രദമാക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. പൂർണ്ണമായി വിദ്യാഭ്യാസ പുരോഗതി കൈവ രിച്ചിട്ടില്ല. ഭൂരിഭാഗം പേരുടെയും പഠനനിലവാരം ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് താഴെയാണ്.

2. തൊഴിൽമേഖല ചുരുങ്ങുന്നു. കാർഷിക മേഖലയിലേക്ക് പുതിയ തലമുറ കടന്നു വരുന്നി ല്ല. ജീവിതം പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

3. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടി ല്ല. വീട് വെയ്ക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ നല്കുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർ ത്തീകരിക്കാൻ കഴിയുന്നില്ല.

4. പ്രാഥമിക സൗകര്യം പൂർണ്ണമല്ല.

5. കുടിവെള്ള പ്രശ്നം രൂക്ഷമാണ്. വൈദ്യു തിയില്ല.

6. പൊതു ശ്മശാനമില്ല

7. ആരോഗ്യ സംരക്ഷണം തൃപ്തികരമല്ല

8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

9. ഐ.ആർ.ഡി.പി. പദ്ധതികളും മറ്റു പദ്ധതി കളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

## സാദ്ധ്യതകൾ

1. 5-ാം ക്ലാസ്സ് മുതൽ സൗജന്യ ട്യൂഷൻ നല്കാൻ പദ്ധതി ആവിഷ്കരിക്കുക. വിദ്യാഭ്യാസ പുരോഗതിക്ക് ബോധവത്കരണം നടത്തുക.

2. പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലനം നല്കുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

3. യുവാക്കൾക്ക് സഹകരണ രംഗത്തോ, മറ്റു മേഖലകളിലോ മതിയായ തൊഴിൽ സംരംഭം തുട ങ്ങാൻ സഹായം നൽകുക.

4. ജനപങ്കാളിത്തത്തോടെ മിനി ജലസേചന പദ്ധതികൾ നടപ്പിലാക്കുക.

## പട്ടികജാതി ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുക. യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷി ക്കാൻ ബോധവൽക്കരണം നടത്തുക.

2. വീടു നിർമ്മാണത്തിനു ധനസഹായം വർദ്ധി പ്പിക്കുക.

3. ഭൂമിയില്ലാത്തവർക്ക് ഭൂമിക്കും വീടിനും സഹായം നൽകുക.

4. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾക്കും പലിശരഹിത വായ്പ ലഭ്യമാക്കുക.

5. വൈദ്യുതീകരിക്കാത്ത വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക.

6. കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം വർദ്ധിപ്പിക്കുക.

7. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക-വോൾട്ടേജ് പ്രശ്നം പരിഹരിക്കുക.

8. പറമ്പുകളിലൂടെ കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ ഇടവഴികളിലേക്ക് മാറ്റി സ്ഥാപിക്കുക.

9. കോളനികളിലേക്ക് ശുദ്ധജലം ലഭ്യമാക്കുക

10. ഇരിങ്ങാവൂരിലെ പട്ടിക ജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനമേഖല പഞ്ചായത്ത് മുഴുവൻ വ്യാപിപ്പിക്കുക. സഹകരണസംഘം തുറന്നു പ്രവർത്തനക്ഷമമാക്കാൻ വേണ്ട സഹായങ്ങൾ നല്കുക.

11. പൊതു ശ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക. അന്യാധീനപ്പെട്ട ഹരിജൻ ശ്മശാനം വീണ്ടെടുക്കുക.

12. കോളനികളിൽ ടി.വി. സെറ്റ് സ്ഥാപിക്കുക.

13. നിർധന കുടുംബങ്ങളിലെ അംഗങ്ങൾക്കും പെൺമക്കളുടെ വിവാഹത്തിനും സാമ്പത്തിക സഹായം നൽകുക.

14. പദ്ധതികൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ പഞ്ചായത്ത് തല സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനമുണ്ടാക്കുകയും ചെയ്യുക.

15. ഐ.പി.പി. സെന്ററുകൾ ഡിസ്പെൻസറികൾ ആക്കി മാറ്റുക.

16. വിവധ ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക-നിബന്ധനകൾ ലഘൂകരിക്കുക.

17. ഹരിജന ക്ഷേമ വകുപ്പും പട്ടിക ജാതി കോർപ്പറേഷനും നടപ്പാക്കുന്ന പല പദ്ധതികളും ഈ വിഭാഗത്തിന് ലഭ്യമാവണമെങ്കിൽ പദ്ധതി വ്യവസ്ഥകൾ ലഘൂകരിക്കണം.

18. കുടിൽ വ്യവസായങ്ങൾക്ക് ധനസഹായം നല്കുക.

19 അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് ബോധവത്കരണം നടത്തി സഹായം നല്കുക.

20. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഇരിങ്ങാവൂർ ഓട്ടുകരപ്പുറം 11KV ലൈനിൽ നിന്നും ബാലവാടി റോഡു വഴി 11 KV ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കു.

21. തലക്കടത്തൂർ (പടിഞ്ഞാക്കര), ഇരിങ്ങാവൂർ എന്നീ പട്ടിക ജാതി വാസ സ്ഥലങ്ങൾ അംഗീകൃത കോളനികളാക്കുക.

# വിഭവ സമാഹരണം

ഏതൊരു നാടിന്റെയും പുരോഗതി അഥവാ വികസനം ആ പ്രദേശത്തിന്റെ സാമ്പത്തിക ഭദ്രതയെ ആശ്രയിച്ചാണല്ലോ നില കൊള്ളുന്നത്.

എന്നാൽ ചെറിയമുണ്ടം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിന്റെ വരുമാനം കൊണ്ട് മാത്രം വികസന പ്രവർത്തനങ്ങൾ സാധിച്ചിട്ടില്ല എന്ന യഥാർത്ഥ്യം നമ്മുടെ ഇന്നുവരെയുള്ള പഞ്ചായത്തിന്റെ വരവ് ചിലവ് കണക്കുകൾ വ്യക്തമാക്കുന്നു.

ഈ പഞ്ചായത്തിന്റെ കാര്യമായ വരുമാനമാർഗ്ഗം കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയാണ്. വിനോദനികുതിയിനത്തിലോ വൻകിട വ്യവസായങ്ങൾ വഴിയോ യാതൊരു വരുമാനവും ഈ പഞ്ചായത്തിനില്ല. ജില്ലയിലെ പ്രധാന പട്ടണമായ തിരൂർ ഈ പഞ്ചായത്തിനോട് തൊട്ടുരുമ്മി കിടക്കുന്ന ഈ പഞ്ചായത്തിൽ പെട്ട ബഹുഭൂരിപക്ഷം വരുന്ന ഉപഭോക്താക്കൾ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതു മുതൽ സിനിമാ, കലാ സ്പോർട്സ് മുതലായ വിനോദങ്ങൾ ആസ്വദിക്കാൻ വരെ തിരൂർ പട്ടണത്തെയാണ് ആശ്രയിക്കുന്നത് അതിനാൽ ഇവിടെ പുതിയ കച്ചപട സ്ഥാവനങ്ങളോ ചെറുകിട വ്യവസായ സ്ഥാ◌ുനങ്ങളോ സിനിമാശാലകളോ ആരംഭിക്കാൻ ആരും തന്നെ മുന്നോട്ടു വരുന്നില്ല നിലവിലുള്ള കച്ചവടസ്ഥാപനങ്ങൾക്കും ചെറുകിട സ്ഥാപനങ്ങൾക്കും ഒരു പുരോഗതിയും കാണാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഇതെല്ലാം പഞ്ചായത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നു. വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമായി നിൽന്നതും ഈ സാമ്പത്തിക പരാധീനത തന്നെയാണ് സ്പോർട്ട്സിലും കലയിലും തൽപരരായ ഒട്ടേറെ യുവാക്കൾ ഈ പഞ്ചായത്തിലുണ്ട് അവരുടെ വളർച്ചക്കാവശ്യമായ കളിസ്ഥമോ, സാംസ്ക്കാരിക കേന്ദ്രങ്ങളോ ഇവിടെ സ്ഥാപിക്കാൻ സാധിച്ചിട്ടില്ലന്നതു വളരെ ലജ്ജാവഹമായ വസ്തുതയാണ്. 1956 ൽ രൂപം കൊണ്ട ചെറിയമുണ്ടം പഞ്ചാ

യത്തിന് 40 വയസ്സ് തികഞ്ഞിരിക്കുകയാണ്. ഓരോ ഗ്രാമത്തിലേക്കും വികസനം കടന്നു ചെല്ലണമെങ്കിൽ ഗതാഗതയോഗ്യമായ ഗ്രാമീണ റോഡുകൾ ആവശ്യമാണ് ജലസേചനത്തിനുതകുന്ന കുളങ്ങളും കിണറുകളും അറ്റകുറ്റ പണികൾ ചെയ്യാനാകാതെ നശിച്ചുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം കാരണം ഇവിടത്തെ സാമ്പത്തിക പരാധീനതയാണെന്ന് നമ്മുടെ വരവ് ചെലവ് കണക്കുകൾ നോക്കിയാൽ മനസ്സിലാവുന്നതാണ്. കഴിഞ്ഞ അഞ്ചു വർഷത്തെ പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ ഇവിടെ ഉദ്ധരിക്കുന്നു.

നമ്മുടെ നാട്ടിൽ ഗൾഫ് വരുമാനത്തിന്റെ ആധിക്യം ആർഭാട ജീവിതം നയിക്കുന്നതിന് നല്ലൊരു ശതമാനം ജനങ്ങൾക്കും പ്രേരണയാകുന്നു. അവരിൽ ഭൂരിഭാഗവും തങ്ങളുടെ വരുമാനത്തിന്റെ മുഖ്യ പങ്കും കൊട്ടാര സദൃശ്യമായ വീടുകൾ കെട്ടുന്നതിനും മറ്റും ചെലവഴിക്കുന്നത് തങ്ങൾക്ക് നേട്ടമുണ്ടാവുന്നതോടൊപ്പം പഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും

വരുമാനത്തിന്റെ വ്യതിയാനം(പട്ടിക- 1)

| No | ഇനം | 91-92 | 95-96 | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|
| 1 | തൊഴിൽ നികുതി | 55,219 | 53,655 | -1564 | 2.83 |
| 2 | കെട്ടിട നികുതി | 15.357 | 2,86,492 | 1,33,135 | 86.81 |
| 3 | വിനോദ നികുതി | ഇല്ല | ഇല്ല | - | - |
| 4 | നികുതിയേതര വരുമാനം | - | - | - | - |
| 5 | പരസ്യ നികുതി | 234 | - | - | - |
| 6 | സ്റ്റാമ്പ് ഡ്യൂട്ടി | 181790 | 94006 | 87784 | 23.38 |
| 7 | അടിസ്ഥാന നികുതി | 13.381 | 18,104 | 4.723 | 35.29 |
| 8 | ഉപാധിരഹിത ഫണ്ട് | 1,57,800 | 2,14,000 | 56,200 | 35.61 |
| 9 | വി.ട്ടി.സി. ഗ്രാന്റ് | 5,025 | 56,552 | 51527 | 102.5 |
| 10 | വി.ആർ.എം. ഗ്രാന്റ് | 9,250 | 10,518 | 1,268 | .12.05 |
| 11 | ഡിപ്പോസിറ്റുകൾ | 11,925 | 8,934 | -2991 | 25.08 |
| 12 | കച്ചവടത്തിനുള്ള ലൈസൻസ് | 5293 | 5588 | 295 | .5.27 |

| | പട്ടിക 2 | | | | |
|---|---|---|---|---|---|
| No | ഇനം | 91-92 | 95-96 | വ്യത്യാസം | ശതമാനം |
| 1 | എസ്റ്റാബ്ളിഷ്മെന്റ് | 2,95221 | 4,54,772 | 1,59,551 | (-) |
| 2 | പൊതുമരാമത്ത് | 1,52,436 | 37,669 | 1,14767 | (-) |
| 3 | മറ്റുവികസന ചെലവുകൾ | ഇല്ല | ഇല്ല | ഇല്ല | (-) |
| 4 | വിദ്യാഭ്യാസം | 11,165 | 9776 | 1389 | (-) |
| 5 | ജലവിതരണം | 400 | 23189 | 22789 | (-) |
| 6 | ആരോഗ്യം | 30,183 | 750 | 29433 | (-) |
| 7 | തെരുവ് വിളക്ക് | 15,324 | 60369 | 45045 | |
| 8 | സാമൂഹ്യസേവനം | 500 | 76466 | 75966 | |

കൂടി ഉതകുന്ന വ്യവസായ സ്ഥാപനങ്ങളോ സാംസ്ക്കാരിക കേന്ദ്രങ്ങളോ സ്ഥാപിക്കുന്നതിനുള്ള ചിന്താഗതി ഇത്തരക്കാരിൽ കാണാൻ കഴിയുന്നില്ല എന്നത് ഈ നാട്ടിനെ സംബന്ധിച്ചിടത്തോളം ദുഖകരമായ അവസ്ഥയാണ്.

"അധികാരം ജനങ്ങളിലേക്ക് വികസനം ഗ്രാമതലത്തിൽ നിന്ന്" എന്ന നമ്മുടെ പുതിയ മുദ്രവാക്യം സാക്ഷാത്കരിക്കണമെങ്കിൽ ഈ ആശയം ഉൾക്കൊള്ളാൻ കഴിയുന്ന ജനനേതാക്കളും ജനതയും നമ്മൾക്കുണ്ടാവണം രാഷ്ട്ര പിതാവായ മഹാത്മജിയുടെ പഞ്ചായത്ത് രാജ് നടപ്പിലാക്കാൻ നമുക്ക് സാധിക്കണം.

ഇന്ന് നാം കാണുന്നത് ഓരോരുത്തരുടേയും വ്യക്തിതാൽപര്യങ്ങൾ സംരംക്ഷിക്കാനുള്ള പ്രവണതകളാണ്. അതു മാറ്റി വെച്ച് പൊതു താൽപര്യങ്ങൾക്ക് നാം മുൻഗണന കൊടുക്കേണ്ടിയിരിക്കുന്നു. ആയതിന് രാഷ്ട്രീയ, ജാതി, മത, വ്യത്യാസം മറന്ന് പ്രവർത്തിച്ചേ തീരൂ പഞ്ചായത്ത് തന്റേതാണെന്നുള്ള ചിന്തയും അതോടൊപ്പം നാടിനോടുള്ള കൂറും ഓരോ പൗരനും ഉണ്ടായിരുന്നാൽ ഈ പഞ്ചായത്തിന്റെ വിഭവ സമാഹരണം ഇന്നുള്ളതിൻ നിന്ന് പത്തിരട്ടി വർദ്ധിപ്പിക്കാൻ നമുക്ക് കഴിയും. അതോടൊപ്പം വികസനവും.

1. പഞ്ചായത്തിന്റെ പ്രധാന വരുമാനം കെട്ടിട നികുതിയിൽ നിന്നാണ്. എന്നാൽ നികുതി ചുമത്തുന്നതിൽ അപാകത കാണുന്നുണ്ട്. ഇവിടെ യുള്ള ഓരോ കെട്ടിടത്തിനും നിയമാനുസൃതമായ നികുതി ചുമത്തുകയാണെങ്കിൽ ഇന്നുള്ള വരുമാനത്തിന്റെ ഇരട്ടി ഈ ഇനത്തിൽ ലഭിക്കുന്നതായിരിക്കും. നിഷ്പക്ഷമായി നികുതി ചുമത്തുന്നതിന് ഒരു അസ്സസ്മെന്റ് കമ്മറ്റിയെ ചുമതലപ്പെടുത്തിയാൽ അത് പഞ്ചായത്തിന് വലിയ നേട്ടമായിരിക്കും കൂടാതെ പുതിയ കെട്ടിടങ്ങൾക്ക് റവന്യൂ ഡിപാർട്ട്മെന്റ് ചുമത്തി വരുന്ന നി

കുതിയും പഞ്ചായത്തിന് ലഭിക്കുന്നതി നുള്ള സംവിധാനം ഉണ്ടാകണം.

തലക്കടത്തൂർ മത്സ്യമാർക്കറ്റ് സ്ഥിതി ചെയ്യുന്ന 3 സെന്റ് സ്ഥലം പഞ്ചായത്തിന്റേ താണ്. ഇതിലൊരു രണ്ടുനിലക്കെട്ടിടമു ണ്ടാക്കി താഴെ മത്സ്യ കച്ചവടത്തിനും മുക ളിൽ കച്ചവടസ്ഥാപനങ്ങൾ നടത്തുന്നതിനു മായി കൊടുക്കാവുന്നതാണ്.

## ബാങ്ക് ഫൈനാൻസ്

നമ്മുടെ പഞ്ചായത്തിൽ രണ്ടു സഹ കരണ ബാങ്കുകളും ഫെഡറൽ ബാങ്കിന്റ ഒരു ശാഖയുമുണ്ട് ഈ ബാങ്കുകളിൽ നി ക്ഷേപങ്ങൾ കൂടുതലും വായ്പകൾ നൽകുന്നത് കുറവുമാണ് പഞ്ചായത്തു കൾക്ക് വായ്പയെടുക്കുവാനുള്ള സാധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട് ഗ്രാമസ ഭകളോ പഞ്ചായത്തുകളോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാ ങ്കുകൾ ബാധ്യസ്ഥരാകണം. ഇതിനാവ ശ്യമായ നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടി യിരിക്കുന്നു.

ഗവർമെന്റിൽ നിന്നും പലവിധ ഗ്രാന്റു കൾ ലഭിക്കുന്നതിനാലാണ് പഞ്ചായത്തിന്റെ ഭരണം നടക്കുന്നത്. ഈ ഗ്രാന്റുകൾ ലഭിക്കു ന്നതിന് ഇപ്പോൾ ഭരണാധികാരികളെ സ്വാ ധീനിക്കേണ്ട നിലയാണുള്ളത് അനുവദി ന്ന ഗ്രാന്റുകൾ അതാതു സമയത്ത് പഞ്ചായ ത്തിന് ലഭിക്കുന്നില്ല വളരെ കാലതാമസം വരുന്നു ഉദാഹരണമായി സ്റ്റമ്പ് ഡ്യൂട്ടി, വെ ഹിക്കിൾ ടാക്സ് ഗ്രാന്റ് എന്നിവ വർഷ ങ്ങൾ കഴിഞ്ഞാണ് ലഭിച്ചു കൊണ്ടിരിക്കു ന്നത്. ഇത് ഫണ്ടിന്റെ കൈകാര്യത്തിൽ വി വേചനത്തിനും ദുരുപയോഗത്തിനും ഇടവ രുത്തുന്നു. ഗ്രാന്റുകൾ അനുവദിക്കുന്നതു പഞ്ചായത്തിന്റെ ജനസംഖ്യയും വിസ്തൃതി യും മാനദണ്ഡമാക്കിയായിരിക്കണം. പഞ്ചാ യത്തിന്റേതായി 14.26 ഏക്കർ തരിശുഭൂമി സ്വന്തമായി ഉണ്ട്. ഈ സ്ഥലത്ത് മുന്തിയ ഇനം കശുവണ്ടി കൃഷി നടത്തിയാൽ നാലോ അഞ്ചോ വർഷം കഴിഞ്ഞാൽ പഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപ വരുമാനമായി ഉണ്ടാക്കാം ഇതിന്റെ ചെലവിലേക്ക് കൃഷിഡി പ്പാർട്ട് മെന്റിൽ നിന്നും ബന്ധപ്പെട്ട മറ്റു ഡി പ്പാർട്ടുമെന്റിൽ നിന്നും ബാങ്കുകളിൽ നിന്നും സഹായമഭ്യർത്ഥിക്കാവുന്നതാണ്.

അയിരത്തിലേറെ ഗൾഫ് ജോലിക്കാർ ഈ പഞ്ചായത്തിലുണ്ട് ഇവരിൽ നിന്നും പഞ്ചായത്തിന്റെ വികസനത്തിനായി ഫണ്ട് സ്വരൂപിക്കാവുന്നതാണ്. കൂടാതം വ്യവസായ സ്ഥാപനങ്ങളിൽ ഗൾഫുകാരെ പങ്കാളികളാ ക്കാനുള്ള സംവിധാനവും വേണം. റേഡിേ യാ, ടി. വി. എന്നിവ ഇന്ന് അവശ്യ വസ്തു ക്കളാണ് എന്നാൽ ഡിഷ്. ആന്റിന സ്ഥാപന ങ്ങളിൽ നിന്നും വരിക്കാരിൽ നിന്നും നി കുതി ഈടാക്കണം.

ചെറിയമുണ്ടം പഞ്ചായത്തിൽപ്പെട്ട തല ക്കടത്തൂർ അങ്ങാടിയിലെ പ്രധാന കച്ചവടം അടക്ക കശുവണ്ടി, തേങ്ങ, കാലിച്ചാക്ക്, മുത ലായവയാണ്. പഞ്ചായത്തിന്റെ ചുറ്റുപാടു മുള്ള പ്രദേശങ്ങളിൽ നിന്നും മേൽപറഞ്ഞ സാധനങ്ങൾ ഇവിടെ വന്നുതകൊണ്ടിരി ക്കുന്നു. കൂടാതെ ജില്ലക്ക് അകത്തും പുറ ത്തുനിന്നും കാലിച്ചാക്ക് ലോഡ് കണക്കിന് ഇവിടെയെത്തി കേടുപാടുകൾ തീർത്ത് മറ്റു നാടുകളിൽ എത്തിക്കുന്നു. ഈ തൊഴിലു മായി ബന്ധപ്പെട്ട് ആയിരത്ത്ലേറെ തൊഴി ലാളികൾ ജോലി ചെയ്യുന്നുണ്ട്.

അടക്ക കശുവണ്ടി, തേങ്ങ, കാലിച്ചാക്ക്. എന്നിവ കച്ചവടം ചെയ്യുന്നവരിൽ നിന്നും ശരിയായ കണക്കുകൾ ശേഖരിക്കാൻ പറ്റി യാൽ ഇന്നുള്ള തൊഴിൽ നികുതിയുടെ പത്തിരട്ടി ഇവരിൽ നിന്നും ഈടാക്കാവുന്ന താണ്

# ഉപസംഹാരം

ലക്ഷക്കണക്കിലുള്ള ഗ്രാമീണ ജനതയെ അഭിവൃദ്ധിയിലേക്ക് നയിക്കുക എന്നത് ശ്രമകരമായ ജോലിയാണ്. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തെ ആശ്രയിക്കുന്ന നമ്മുടെ കീഴ്‌വഴക്കമാണ് വികസന രംഗത്തെ മുരടിപ്പിന് യഥാർത്ഥ കാരണം. ഉദ്യോഗസ്ഥർ വിദഗ്ധരാണെന്നത് നേരു തന്നെ. പക്ഷെ വികസനമെന്ന നമ്മുടെ അഭിലാഷം പൂവണിയണമെങ്കിൽ, ജനങ്ങൾ ഉത്തരവാദിത്വങ്ങൾ സ്വയം ഏറ്റെടുക്കണം അധികാരം ജനങ്ങളിലേക്ക് കൈമാറണം. രാഷ്ട്രപിതാവിന്റെ സ്വപ്നവും അതായിരുന്നു.

വികസനത്തോടുള്ള നമ്മുടെ സമീപനത്തിലും മാറ്റം വരണം. റോഡ്, പാലം, കുടിവെള്ളം, അഴുക്ക്ചാൽ എന്നിവയെ വികസനത്തിന്റെ അടിസ്ഥാനമായി കണ്ടു കൂടാ. വികസനമെന്നാൽ കാർഷിക വ്യവസായിക മഖലകളിലെ ഉല്പാദനവർദ്ധനവും തദനുസരണമായി സേവന തുറകളിലെ വികസനവുമാണെന്ന ശാസ്ത്രീയ കാഴ്ചപ്പാട് നമുക്കുണ്ടാവണം.

ഗ്രാമ പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ സങ്കുചിത താത്പര്യങ്ങൾക്കുപരി വസ്തു നിഷ്ഠമായ തെളിവിന്റെ അടിസ്ഥാനത്തിലുള്ള അവകാശ വാദങ്ങളും തീരുമാനങ്ങളും ഉണ്ടാവണം. വിഭവഭൂപടങ്ങൾ സർവ്വെ റിപ്പോർട്ടുകൾ എന്നിവ വികസന പ്രക്രിയകൾക്ക് വസ്തു നിഷ്ഠമായ അടിത്തറ നൽകുന്നു.

ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങൾ പദ്ധതികളായി രൂപപ്പെടുത്തുമ്പോൾ ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമം നിർണ്ണയിക്കണം. സർക്കാരിൽ നിന്നു ലഭിക്കുന്ന 40% പദ്ധതി വിഹിതത്തിനു പുറമെ സർക്കാരേതര ഏജൻസികളിൽ നിന്നും പരമാവധി ഫണ്ട് ശേഖരിക്കാൻ കഴിയണം. സന്നദ്ധ സംഘടനകളെ വികസന പ്രക്രിയയിലേക്ക് ആകർഷിച്ചെടുക്കണം.

കേന്ദ്രീകൃത ആസൂത്രണമെന്നത് കാലഹരണപ്പെട്ട ആശയമാണ്. ജനകീയാസൂത്രണം ജനാധിപത്യപരവും ആരോഹണക്രമത്തിലുള്ളതുമാണ്. പ്രതിവർഷം പദ്ധതി നടത്തിപ്പിനായി ഒരു ഗ്രാമപഞ്ചായത്തിന് ലഭിക്കാനിടയുള്ള തുക 72.9 ലക്ഷമാണെന്ന അറിവ് വികസനത്തെപ്പറ്റിയുള്ള നമ്മുടെ സ്വപ്നങ്ങൾക്ക് നിറം ചാർത്തുന്നു.

ജനകീയാസൂത്രണ പ്രക്രിയയിൽ വിഭാഗീയതകൾക്ക് സ്ഥാനമില്ല. കക്ഷിരാഷ്ട്രീയത്തിനു പകരം വികസനത്തിന്റെ രാഷ്ട്രീയം വളർന്ന് വന്നാൽ ജാതി, മത, വർഗ്ഗ വ്യത്യാസങ്ങൾ മറന്ന് മാനവികതയുടെ സന്ദേശമുയർത്തിപ്പിടിച്ചാൽ, മാനവശേഷി കെട്ടഴിച്ച് വിട്ടാൽ, വികസനരംഗത്ത് ഒരു കുതിച്ച് ചാട്ടം നടത്താൻ നമ്മുടെ ഗ്രാമ പഞ്ചായത്തിനും കഴിയും. ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ നമ്മുടെ ഈ പ്രതീക്ഷ സഫലീകരിക്കാൻ കഴിയട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച്കൊണ്ട് ചെറിയമുണ്ടം ഗ്രാമപഞ്ചായത് വികസനസെമിനാറിൽ ഈ 'സമഗ്ര വികസനരേഖ' സമർപ്പിക്കുന്നു. സമഗ്രമായ. ചർച്ചയുടെയും വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ ഈ രേഖ നമുക്ക് പരിഷ്കരിക്കാം.



115

# വികസന രേഖ തയ്യാറാക്കിയവർ

1. **സാമൂഹിക സാംസ്കാരിക ചരിത്രം**
ശ്രീ. കെ. സുകുമാരൻ
ശ്രീ. എൻ. സുലൈമാൻ

**അഭിമുഖം നടത്തിയവർ**
ശ്രീ. മാധവൻ മാസ്റ്റർ. എ
ശ്രീ. സി. അസൈനാർ മാസ്റ്റർ
ശ്രീ. ഒ.പി.കൃഷ്ണൻകുട്ടി വൈദ്യർ
ശ്രീ. എം. രാവുണ്ണിക്കുട്ടി നായർ
ശ്രീ. പി.എച്ച്. കോയക്കുട്ടി
ശ്രീ. എം. മൊയ്തീൻ മാസ്റ്റർ

2 **ഭൂപ്രകൃതി-ജനപ്രകൃതി-ജലപ്രകൃതി**
ശ്രീ. പി. സെയ്താലി
ശ്രീ. എം.രാവുണ്ണിക്കുട്ടി നായർ
ശ്രീ. പി.പി. മൂസക്കുട്ടി
ശ്രീ. ആർ.പി. മാർട്ടിൻ

3 **കൃഷിയും ജലസേചനവും**
ശ്രീ. എം.ടി.കുഞ്ഞിമൊയ്തീൻകുട്ടി ഹാജി
ശ്രീ. ഗോവിന്ദൻകുട്ടി. സി.പി.
ശ്രീ. ഭാസ്കരൻ മാസ്റ്റർ
ശ്രീ. സി.പി. അബൂബക്കർ
ശ്രീ. കെ. ഇസ്മായിൽ
ശ്രീ. കെ. സെയ്തു ഹാജി

4 **മൃഗസംരക്ഷണവും മത്സ്യബന്ധനവും**
ശ്രീ. എം. കമ്മുക്കുട്ടി
ശ്രീ. വി.പി. നാരായണൻ
ശ്രീ. കെ. സെയ്തലവി
ശ്രീ. സി.പി. ഹരിദാസൻ

5 **വ്യവസായം**
ശ്രീ. പി. അവറാൻ ഹാജി
ശ്രീ. സി. മുഹമ്മദ് കുട്ടി
ശ്രീ. പി.പി. മൂസക്കുട്ടി

6 **വിദ്യാഭ്യാസം**
ശ്രീമതി. എം. കുഞ്ഞിപ്പാത്തുട്ടി
ശ്രീ. സി. ഭാസ്കരൻ മാസ്റ്റർ
ശ്രീ. കെ. ആർ. സുകുമാരൻ മാസ്റ്റർ
ശ്രീ. എൻ. ഉണ്ണികൃഷ്ണൻ മാസ്റ്റർ
ശ്രീ. ശശിധര കണിയാർ
ശ്രീ. ഉണ്ണികൃഷ്ണപിള്ള. എൻ
ശ്രീ. മൂസമാസ്റ്റർ.പി

7 **കുടിവെള്ളവും പൊതുജനാരോഗ്യവും**
ശ്രീ. പി. സെയ്താലി
ശ്രീ. പി. രാവുണ്ണി
ശ്രീമതി. നഫീസാ ബീവി. സി
ശ്രീ. കുഞ്ഞിരാമൻ നായർ

8 **ഗതാഗതം-ഊർജ്ജം-മാർക്കറ്റ്**
ശ്രീ. കെ. സെയ്തു ഹാജി
ശ്രീ. പി.എച്ച്. ഹൈദർ
ശ്രീ. എം. അബ്ദുസമദ്
ശ്രീ. എം. ഹൈദർ
ശ്രീ. കെ.എം. സെയ്താലി

8 **പാർപ്പിടവും സാമൂഹ്യക്ഷേമവും**
ശ്രീമതി. സി.ടി. കുഞ്ഞായിഷ
ശ്രീ. എം. രാവുണ്ണിക്കുട്ടിനായർ
ശ്രീ. ഹാരിദ്കുട്ടി
ശ്രീ. സി.പി. ഗോവിന്ദൻ
ശ്രീമതി. ജാനകി
ശ്രീമതി. ഭാരതി.കെ
ശ്രീ. നാസർ. പി.പി.

10 **സംസ്കാരം**
ശ്രീമതി. എൻ ലക്ഷ്മിക്കുട്ടി അമ്മ
ശ്രീ. കെ. ആർ. സുകുമാരൻ മാസ്റ്റർ
ശ്രീ. ശശി മാസ്റ്റർ. സി.പി.

11 **വനിതാക്ഷേമം**
ശ്രീമതി. സി.കെ. റസിയ
ശ്രീമതി. എൻ. ലക്ഷ്മിക്കുട്ടി അമ്മ
ശ്രീമതി. എൻ.വി. ശാരദ
ശ്രീ. എ.പി. വിജയൻ
ശ്രീ. ഇ.കെ. അലി

12 **സഹകരണം**
ശ്രീ. പി. അവറാൻ ഹാജി
ശ്രീ. സി.ടി. ഹുസൈൻ
ശ്രീ. വി.പി. മുഹമ്മദ് ഇസ്മായിൽ

13 **പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം**
ശ്രീ. എൻ. വി. ഉണ്ണികൃഷ്ണൻ
ശ്രീ. ശ്രീനിവാസൻ
ശ്രീ. എൻ.വി. ബാലകൃഷ്ണൻ

14 **വിഭവസമാഹരണം**
ശ്രീമതി. എം കുഞ്ഞിപ്പാത്തുട്ടി
ശ്രീ. കെ. മുഹമ്മദ്
ശ്രീമതി. വി.ജെ. ആനി
ശ്രീ. ജോസഫ് സാമുവൽ

W... 113

# അധികാരം ജനങ്ങളിലേക്ക്

## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക്

◆

ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്

◆

ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം

◆

പഞ്ചായത്ത് രാജ്-നഗരപാലിക സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമ സഭകൾ

◆

ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്

◆

ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണി ചേരുന്നു

◆

വികസന സെമിനാറുകൾ, പരിശീലന ക്ലാസ്സുകൾ

◆

വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ

◆

ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി